# സമകാലിക ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

മേയ് 1, 2015 പുസ്തകം 1 ലക്കം 9

May1, 2015 Volume1 Issue 9

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ.എ.എസ്.**

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**സന്തോഷ് കുമാർ എ.എസ്.**

എഡിറ്റർ
**നാഫിഹ് എം.**

അസിസ്റ്റന്റ് എഡിറ്റേഴ്സ്
**അരുൺ എസ്.എസ്.**

**രാജേഷ് സി.**

ട്രാൻസ്‌ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **കെ. സുരേഷ്കുമാർ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **കിരൺ റാം,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.ആർ. സന്തോഷ്,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **സി. അജോയ്,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ.ടി. ശേഖരൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി



**വരിക്കാരാകാൻ:** ***സമകാലിക ജനപഥം*** തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാംനില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**

എഡിറ്റർ, സമകാലിക ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471-2517036**


## മുഖക്കുറിപ്പ്

# നാൽപതാണ്ടിന്റെ ഊർജം പകർന്ന നാലു സംവത്സരം

വികസിത രാജ്യങ്ങളെ വിസ്മയിപ്പിക്കുന്ന കരുത്തോടെ പല മേഖലകളിലും കുതിച്ചുയർന്ന ചരിത്രമാണ് കേരളത്തിന്റേത്. ആരോഗ്യം വിദ്യാഭ്യാസം തുടങ്ങിയ സേവനമേഖലകളിൽ കൈവരിച്ച തിളക്കമാർന്ന നേട്ടങ്ങൾ നമുക്ക് ലോകശ്രദ്ധ നേടിത്തന്നിട്ടുണ്ട്. അതേസമയം അടിസ്ഥാന സൗകര്യ വികസന രംഗത്ത് തത്തുല്യമായ മുന്നേറ്റം കാഴ്ചവയ്ക്കാൻ വൈകിയത് വികസിത കേരളം എന്ന ലക്ഷ്യത്തിലേക്കുള്ള നമ്മുടെ പ്രയാണത്തിൽ പ്രതിബന്ധമായിട്ടുണ്ട്. ലോകത്തിന്റെ മാറ്റങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ചുകൊണ്ട് ചങ്കൂറ്റത്തോടെ മുന്നേറാനുള്ള മാർഗം നമുക്ക് വെട്ടിത്തുറക്കേണ്ടതുണ്ട്. കേരള സർക്കാരിന്റെ കഴിഞ്ഞ നാലു വർഷത്തെ ഭരണം കേരളത്തിന് പുതിയ ചരിത്രസൃഷ്ടിക്കുള്ള ഊർജം പകർന്നുവെന്നതാണ് അനിഷേധ്യവസ്തുത.

2016 ജൂണിൽ കൊച്ചി മെട്രോയുടെ ചൂളം വിളി ഉയരുമ്പോൾ, കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് വരുന്ന ഡിസംബർ 31 ന് ആദ്യ വിമാനം പറന്നുയരുമ്പോൾ, സ്മാർട്ട് സിറ്റിയുടെ ഒന്നാം ഘട്ടത്തിന് അടുത്ത മാസം തുടക്കമാവുമ്പോൾ ഏത് മലയാളിക്കാണ് അഭിമാനിക്കാതിരിക്കാനാവുക! ഇടുക്കി അണക്കെട്ടിനും (1973) നെടുമ്പാശ്ശേരി വിമാനത്താവളത്തിനും(1999) ശേഷം കേരളത്തിൽ വൻകിട പദ്ധതികൾ ഒന്നും വന്നില്ലെന്ന ചരിത്രം ഈ സർക്കാർ മൂന്നു വൻ പദ്ധതികൾക്ക് വഴിയൊരുക്കിക്കൊണ്ട് തിരുത്തിക്കുറിച്ചിരിക്കുകയാണ്. പ്രതിബന്ധങ്ങൾ ഒന്നൊന്നായി തരണം ചെയ്തുകൊണ്ട് വിഴിഞ്ഞം തുറമുഖനിർമാണത്തിന് കൂടി തുടക്കമാവുമ്പോൾ കേരളത്തിന്റെ വികസനക്കുതിപ്പിന് അത് പകരുന്ന ഊർജം കേവലം നാലാണ്ടുകളുടേതല്ല. അടിസ്ഥാന വികസന മേഖലയിൽ ഉണ്ടായിരിക്കുന്ന ഈ മുന്നേറ്റം കേരളത്തെ കുറിച്ച് ദേശീയതലത്തിലും ആഗോളതലത്തിലുമുള്ള ചിത്രം മാറ്റിവരയ്ക്കുമെന്ന കാര്യത്തിൽ സംശയമില്ല. സേവന മേഖലകളിൽ നാം നേരത്തേ കൈവരിച്ച നേട്ടങ്ങൾ അടിസ്ഥാന സൗകര്യ വികസനരംഗത്തെ പോരായ്മകൾ മൂലം ഇനിയും വഴി മുട്ടി നിൽക്കാൻ പാടില്ലെന്ന നമ്മുടെ സർക്കാരിന്റ നിശ്ചയദാർഢ്യമാണ് ഈ നേട്ടങ്ങൾക്ക് അടിത്തറ പാകിയത്.

ശാസ്ത്ര-സാങ്കേതിക രംഗത്തെ നേട്ടങ്ങളാണ് ആധുനിക ലോകത്തെ മുന്നോട്ടു നയിച്ചുകൊണ്ടിരിക്കുന്നത്. നമുക്ക് അവയോട് മുഖംതിരിച്ചു നിൽക്കുക സാധ്യമല്ല. കാര്യക്ഷമമായ ഭരണനിർവഹണത്തിനും സേവനങ്ങൾ വേഗത്തിൽ ജനങ്ങളിൽ എത്തിക്കുന്നതിനും സാങ്കേതിക നേട്ടങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ സർക്കാർ ബദ്ധശ്രദ്ധമാണ്. ഇ-ഗവേണൻസ് രംഗത്ത് നാം മറ്റു സംസ്ഥാനങ്ങളെക്കാൾ ബഹുദൂരം മുന്നിലാണ്. രാജ്യത്ത് ആകെയുള്ള 50 ഇ-ഡിസ്ട്രിക്ടുകളിൽ നമ്മുടെ 14 ജില്ലകളും ഉൾപ്പെടുന്നുവെന്നത് അന്തസ്സാർന്ന നേട്ടമാണ്. രാജ്യത്തെ ആദ്യ ഡിജിറ്റൽ സംസ്ഥാനമെന്ന ഖ്യാതി വൈകാതെ കേരളത്തെ തേടിയെടുത്തുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

കേരളത്തിന്റെ ആഭ്യന്തര ഉത്പാദന വളർച്ചാനിരക്ക് ദേശീയ ശരാശരിയേക്കാൾ മുന്നിലാണെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയും സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷനും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. വികസനവും കരുതലും എന്ന സന്തുലിതവും സമഗ്രവുമായ മുദ്രാവാക്യത്തോടെ മുന്നേറുന്ന സർക്കാർ സാമൂഹിക ശാക്തീകരണം, ആരോഗ്യം, വിദ്യാഭ്യാസം, വ്യവസായം, ഗ്രാമവികസനം തുടങ്ങിയ സമഗ്രമേഖലകളിലും കൈവരിച്ചിരിക്കുന്ന നേട്ടങ്ങളിലേക്ക് ഒരു വിഹഗവീക്ഷണം എന്ന നിലയിലാണ് ഈ ലക്കം സമകാലിക ജനപഥം പുറത്തിറക്കിയിരിക്കുന്നത്. വികസിത കേരളത്തിലേക്കുള്ള നമ്മുടെ പ്രയാണത്തിന് അമൂല്യമായ പിൻബലമാണ് കഴിഞ്ഞ നാലാണ്ടുകൾ പകർന്നിരിക്കുന്നതെന്ന് ഈ താളുകൾ വ്യക്തമാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**മിനി ആന്റണി**
ചീഫ് എഡിറ്റർ

സമകാലിക ജനപഥം

മേയ് 1, 2015




# ഉള്ളടക്കം


6
**കരുത്താർജിച്ച കേരളം**
ഉമ്മൻ ചാണ്ടി

12
**ഡിജിറ്റൽ കേരളം**
**സംരംഭകരുടെ സ്വപ്നതീരം**
പി.കെ. കുഞ്ഞാലിക്കുട്ടി







14
**വളർച്ചാ നിരക്ക് ദേശീയ**
**ശരാശരിക്കും മുകളിൽ**
കെ.എം. മാണി

16
**സ്വാശ്രയ കാർഷിക**
**സംസ്കാരത്തിലേക്ക്**
കെ.പി. മോഹനൻ

18
**വേതന ചട്ടങ്ങളിൽ ഭേദഗതി**
**തൊഴിലിടങ്ങളിൽ സുരക്ഷ**
ഷിബു ബേബിജോൺ


20
**അറുപതുലക്ഷം പേർക്കു കൂടി**
**ഒരു രൂപയ്ക്ക് അരി**
അനൂപ് ജേക്കബ്





22
**ആർജവമുള്ള ചുവടുകൾ;**
**ക്രമസമാധാനപാലനത്തിൽ കേരളം മാതൃക**
രമേശ് ചെന്നിത്തല

24
**ഊർജ സംരക്ഷണത്തിന്**
**ദേശീയ അംഗീകാരം**
ആര്യാടൻ മുഹമ്മദ്

26
**ഗ്രാമീണമേഖലയിൽ പുതിയ ഉണർവ്**
**പ്രവാസി സുരക്ഷയ്ക്ക് മുൻഗണന**
കെ.സി. ജോസഫ്

28
**വിദ്യാഭ്യാസ മേഖല**
**പുതിയ ഉയരങ്ങളിൽ**
പി.കെ. അബ്ദുറബ്ബ്

30
**ഹരിതസമൃദ്ധിക്ക് പങ്കാളിത്ത പരിപാലനം**
തിരുവഞ്ചൂർ രാധാകൃഷ്ണൻ

32
റവന്യൂ കയർ വകുപ്പുകളിൽ
കുതിപ്പിന്റെ നാളുകൾ
അടൂർ പ്രകാശ്



34
ജലസുരക്ഷയ്ക്ക് ബൃഹദ് പദ്ധതികൾ
പി.ജെ. ജോസഫ്

36
സാമൂഹിക മുന്നേറ്റത്തിന് കരുത്തുപകരാൻ
പാലക്കാട് മെഡിക്കൽ കോളേജ്
എ.പി. അനിൽകുമാർ

38
തീരങ്ങളിൽ നവപ്രതീക്ഷകൾ
കെ. ബാബു



40
സഹകരണ മേഖലയിൽ
അധിക നിക്ഷേപ സമാഹരണം
സി.എൻ. ബാലകൃഷ്ണൻ

42
ആധുനിക പാതകൾ, പാലങ്ങൾ
അടിസ്ഥാന സൗകര്യത്തിൽ മുന്നേറ്റം
വി.കെ. ഇബ്രാഹിം കുഞ്ഞ്

44
ഊരുകളിൽ സമൃദ്ധി
യുവത്വത്തിന് കൂടുതൽ കരുത്ത്
പി.കെ. ജയലക്ഷ്മി



46
പഞ്ചായത്തുകളിലൂടെ സദ്ഭരണം:
ഓരോ പൗരനും സാമൂഹികനീതി
എം.കെ. മുനീർ



48
പിഴവില്ലാത്ത ആസൂത്രണം;
നഗരങ്ങൾക്ക് പുതിയ മുഖം
മഞ്ഞളാംകുഴി അലി

50
പ്രതാപത്തിന്റെ നെറുകയിൽ
ആരോഗ്യ മേഖല
വി.എസ്. ശിവകുമാർ

52
കേരളത്തിന്റെ മുഖഛായ
മാറ്റുന്ന പദ്ധതികൾ
കെ.എം. ചന്ദ്രശേഖരൻ

54
ഉന്നതവിദ്യാഭ്യാസം :
കേരളത്തിന്റെ ഭാവി ശോഭനം
ടി.പി. ശ്രീനിവാസൻ

56
പ്രവാസി ക്ഷേമ പ്രവർത്തനങ്ങളിൽ
കേരളസർക്കാർ ഒരു പടി മുന്നിൽ
ബെന്യാമിൻ

57
ഇ-ഗവേണൻസ്
ജനപ്രിയമായി
അച്യുത് ശങ്കർ എസ്. നായർ

രാജ്യത്തിനു മാതൃകയായ
ആരോഗ്യപദ്ധതികൾ
മിൻഹാജ് ആലം

58
സ്റ്റാർട്ട്അപ് വില്ലേജ്
ആഗോള ശ്രദ്ധയിലേക്ക്
ബിജു എൻ.ബി.

60
സാന്ത്വന വലയം തീർത്ത്
സാമൂഹ്യ സുരക്ഷാ മിഷൻ
ഡോ. അഷ്റഫ്


61
വനാശ്രിത സമൂഹത്തിന്റെ
ശാക്തീകരണം

62
ജനസമ്പർക്കം :
ചട്ടങ്ങളിൽ ഭേദഗതി വരുത്തും
രാജേഷ് സി.

ഉമ്മൻ ചാണ്ടി
മുഖ്യമന്ത്രി

# കരുത്താർജിച്ച കേരളം

യുഡിഎഫ് സർക്കാർ വികസനവും കരുതലുമെന്ന മുദ്രാവാക്യവുമായാണ് അധികാരത്തിലേറിയത്. ആ മുദ്രാവാക്യത്തോട് നൂറു ശതമാനം സത്യസന്ധത പുലർത്താൻ നാലു വർഷംകൊണ്ട് സാധിച്ചു എന്ന അഭിമാനത്തോടെയാണ് അഞ്ചാം വർഷത്തിലേക്കു കടക്കുന്നത്. ലക്ഷ്യത്തിലേക്കുള്ള പാതകൾ കഠിനമായിരുന്നു. പ്രതിസന്ധികൾ ഏറെയായിരുന്നു. വിവാദങ്ങളുയർന്നിട്ടുണ്ട്. എന്നാൽ, വ്യക്തമായ ആസൂത്രണത്തോടെ സർക്കാർ ലക്ഷ്യത്തിലേക്കു നീങ്ങുക തന്നെ ചെയ്തു. 20 മന്ത്രിമാരും ഏതാണ്ട് 117 വകുപ്പുകളും ചേർന്ന് ഒത്തൊരുമയോടെ പ്രവർത്തിച്ചതുകൊണ്ടാണ് വികസനവും കരുതലുമെന്ന ലക്ഷ്യത്തിലേക്ക് കുതിക്കാൻ സാധിച്ചത്.



കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയും സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷനും പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2011 മുതൽ 2015 വരെയുള്ള കാലയളവിൽ കേരളത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ വളർച്ചാനിരക്ക് ദേശീയ ശരാശരിയേക്കാൾ




ഇൻഫോപാർക്ക് രണ്ടാംഘട്ട സമർപ്പണം

ഉയർന്നതോതിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ കേരളത്തിന്റെ ധനസ്ഥിതിയെക്കുറിച്ചുള്ള വാർഷിക റിപ്പോർട്ടിൽ പറയുന്നു- “കഴിഞ്ഞ മൂന്നു വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ജിഎസ്ഡിപി (ആഭ്യന്തര ഉല്പാദനം) വളർച്ചാനിരക്ക് രാജ്യത്തിന്റെ ജിഎസ്ഡിപി (ആഭ്യന്തര ഉല്പാദനം) വളർച്ചാനിരക്കിനേക്കാൾ മെച്ചപ്പെട്ടതായിരുന്നു എന്നത് സംസ്ഥാനത്തിന്റെ മെച്ചപ്പെട്ട സാമ്പത്തിക പ്രവർത്തനത്തെ കാണിക്കുന്നു.” 2010-11 ൽ കേരളത്തിന്റെ വളർച്ചാനിരക്ക് 13.7% (ഇന്ത്യ: 18.66%), 2011-12ൽ 16.73% (ഇന്ത്യ: 15.7%) 2012-13ൽ 13.46% (ഇന്ത്യ: 11.88%), 2013-14ൽ 15.35 (ഇന്ത്യ: 11.54%).

കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഇതാദ്യമായി കാർഷിക അനുബന്ധ മേഖലകളിലും കുതിപ്പു രേഖപ്പെടുത്തി. കാർഷിക മേഖലയിൽ കഴിഞ്ഞ ഏഴു വർഷത്തിൽ ആദ്യമായി 2012-13ൽ 5.62% വളർച്ച കൈവരിക്കാൻ കഴിഞ്ഞു.

## അടിസ്ഥാനസൗകര്യം

സർക്കാർ സ്വീകരിച്ച നിരവധി നടപടികളിലൂടെയാണ് സംസ്ഥാനം ഈ മുന്നേറ്റം കൈവരിച്ചത്. സാമ്പത്തികമായും സാമൂഹികമായും മറ്റു പല മേഖലകളിലും ദുർബലമായ ഒരു സംസ്ഥാനത്തെയാണ് അധികാരമേറ്റപ്പോൾ ഈ സർക്കാരിനു ലഭിച്ചത്. ഓരോ മേഖലയിലും പ്രത്യേകം ശ്രദ്ധ പതിപ്പിച്ച് അവയെ കരുത്തുറ്റതാക്കാനുള്ള പ്രവർത്തനങ്ങളാണ് യുഡിഎഫ് സർക്കാർ നടത്തിയത്. 11 മേഖലകളിലാണ് പ്രത്യേക ഊന്നൽ നല്കിയത്. അടിസ്ഥാനസൗകര്യമായിരുന്നു ഒന്നാമത്. ഇടുക്കി അണക്കെട്ടിനും (1973) നെടുമ്പാശേരി വിമാനത്താവളത്തിനും (1999) ശേഷം കേരളത്തിൽ വൻകിട പദ്ധതികൾ ഒന്നുംതന്നെ നടന്നിരുന്നില്ല. എന്നാൽ യുഡിഎഫ് സർക്കാരിന്റെ ഇച്ഛാശക്തിയിൽ കുരുക്കുകൾ ഓരോന്നോരോന്ന് അഴിച്ചുമാറ്റി മിക്കതും യാഥാർഥ്യത്തിലേക്ക്. കൊച്ചി മെട്രോ 2016 ജൂണിലും കണ്ണൂർ വിമാനത്താവളത്തിൽ ആദ്യവിമാനം ഈ ഡിസംബർ 31നും സ്മാർട്ട് സിറ്റി ഒന്നാം ഘട്ടം ഈ വരുന്ന ജൂണിലും നടപ്പാകുന്നു. വിഴിഞ്ഞം പദ്ധതി നടപ്പാക്കാൻ അദാനി ഗ്രൂപ്പ് രംഗത്തുവന്നത് പ്രതീക്ഷയുണർത്തുന്നു. മുപ്പത്തഞ്ചു വർഷത്തിനു ശേഷമാണ് കേരളത്തിൽ പുതിയ നാലു മെഡിക്കൽ കോളജുകൾ ആരംഭിക്കുന്നത്. മൂന്നു പതിറ്റാണ്ടിന്റെ കാത്തിരിപ്പിനുശേഷമാണ് തിരുവനന്തപുരം ബൈപാസിലെ കരമന- കളയിക്കാവിള റോഡിന്റെ വീതികൂട്ടൽ, കൊല്ലം, ആലപ്പുഴ, കോഴിക്കോട് ബൈപാസുകൾ, കഴക്കൂട്ടം- മുക്കോല തിരുവനന്തപുരം ബൈപാസ് എന്നിവ നടപ്പാകുന്നത്. കേരളത്തിൽ ഒന്നും നടക്കില്ലെന്ന് ഇനിയാരും പറയില്ല.

> കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ കേരളത്തിന്റെ ധനസ്ഥിതിയെക്കുറിച്ചുള്ള വാർഷിക റിപ്പോർട്ടിൽ പറയുന്നു- "കഴിഞ്ഞ മൂന്നു വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദന വളർച്ചാനിരക്ക് രാജ്യത്തിന്റെ ആഭ്യന്തര ഉല്പാദന വളർച്ചാനിരക്കിനേക്കാൾ മെച്ചപ്പെട്ടതായിരുന്നു.
> ഇത് സംസ്ഥാനത്തിന്റെ മെച്ചപ്പെട്ട സാമ്പത്തിക പ്രവർത്തനത്തെ കാണിക്കുന്നു."

എന്തുകൊണ്ടാണ് അടിസ്ഥാനസൗകര്യത്തിന് ഇത്രയധികം പ്രാധാന്യം? വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ നിരവധി മേഖലകളിൽ ഐക്യകേരളം മുന്നേറിയപ്പോൾ വിസ്മരിച്ചുപോയ മേഖലയാണിത്. അടിസ്ഥാനസൗകര്യം മെച്ചപ്പെടുമ്പോൾ കൂടുതൽ നിക്ഷേപങ്ങളും സംരംഭങ്ങളും ടൂറിസ്റ്റുകളും ഉണ്ടാകും. കൂടുതൽ തൊഴിലവസരം ഉണ്ടാകും. സമ്പദ്ഘടനയുടെ മൊത്തത്തിലുള്ള വളർച്ചയ്ക്ക് അതു വഴിയൊരുക്കും.

## തൊഴിലും യുവശാക്തീകരണവും

യുഡിഎഫ് സർക്കാർ ഏറ്റെടുത്ത അടുത്ത വെല്ലുവിളി തൊഴിലില്ലായ്മയും യുവാക്കളുടെ പ്രശ്നങ്ങളുമാണ്. രാജ്യത്ത് ഏറ്റവുമധികം തൊഴിലില്ലായ്മ നിരക്കുള്ള സംസ്ഥാനമാണു നമ്മുടേത്. സംസ്ഥാന സർക്കാരിന് ഒരു വർഷം നൽകാവുന്നത് ശരാശരി 25,000 തൊഴിലാണ്. യുഡിഎഫ് സർക്കാർ 2015 മാർച്ച് വരെ 1,22,391 പേർക്ക് റിക്കാർഡ് നിയമനം നല്കി. അംഗപരിമിതർക്കു മാത്രം രണ്ടായിരം നിയമനം നല്കി. പക്ഷേ ഇതുകൊണ്ടു തീരുന്നതല്ല നമ്മുടെ യുവാക്കളുടെ പ്രശ്നം. യുവാക്കൾക്ക് പതി




വുപോലെ ഗൾഫിലേക്കും മറ്റു വിദേശരാജ്യങ്ങളിലേക്കും പോകേണ്ടിവരുന്നു. സ്വന്തമായി ഒന്നുമവർക്ക് ചെയ്യാനും കഴിയുന്നില്ല. ഈ സാഹചര്യത്തിലാണ് നമ്മുടെ കുട്ടികളെ സംരംഭകരാക്കി മാറ്റാനുള്ള സ്റ്റാർട്ടപ്പ് പദ്ധതികൾക്ക് സർക്കാർ പൂർണ പിന്തുണ നല്കിയത്. അമ്പരപ്പിക്കുന്ന പ്രതികരണമാണ് അതുണ്ടാക്കിയത്. മൂവായിരത്തോളം ആശയങ്ങളുമായി കുട്ടികൾ രംഗത്തുവന്നു. ഇവരിൽ അഞ്ഞൂറുപേർ വിജയകരമായ രീതിയിൽ സംരംഭങ്ങൾ ആരംഭിച്ചു. യുവാക്കളെ വികസനപ്രക്രിയയിൽ പങ്കാളികളാക്കിയ ഈ സംരംഭം ദേശീയതലത്തിൽവരെ ശ്രദ്ധിക്കപ്പെട്ടു. യുവസംരംഭകർക്ക് 20 ലക്ഷം രൂപ പലിശരഹിത വായ്പ നല്കുന്ന പദ്ധതിയും വൻവിജയമായി. സർക്കാർ ജോലിക്കും വിദേശജോലിക്കും അപ്പുറത്ത് പുതിയൊരു ആകാശമുണ്ടെന്ന് യുവാക്കൾ കണ്ടെത്തി.

## സാമൂഹിക ശാക്തീകരണം

സാമൂഹികമായ വിഷയങ്ങളാണ് സർക്കാർ ഏറ്റെടുത്ത മറ്റൊരു പ്രധാന ദൗത്യം. ഏറ്റവും കൂടിയ മദ്യപാനനിരക്ക്, ഏറ്റവും കൂടിയ അപകടനിരക്ക്, ഏറ്റവും കൂടിയ ആത്മഹത്യാനിരക്ക്, ഏറ്റവും കൂടിയ കുറ്റകൃത്യനിരക്ക് തുടങ്ങിയവ ദൈവത്തിന്റെ നാടിന് നാണക്കേടായി ചാർത്തപ്പെട്ടു. മിക്ക വിപത്തുകളുടെയും അടിസ്ഥാനം മദ്യമാണ് എന്നതിൽ ആർക്കും തർക്കമില്ല. അതുകൊണ്ടാണ് ഈ വിപത്തിന്റെ കൊമ്പിനു തന്നെ പിടിച്ചത്. 730 ബാറുകൾ പൂട്ടുകയും മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്ന നിരവധി നടപടികൾ സ്വീകരിക്കുകയും ചെയ്തു. ബാറുകൾ പൂട്ടിയതോടെ കുറ്റകൃത്യനിരക്കിലും അപകട നിരക്കിലും ആത്മഹത്യാനിരക്കിലുമൊക്കെ വലിയ കുറവുണ്ടായതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വിദേശമദ്യ ഉപഭോഗത്തിൽ 24 ശതമാനം ഇടിവുണ്ടായി. 2013ൽ 4258 പേർ വാഹനാപകടങ്ങളിൽ മരിച്ചപ്പോൾ 2014ൽ അത് 4049 പേരായി കുറഞ്ഞു. 209 ജീവനുകളാണ് രക്ഷിച്ചത്.

## ഇ-ഗവേർണൻസ്

സർക്കാർ സേവനങ്ങൾ വൈകുന്നുവെന്ന് പൊതുവെ പറഞ്ഞു കേൾക്കാറുള്ള പരാതിയാണ്. ഇതിനുള്ള ഏറ്റവും നല്ല മറുപടിയാണ് ഇ- ഗവേർണൻസ്. ജനങ്ങളു



മായി ഏറ്റവും അടുത്ത ബന്ധമുള്ള റവന്യൂ വകുപ്പിൽ മാത്രം 24 ഇനം സർട്ടിഫിക്കറ്റുകളാണ് ഓൺലൈനിൽ ലഭിക്കുന്നത്. മേയ് 11 വരെ ലഭിച്ച 1.29 അപേക്ഷകളിൽ 1.14 കോടി സർട്ടിഫിക്കറ്റുകളാണ് ഓൺലൈനിൽ നൽകിയത്. സംസ്ഥാന ട്രഷറിയിൽ ഇ - ട്രഷറി സംവിധാനം ഏർപ്പെടുത്തുകയും ബില്ലുകൾ ഓൺലൈൻ ആക്കുകയും ചെയ്തു. സ്റ്റേറ്റ് ഇൻഷ്വറൻസിൽ ഇ-പേമെന്റ് ഏർപ്പെടുത്തി. സബ് രജിസ്ട്രാർ ഓഫീസുകളിലുള്ള ആധാരങ്ങളുടെ വിവരങ്ങൾ ഓൺലൈനിൽ ലഭ്യമാക്കി. ആധാരങ്ങൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി. സൊസൈറ്റി രജിസ്ട്രേഷനും പാർട്ണർഷിപ്പ് നിയമപ്രകാരമുള്ള ഫേംസ് രജിസ്ട്രേഷനും ഓൺലൈനിൽ. വൈദ്യുതി ചാർജ് അടയ്ക്കാൻ ഇ-പേമെന്റ് സംവിധാനമുണ്ട്. രാജ്യത്തെ ഇ- ഡിസ്ട്രിക്ടുകളിൽ സംസ്ഥാനത്തെ 14 ജില്ലകളും ഉൾപ്പെടുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു ജിഗാബൈറ്റ് കണക്ടിവിറ്റി ഉടനേ ലഭ്യമാകും. ഇതോടെ രാജ്യത്തെ ആദ്യ ഡിജിറ്റൽ സംസ്ഥാനമായി കേരളം മാറും.

## സ്ത്രീശാക്തീകരണം

പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകൾ ഉള്ള അപൂർവ സംസ്ഥാനമാണു കേരളം. സ്ത്രീകൾക്ക് കേരളീയ സമൂഹം എന്നും പരിരക്ഷ നല്കിയിട്ടുണ്ട്. എങ്കിൽപ്പോലും അവർ ചില രീതികളിൽ വിവേചനവും ദുരിതങ്ങളും അനുഭവിക്കുന്നു എന്നതും വാസ്തവമാണ്. ഒരു സ്ത്രീയെ ശാക്തീകരിച്ചാൽ ഒരു കുടുംബമാണ് ശാക്തീകരിക്കപ്പെടുന്നത്. അതു സമൂഹത്തിനും നാടിനും ഏറെ പ്രയോജനം ചെയ്യും. ഇതിന്റെ ഭാഗമായാണ് 82 ലക്ഷം വനിതകളെ കാർഡുടമകളാക്കി റേഷൻ കാർഡ് പുതുക്കി നൽകുന്നത്.

കേരളത്തിന്റെ മുഖശ്രീയായാണ് കുടുംബശ്രീ കരുതപ്പെടുന്നത്. ഇതിന്റെ അംഗസംഖ്യ 33 ലക്ഷത്തിൽ നിന്ന് 41.2 ലക്ഷമായി വർധിച്ചു. മത്സ്യ



**ഭൂരഹിത മത്സ്യത്തൊഴിലാളികൾക്കുള്ള ജീവനോപാധി ധനസഹായ വിതരണം**



ആർ.സി.സിയെ സംസ്ഥാന ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്ന ചടങ്ങിൽ

ത്തൊഴിലാളികൾ, ആദിവാസി പിന്നാക്ക വിഭാഗങ്ങൾ, പാർശ്വവത്കൃതർ തുടങ്ങിയ വരെക്കൂടി ഉൾപ്പെടുത്തിയാണ് ഈ നേട്ടം കൈവരിച്ചത്. അവരുടെ പ്രവർത്തനം ഏറെ വിപുലീകരിച്ചു.

തൊഴിലുറപ്പ് പദ്ധതിയിൽ കേരളം എന്നും ഏറെ മുന്നിലാണ്. ഈ പദ്ധതിയിൽ പങ്കെടുക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. തൊഴിലുറപ്പ് പദ്ധതി നമ്മുടെ നാട്ടിൻപുറങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങളാണു കൊണ്ടുവന്നത്. അതിക്രമത്തിന് ഇരയാകുന്നവരെ സംരക്ഷിക്കുന്ന നിർഭയ ഷെൽട്ടർ, ഷീ ടാക്സി, സ്വകാര്യ നഴ്സിംഗ് മേഖലയിൽ പണിയെടുക്കുന്നവർക്ക് മിനിമം വേതനം ഉറപ്പാക്കൽ, സ്ത്രീകൾ ഏറെയുള്ള തൊഴിൽമേഖലകളിലെ തൊഴിലാളികൾക്ക് ബാങ്കിലൂടെ വേതനം ലഭ്യമാക്കൽ തുടങ്ങിയ പദ്ധതികളും സ്ത്രീ ശാക്തീകരണത്തിനു സഹായകമായി.

## ആരോഗ്യമേഖല

ആരോഗ്യരംഗത്ത് കേരളം ഏറെ മുന്നിലാണെങ്കിലും ഈ മേഖലയിലുള്ള അസമത്വം ഏറെ പ്രകടമാണ്. പണമുള്ളവർക്ക് ഏറ്റവും മികച്ച ചികിത്സാസൗകര്യം ലഭിക്കുമ്പോൾ പാവപ്പെട്ടവർക്ക് അതു ലഭിക്കുന്നില്ല. ചികിത്സ വലിയ പണച്ചെലവുള്ള ഇടപാടാണിന്ന്. ഒരു വർഷം 6000 കോടി രൂപയുടെ മരുന്നാണ് കേരളത്തിൽ വിൽക്കുന്നത്. സർക്കാർ ആശുപത്രികളിൽക്കൂടി മാത്രം 400-450 കോടി രൂപയുടെ മരുന്നു വിതരണം ചെയ്യുന്നു. ഒരു വർഷം പുതിയ അരലക്ഷം കാൻസർ രോഗികളുണ്ടാകുന്നു. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകണം എന്ന ലക്ഷ്യത്തോടെയാണ് നാലു പുതിയ മെഡിക്കൽ കോളജുകൾ കൂടി ആരംഭിച്ചത്. ഇതിൽ പാലക്കാട്ട് തുടങ്ങിയ മെഡിക്കൽ കോളജ് പട്ടികജാതി വിഭാഗത്തിന്റേതാണ്. രാജ്യത്ത് ഇതാദ്യമായാണ് ഈ വിഭാഗത്തിനായി മെഡിക്കൽ കോളജ് തുടങ്ങിയത്. എല്ലാ ജില്ലകളിലും മെഡിക്കൽ കോളജ് എന്നതാണ് ലക്ഷ്യം. കൂടാതെ 711 ഇനം മരുന്നുകൾ സർക്കാർ സൗജന്യമായി വിതരണം ചെയ്യുന്നു. കാരുണ്യ ഫാർമസികൾ വ്യാപകമായി തുറന്നു. സൗജന്യ കാൻസർ ചികിത്സാ പദ്ധതി, പാവപ്പെട്ട മുഴുവൻ കാൻസർ രോഗികൾക്കും മാസം 1000 രൂപ പെൻഷൻ തുടങ്ങിയ പദ്ധതികൾ നടപ്പാക്കി. കാരുണ്യ ഫണ്ടിൽ നിന്ന് 700 കോടി രൂപ ഇതിനോടകം വിതരണം ചെയ്തു. മാരകമായ എട്ടിനം രോഗങ്ങൾക്ക് രണ്ടു ലക്ഷം രൂപ വരെ ധനസഹായം ലഭിക്കും. എല്ലാ ബിപിഎൽ കുടുംബങ്ങളും മൂന്നു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എപിഎൽ കുടുംബങ്ങളും ഇതിൽ ഉൾപ്പെടും. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വിതരണം ചെയ്യുന്ന തുകയിൽ ഏറെയും രോഗികൾക്കാണ്. മുമ്പൊരു സർക്കാരും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി പാവപ്പെട്ടവർക്കു വേണ്ടി ഇത്ര വ്യാപകമായി ഉപയോഗിച്ചിട്ടില്ല.




## ഉന്നതവിദ്യാഭ്യാസം

കേരളത്തിന്റെ ശക്തിസ്രോതസ് വിദ്യാഭ്യാസ മേഖലയാണ്. വിദ്യാഭ്യാസത്തിലുടെയാണ് മലയാളികൾ ലോകത്തിന്റെ പല ഭാഗങ്ങളിലേക്കു കുടിയേറിയത്. ആറി

ലൊന്ന് മലയാളികൾ ലോകത്തിന്റെ പല ഭാഗങ്ങളിലുമുണ്ട്. സാക്ഷരതയിലും പ്രാഥമിക വിദ്യാഭ്യാസരംഗത്തും നാം ഏറെ മുന്നിലാണ്. എന്നാൽ, ഉന്നതവിദ്യാഭ്യാസരംഗത്ത് ഏറെ പിന്നിലും. മറ്റു സംസ്ഥാനങ്ങൾ ഈ രംഗത്ത് കുതിച്ചുകയറുകയാണ്. ഏറ്റവും നല്ല വിദ്യാഭ്യാസം ലഭിക്കാൻ കേരളത്തിനു പുറത്തുപോകേണ്ട സാഹചര്യമാണുള്ളത്. പാലക്കാട്ട് ആരംഭിക്കുന്ന ഐഐടി ഒരു വലിയ കാൽവയ്പാണ്. ഓട്ടോണമസ് കോളജുകളും ടെക്നിക്കൽ സർവകലാശാലയും മലയാളം സർവകലാശാലയും മറ്റു നേട്ടങ്ങളാണ്. സ്വാശ്രയ കോളജുകളുടെ പ്രശ്നങ്ങൾക്ക് പരമാവധി പരിഹാരം ഉണ്ടാക്കി. ഉന്നതവിദ്യാഭ്യാസമായിരിക്കണം അടുത്ത ലോകജാലകം.



ചിത്തിരക്കായലിൽ വിളവെടുപ്പ്

## ക്ഷേമപ്രവർത്തനങ്ങൾ

ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒട്ടുമിക്ക വികസന മാതൃകകളുടെയും പ്രധാന ദൗർബല്യം അതിൽ അസമത്വം വളരുന്നു എന്നതാണ്. നമ്മുടെ രാജ്യത്തും ഇതു സംഭവിക്കുന്നുണ്ട്. പക്ഷേ, സർവശ്ലേഷിയായ വികസനം ഇല്ലെങ്കിൽ അത് സാമൂഹികമായ അസമത്വത്തിനും അസംതൃപ്തിക്കും വഴിയൊരുക്കും. വികസനത്തിന്റെ സദ്ഫലങ്ങൾ അടിത്തട്ടിലേക്ക് തുള്ളിയായി എത്താൻ സമയവും എടുക്കും. ഈ പശ്ചാത്തലത്തിൽ പിന്നാക്ക വിഭാഗങ്ങൾ, പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, പാവപ്പെട്ടവർ തുടങ്ങിയവരുടെ പ്രശ്നങ്ങൾ നേരിട്ട് പരിഹരിക്കപ്പെടേണ്ടതുണ്ട്. 84 സമുദായങ്ങൾ ഉൾപ്പെടുന്ന പിന്നാക്ക വിഭാഗങ്ങൾക്കു വേണ്ടി പിന്നാക്ക വികസന വകുപ്പ് രൂപീകരിച്ചു. മുന്നാക്കക്കാരിലെ പിന്നാക്കവിഭാഗങ്ങൾക്കുവേണ്ടി മുന്നാക്ക വികസന കമ്മീഷനും സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും നിലവിൽ വന്നു.

യുഡിഎഫ് സർക്കാർ എല്ലാ ക്ഷേമപെൻഷനുകളും കുറഞ്ഞത് 600 രൂപയാക്കി ഉയർത്തി. രണ്ടു ജനസമ്പർക്ക പരിപാടിയിൽ 6.13 ലക്ഷം പരാതികൾക്കു പരിഹാരം കണ്ടു. 76 കോടി രൂപ വിതരണം ചെയ്തു. മൂന്നാമത്തെ ജനസമ്പർക്ക പരിപാടി നടന്നുവരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 2015 ഫെബ്രു. വരെ വിതരണം ചെയ്തത് 412.50 കോടി രൂപ. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ 36,491 പേർക്ക് മൂന്നു സെന്റു വീതം ഭൂമി നൽകി. മൂലമ്പിള്ളി പാക്കേജ്, ആദിവാസി പാക്കേജ്, എൻഡോസൾഫാൻ പാക്കേജ്, കെഎസ്ആർടിസി പാക്കേജ്, അധ്യാപക പാക്കേജ് എന്നിവയിലൂടെ അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചു.

ഒരു രൂപയ്ക്ക് റേഷൻ അരി നല്കുന്ന പദ്ധതിയിൽ 60 ലക്ഷം പേരെക്കൂടി ഉൾപ്പെടുത്തി. ആദിവാസികൾക്കും ഭൂമി നല്കുന്ന പദ്ധതിയിൽ, വയനാട് ജില്ലയിൽ മാത്രം 13,662 ഏക്കർ ഭൂമി വിതരണം ചെയ്തു. പട്ടികജാതി-പട്ടികവർഗ സങ്കേതങ്ങളിൽ അടിസ്ഥാനസൗകര്യമേർപ്പെടുത്തി. മുത്തങ്ങ സമരത്തിൽ പങ്കെടുത്തവർക്ക് വീടും സ്ഥലവും നല്കി. പ്രാക്തന വിഭാഗത്തിന് 148 കോടിയുടെ പാക്കേജ് നടപ്പാക്കി. പട്ടികജാതി വിഭാഗം കുടുംബങ്ങൾക്ക് പാർപ്പിട സഹായം മൂന്നു ലക്ഷം രൂപ വരെ വർധിപ്പിച്ചു. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ഉൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ നല്കി.



കുട്ടനാട്ടിലെ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങൾ സന്ദർശിക്കുന്നു

## കൃഷിയും വ്യവസായവും

സമ്പദ്ഘടനയുടെ അടിസ്ഥാന ശിലകളാണ് കൃഷിയും വ്യവസായവും. കൃഷിയും കർഷകനുമില്ലാതെ സമൂഹത്തിനു നിലനില്പില്ല. കേരളം ഒരിക്കൽ കാർഷിക സംസ്ഥാനമായിരുന്നു. പക്ഷേ, ഇടയ്ക്ക് ട്രാക്ക് തെറ്റി. കൃഷി ലാഭകരമല്ല എന്നതാണ് കർഷകർ കൃഷി വിടാനുള്ള പ്രധാന കാരണം. കർഷകർ ഏറെക്കാലമായി കാത്തിരുന്ന നീര ഉത്പന്നം വിപണയിൽ ഇറങ്ങിയത് വലിയൊരു കാൽവയ്പാണ്. നീരയിലൂടെ ഒരു തെങ്ങിൽ നിന്ന് 600 രൂപ പ്രതിമാസം ആദായം വർധിക്കും. മുൻ രാഷ്ട്രപടി അബ്



**ഇറാഖിൽ നിന്ന് തിരിച്ചെത്തിയ നേഴ്സുമാരെ സ്വീകരിച്ചപ്പോൾ**

ദുൾ കാലം 2005ൽ കേരള നിയമസഭയിൽ അവതരിപ്പിച്ച വിഷൻ 2010ലെ ഒരു പദ്ധതിയായിരുന്നു ഇത്. നീര ചെത്തുന്നതിന് 112 വർഷം പഴക്കമുള്ള അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയാണ് കേരകർഷകർക്ക് അനുമതി നല്കിയത്. റബർ സംഭരണം, നെൽ സംഭരണം (കിലോ 19 രൂപ), പച്ചത്തേങ്ങ സംഭരണം (കിലോ 28 രൂപ) എന്നിവ കാര്യക്ഷമമാക്കി. കിലോയ്ക്ക് 150 രൂപ താങ്ങുവില നൽകി 20,000 മെട്രിക് ടൺ റബർ സംഭരിക്കാൻ 300 കോടി രൂപയാണ് ബജറ്റിൽ അനുവദിച്ചത്. പാൽ ഉത്പാദനം 80 ശതമാനമാണു കൂടിയത്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളിൽ രാജ്യത്ത് കേരളം റിക്കാർഡിട്ടു. എമേർജിങ് കേരളയിൽ അവതരിപ്പിക്കപ്പെട്ട 21 പദ്ധതികൾ യാഥാർഥ്യത്തിലേക്ക്.

## പ്രവാസിക്ഷേമം

കൃഷി കേരളത്തിന്റെ നട്ടെല്ലായിരുന്നെങ്കിൽ പിന്നീട് ആ സ്ഥാനം പ്രവാസികൾ ഏറ്റെടുത്തു. ഒരു ലക്ഷം കോടി രൂപയാണ് അവർ സംസ്ഥാനത്തിന് പ്രതിവർഷം അയച്ചുതരുന്നത്. കേരളത്തിനുണ്ടാകുന്ന മാറ്റങ്ങളിൽ പോസിറ്റീവായി സ്വാധീനിക്കാൻ അവർക്കു സാധിക്കുന്നു. കേരളത്തെ കൈയയച്ച് സഹായിക്കുന്ന അവരെ സഹായിക്കേണ്ട ബാധ്യത നമുക്കുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ടവകാശം ലഭിച്ചു കഴിഞ്ഞു. ഇതിനുവേണ്ടി കേരള മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പ് ചട്ടം ഭേദഗതി ചെയ്തു. നിരവധി സംഘർഷമേഖലകളിൽ നിന്ന് മലയാളികളെ സുരക്ഷിതമായി തിരിച്ചുകൊണ്ടു വരുന്നതിൽ സർക്കാർ വിജയിച്ചു. ജോലി നഷ്ടപ്പെട്ട നിരവധി മലയാളി നഴ്സുമാർക്ക് വിദേശത്തു തന്നെ ജോലി ഏർപ്പാടാക്കി. പ്രവാസി മലയാളികൾക്കു വേണ്ടി നിരവധി പദ്ധതികൾ രൂപീകരിക്കാനും സാധിച്ചു.



**സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപജ്ഞേതാവ് റിച്ചാർഡ് സ്റ്റാൾമാൻ മുഖ്യമന്ത്രിയെ സന്ദർശിച്ചപ്പോൾ**

## നിയമവാഴ്ച

നിയമപാലനം ഏതു സർക്കാരിന്റെയും മുൻഗണനയാണ്. പ്രീതിയോ ഭീതിയോ ഇല്ലാതെ നിയമവാഴ്ച നടപ്പാക്കുമ്പോൾ മാത്രമേ സർക്കാർ നീതിപൂർവം പ്രവൃത്തിക്കുന്നുവെന്ന് പറയാനാകൂ. സർക്കാരിനെതിരേ ആരോപണങ്ങൾ ഉയർന്നപ്പോൾ പോലും ഇതിൽ കടുകിടെ വ്യതിചലിച്ചിട്ടില്ല. സോളാർ കേസിൽ വിപുലമായ ടേംസ് ഓഫ് റഫൻസോടെയാണ് ജുഡീഷ്യൽ അന്വേഷണം ഏർപ്പെടുത്തിയത്. എന്നാൽ പ്രതിപക്ഷം ആദ്യം വിട്ടുനിന്നു. പിന്നീട് കമ്മീഷന് പലരേയും നോട്ടീസ് അയച്ച് വിളിച്ചു വരുത്തി തെളിവെടുക്കേണ്ടി വന്നു. ബാർ കോഴയുമായി ഉയർന്ന ആരോപണങ്ങളിലും തുറന്ന സമീപനം തന്നെയാണു സ്വീകരിച്ചത്. ആരെയും കുടുക്കാനോ ആരെയും രക്ഷിക്കാനോ അനുവദിക്കില്ല. നിയമവ്യവസ്ഥയ്ക്കാണ് സർക്കാർ പ്രാധാന്യം നൽകുന്നത്. അമിത പലിശക്കാർക്കെതിരെ നടന്ന ഓപ്പറേഷൻ കുബേര, സ്ഥിരം കുറ്റവാളികൾക്കെതിരെ നടന്ന ഓപ്പറേഷൻ സുരക്ഷ, കാമ്പസുകളിൽ നടത്തിയ ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതികളും ശ്രദ്ധേയമായി.

നാലു വർഷംകൊണ്ട് സംസ്ഥാനം ശക്തമായ നിലയിലെത്തിയിരിക്കുന്നു. മികച്ച അടിത്തറിയും ഏറെ സാധ്യതകളും നമുക്കുണ്ട്. കുതിപ്പിന്റെ നാളുകളാണ് കേരളത്തെ കാത്തിരിക്കുന്നത്. അതിനുള്ള റോഡ് മാപ്പ് വിഷൻ 2030 നും യുഡിഎഫ് സർക്കാർ രൂപംകൊടുത്തിട്ടുണ്ട്.



**സംസ്ഥാനത്ത് ചെറുകിട സംരംഭങ്ങളുടെ വികസനത്തിനായി നടത്തിയ ശ്രമങ്ങൾക്ക് വലിയ ഫലമാണുണ്ടായത്. സംരംഭങ്ങളുടെ എണ്ണം, തൊഴിൽ വർധന എന്നിവയുടെ സർവേയിൽ സംസ്ഥാനം ഒന്നാം സ്ഥാനത്തെത്തുകയുണ്ടായി. സംസ്ഥാനത്തിന്റെ ഐ.ടി.കയറ്റുമതിയിൽ ഗണ്യമായ വർധനവുണ്ടാക്കാനും കഴിഞ്ഞ നാലുവർഷത്തിനിടെ കഴിഞ്ഞു. സൈബർപാർക്ക്, സ്മാർട്ട് സിറ്റി എന്നിവയുടെ പ്രവർത്തനം തുടങ്ങുന്നതോടെ വരുംവർഷം ഐ.ടി.യിൽ വലിയ കുതിച്ചു ചാട്ടമുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ഇത് ഐ.ടി രംഗത്തെ ദീർഘകാല സ്വപ്നങ്ങൾ സഫലമാക്കും.**

പി.കെ. കുഞ്ഞാലിക്കുട്ടി
വ്യവസായ-ഐ.ടി. മന്ത്രി

# ഡിജിറ്റൽ കേരളം
# സംരംഭകരുടെ സ്വപ്നതീരം

ജനസംഖ്യയും ഭൂവിസ്തൃതിയും കണക്കിലെടുത്ത് ദേശീയ അടിസ്ഥാനത്തിൽ തയാറാക്കിയ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ (എം.എസ്.എം.ഇ.) സർവേയിൽ സംരംഭങ്ങളുടെ എണ്ണം, തൊഴിൽ സൃഷ്ടി എന്നിവയിൽ കേരളം രാജ്യത്ത് ഒന്നാമത്. കഴിഞ്ഞ നാലു സാമ്പത്തിക വർഷം കൊണ്ട് 51,889 പുതിയ എം.എസ്.എം.ഇകളും 2,97,369 തൊഴിലവസരങ്ങളും 8225.05 കോടി രൂപയുടെ നിക്ഷേപവും സംസ്ഥാനത്തുണ്ടാക്കി.

എമർജിങ് കേരള നിക്ഷേപകസംഗമം വഴി വ്യവസായവകുപ്പിന് കീഴിൽ 20,000 കോടിയോളം രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന 21 പദ്ധതികൾ യാഥാർഥ്യത്തിലേക്ക്. ബി.പി.സി.എൽ. ഡൗൺസ്ട്രീം സംരംഭം, കൊച്ചി പെട്രോ കെമിക്കൽ പാർക്ക്, പോളി ഐസോബ്യൂട്ടീൻ പ്രോജക്ട്, ബയോ നൂട്രോ പാർക്ക്, ബയോ മെഡിക്കൽ ഡിവൈസസ് ഹബ് എന്നിവ ആധുനിക വ്യവസായ സംരംഭങ്ങളാണ്. ധാരണാപത്രം ഒപ്പുവെച്ച മേഴ്സിഡസ് ബെൻസും ഉന്നതവിദ്യാഭ്യാസ വകുപ്പും ചേർന്നുള്ള പദ്ധതി, ശാസ്ത്രസാങ്കേതിക വകുപ്പും ബി.എ.എസ്.എഫ് ഇന്ത്യ ലിമിറ്റഡും ചേർന്നുള്ള കിഡ്സ് ലാബ് എന്നിവ ഇതിനകം ഉദ്ഘാടനം ചെയ്യപ്പെട്ടു.

കേന്ദ്രസഹായത്തോടെ 200 കോടി രൂപ ചെലവഴിച്ച് നടപ്പാക്കിയ റിവൈവൽ, റീഫോം, റീസ്ട്രക്ചറിങ് പാക്കേജ് വഴി പതിനയ്യായിരത്തോളം നെയ്ത്ത് തൊഴിലാളികളെ കടക്കെണിയിൽ നിന്ന് മോചിപ്പിച്ചു. ഹാന്റക്സ്, 357 കൈത്തറി സഹകരണ സംഘങ്ങൾ, 1112 വ്യക്തിഗത യൂണിറ്റുകൾ എന്നിവക്കാണ് ഇതുവഴി സഹായം ലഭിച്ചത്. മുതലും 25 ശതമാനം പലിശയും സർക്കാർ വഹിക്കുകയും ശേഷിക്കുന്ന പലിശ ബാങ്കുകൾ എഴുതിത്തള്ളുകയും ചെയ്തു.

വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 563.68 കോടി രൂപ അനുവദിച്ചു. ഇത് റെക്കോഡ് സഹായമാണ്. ഇ-ടെൻഡർ, ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയത് പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും വർധിപ്പിച്ചു. ഇ-ഓക്ഷൻ സംവിധാനം പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏർപ്പെടുത്താനുള്ള നടപടി പൂർത്തിയായി.

20 ൽ അധികം വകുപ്പുകളിൽ ഇലക്ട്രോണിക്സ് സർവീസ് ഡെലിവറി ഏർപ്പെടുത്തി. ഏറ്റവും മികച്ച ഇ-പ്രൊക്യൂർമെന്റ് സംവിധാനം ഏർപ്പെടുത്തിയ സംസ്ഥാനത്തിനുള്ള ഇ-ഇന്ത്യ അവാർഡും ഇ-ഗവേണൻസിനുള്ള സി.എസ്.ഐ. നിഹിലന്റ് അവാർഡും കേരളത്തിന് ലഭിച്ചു.


2015 ഫെബ്രുവരി 28 വരെ ഒരു കോടി 20 ലക്ഷം ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കി. രാജ്യത്ത് ആകെയുള്ള 50 ഇ-ഡിസ്ട്രിക്ടുകളിൽ കേരളത്തിലെ 14 ജില്ലകളും ഉൾപ്പെടുന്നു. ഒരു ജിഗാബൈറ്റ് കണക്ടിവിറ്റി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏർപ്പെടുത്തുന്ന നടപടി അന്തിമ ഘട്ടത്തിൽ. ഇതോടെ ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായി കേരളം മാറും.

ഇ-ഓഫീസ് സംവിധാനം പൂർണമാക്കുന്നതുവഴി സെക്രട്ടറിയേറ്റിലെ മുഴുവൻ വകുപ്പുകളും പേപ്പർ രഹിതമാകും. ഇതിനു പുറമേ, 10 പ്രധാന ഡയറക്ടറേറ്റുകളിലും അഞ്ചു കളക്ടറേറ്റുകളിലും ഉടൻ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തും.

പുതിയ മൈനിങ് ലീസും പെർമിറ്റുകളും നൽകുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കി. കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ സർക്കാർ പരിഷ്കരിച്ചത് ഹൈക്കോടതി അംഗീകരിച്ചു. ധാതുഖനനവും അതിന്റ കടത്തും നിയന്ത്രിക്കാനും പരിശോധിക്കാനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. ധാതുക്കളുടെ റോയൽറ്റി പരിഷ്കരിച്ചതു വഴി 50 കോടി രൂപയുടെ അധികവരുമാനം ലഭിച്ചു.

# വരും വർഷം ഐ.ടി. കയറ്റുമതിയിൽ പ്രതീക്ഷിക്കുന്നത് വൻകുതിപ്പ്

കോഴിക്കോട് സൈബർ പാർക്ക്, സ്മാർട്ട് സിറ്റി കൊച്ചി എന്നിവയുടെ ആദ്യഘട്ട പ്രവർത്തനം ഈ വർഷം കമ്മിഷൻ ചെയ്യുന്നതോടെ 2016 ൽ സംസ്ഥാനത്തിന്റെ ഐടി കയറ്റുമതി 15,000 കോടി രൂപയായി ഉയരും. നേരിട്ടുള്ള ഐടി തൊഴിലുകൾ രണ്ടു ലക്ഷമായി വർധിപ്പിക്കും. നിലവിൽ, ഒരു ലക്ഷം പേർക്ക് നേരിട്ട് തൊഴിൽ നൽകുകയും 10,000 കോടി രൂപയുടെ കയറ്റുമതി വരുമാനം ലഭിക്കുകയും ചെയ്യുന്ന ഉയരങ്ങളിലേയ്ക്ക് ഐടി മേഖല വളർന്നിട്ടുണ്ട്. 2,000 കോടി രൂപയായിരുന്നു ഈ സർക്കാർ അധികാരത്തിലേറുമ്പോൾ ഐടി കയറ്റുമതി വരുമാനം. ടെക്നോപാർക്കിനും ഇൻഫോപാർക്കിനും വാടകയിനത്തിൽ മാത്രം ലഭിക്കുന്ന വാർഷിക വരുമാനം 70 കോടി രൂപയാണ്.






## സ്റ്റാർട്ടപ്പ് മെഗാഹിറ്റ്

പൊതുസ്വകാര്യ പങ്കാളിത്തത്തിലുള്ള ബിസിനസ് ഇൻക്യുബേറ്ററായ സ്റ്റാർട്ട് അപ് വൻ വിജയമായി. സ്റ്റാർട്ട് അപ്പിൽ ഇതിനകം ഏഴായിരത്തിലധികം ആശയങ്ങളുമായി വിദ്യാർഥി-യുവജനസംരംഭകർ രജിസ്ട്രേഷൻ നടത്തി. വിദ്യാർഥി സംരംഭകർക്ക് ഹാജരിലും മാർക്കിലും ആനുകൂല്യം, അടിസ്ഥാന സൗകര്യം എന്നിവ നൽകി. നൂതന ആശയങ്ങളുമായി വന്ന വിദ്യാർഥികളെയും യുവാക്കളെയും വ്യവസായ സംരംഭകരാക്കിമാറ്റുവാൻ യുവസംരംഭക ഉച്ചകോടിയിലൂടെ സാധിച്ചു.

## ഒറ്റ നോട്ടത്തിൽ...

- ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായി കേരളം മാറുന്നു.
- ഒരു ജിഗാബൈറ്റ് കണക്ടിവിറ്റി ഉടൻ എല്ലാ പഞ്ചായത്തുകളിലും
- ഐ.ടി. രംഗത്ത് വളർച്ച; പതിനായിരം കോടിയുടെ കയറ്റുമതി വരുമാനം
- സ്മാർട്ട് സിറ്റി: ആദ്യഘട്ടത്തിൽ ആറരലക്ഷം ചതുരശ്രയടിയുള്ള കെട്ടിടം; ഉദ്ഘാടനം 2015 ജൂണിൽ
- യുവസംരംഭകർക്കായി സ്റ്റാർട്ടപ്പ്; 900 പദ്ധതികൾക്ക് തുടക്കം
- എമർജിംഗ് കേരള : 21 പദ്ധതികൾ യാഥാർഥ്യത്തിലേക്ക്
- പൊതുമേഖല സ്ഥാപനങ്ങൾക്ക് 563.68 കോടി രൂപ റെക്കോഡ് സഹായം
- പതിനയ്യായിരത്തോളം നെയ്ത്തു തൊഴിലാളികൾക്ക് കടക്കെണിയിൽ നിന്ന് മോചനം






ഒരു കോടി ഡിജിറ്റൽ സർട്ടിഫിക്കറ്റുകളുടെ പ്രഖ്യാപന വേളയിൽ



സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് ദേശീയ ശരാശരിയേക്കാൾ മുന്നിലെത്തിക്കാനായത് എടുത്തു പറയാവുന്ന നേട്ടമായി. സമ്പദ് വ്യവസ്ഥയ്ക്ക് ഊർജം പകർന്ന തുടർപ്രവർത്തനത്തിലൂടെയാണ് ഇത് സാധ്യമായത്. കാരുണ്യ പദ്ധതിയിലൂടെ ഒട്ടേറെപ്പേരുടെ ചികിത്സ ചെലവിന് പണം നൽകാനായി. ഇ-ഫയലിംഗും വാണിജ്യ നികുതി വകുപ്പിൽ ഇ-പേമെന്റും നടപ്പാക്കിയതിലൂടെ പ്രവർത്തന വേഗവും കാര്യക്ഷമതയും ഉറപ്പാക്കി.

**കെ.എം.മാണി**
ധനകാര്യം-നിയമം-ഭവനനിർമാണ മന്ത്രി

# വളർച്ചാ നിരക്ക് ദേശീയ ശരാശരിക്കും മുകളിൽ

സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് ദേശീയ ശരാശരിയുടെ മുന്നിലെത്തി. 2010-11ൽ കേരളത്തിന്റെ വളർച്ചാ നിരക്ക് 13.7 ശതമാനം (ഇന്ത്യ-18.66 ശതമാനം) ആയിരുന്നു. 2011-12 ൽ സംസ്ഥാനം 16.73 ശതമാനം വളർച്ച നേടി (ഇന്ത്യ. - 15.7 ശതമാനം). 2012-13 ൽ 13.46 ശതമാനം (ഇന്ത്യ - 11.88 ശതമാനം). 2013-14 ൽ 15.35 ശതമാനം (ഇന്ത്യ - 11.54 ശതമാനം) എന്നിങ്ങനെയാണ് വളർച്ചയുടെ വഴികൾ.

അന്യസംസ്ഥാന ഭാഗ്യക്കുറിയുടെ തട്ടിപ്പിൽ നിന്ന് കേരളത്തെ സമ്പൂർണമായി മോചിപ്പിച്ചു. 2010-11 ൽ ഭാഗ്യക്കുറിയുടെ വാർഷിക വിറ്റുവരവ് 557 കോടി രൂപയായിരുന്നത് 2013-14 ൽ 3,794 കോടിയായും 2014 ൽ 5,301.64 കോടി രൂപയായും ഉയർന്നു. ലോട്ടറി വില്പനക്കാർക്കുള്ള കമ്മിഷൻ 26 ശതമാനമാക്കി.

കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസിന്റെ ശാഖകൾ 2011 ൽ 366 ആയിരുന്നത് 506 ആയി ഉയർന്നു. മൊത്തം ലാഭം 12,333 കോടി രൂപയിൽ നിന്ന് 24,648 കോടിയായി വർധിച്ചു. ലാഭം 52 കോടിയിൽ നിന്ന് 173 കോടിയായി. നിക്ഷേപത്തിന് 120 ശതമാനം വർധന. 1,450 പേർക്ക് പി.എസ്.സി. മുഖേന നിയമനം.

സംസ്ഥാന ട്രഷറിയിൽ ഇ-ട്രഷറി സംവിധാനം. ബില്ലുകൾ ഓൺലൈൻ വഴിയാക്കി. ഗ്രാമീണമേഖലയിൽ 12 പുതിയ ട്രഷറി ശാഖകൾ ആരംഭിച്ചു. ആറു ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമിച്ചു. 30 ട്രഷറികളെ ആധുനികവത്കരിച്ചു. ഉദ്യോഗസ്ഥർക്ക് നാഷണൽ പെൻഷൻ സ്കീം നടപ്പാക്കി. കാൻസർ രോഗികളായ കുട്ടികൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിന് ട്രഷറിയുമായി സംയോജിപ്പിച്ച് ബാലസാന്ത്വനം പദ്ധതിക്ക് രൂപം നൽകി. യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന സംരംഭക വികസന മിഷന് രൂപം നൽകി. 20 ലക്ഷം രൂപ വരെ പലിശരഹിത വായ്പ നൽകുന്ന പദ്ധതിയിലേക്ക് 2.834 സംരംഭങ്ങളെ തിരഞ്ഞെടുത്തു. 650 സംരംഭകർക്ക് ധനസഹായം അനുവദിച്ചു. 450 സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ചു. അതിലൂടെ മൂവായിരം പേർക്ക് പ്രത്യക്ഷമായും അത്രത്തോളം പേർക്ക് പരോക്ഷമായും ജോലി ലഭിച്ചു.



സാഫല്യം, സാന്ത്വനം, സായൂജ്യം, സൗഭാഗ്യം, ഗൃഹശ്രീ എന്നീ പദ്ധതികളിലൂടെ എല്ലാവർക്കും പാർപ്പിടം ലഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു. പാർപ്പിടമേഖലയ്ക്കുള്ള ബജറ്റ് വിഹിതം 2010-11 ൽ 2,077.65 കോടി രൂപ ആയിരുന്നത് 2014-15 ൽ 3,259 കോടിയായി. ഹഡ്കോയ്ക്ക് നൽകാനുണ്ടായിരുന്ന 730.67 കോടി രൂപ പലിശസഹിതം അടച്ചു തീർത്ത് ഭവന നിർമാണ ബോർഡിനെ ഋണമുക്തമാക്കി.

സ്റ്റേറ്റ് ഇൻഷുറൻസിൽ കംപ്യൂട്ടർവത്കരണം നടത്തി ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തി. 10 കോടി രൂപ സർക്കാരിന് ലാഭവിഹിതം നൽകി. പൊതുമേഖലാ ഇൻഷുറൻസ് സ്ഥാപനങ്ങളുമായി സഹകരിച്ച് കോ-ഇൻഷുറൻസ് സംവിധാനം നടപ്പാക്കി. പ്രീമിയം വർധിപ്പിക്കാതെ തന്നെ വാഗ്ദത്തതുക 10 ശതമാനം വർധിപ്പിച്ചു. വായ്പാ സൗകര്യം ഉദാരമാക്കുകയും പരിധി ഉയർത്തുകയും ചെയ്തു.

ഭാഗപത്ര നിശ്ചയം, ദാനം, ഒഴുകുറി എന്നിവയുടെ പരമാവധി സ്റ്റാമ്പ് ഡ്യൂട്ടി ആയിരം രൂപയാക്കി. ഒരു ലക്ഷത്തിലധികം കേസുകൾ അദാലത്തിലൂടെ തീർപ്പാക്കി. അഭിഭാഷക ഗുമസ്തർക്ക് പെൻഷൻ പദ്ധതി നടപ്പാക്കി. അമിത പലിശ നിരോധന നിയമവും നിക്ഷേപകരുടെ താത്പര്യ സംരക്ഷണത്തിനായി നിയമവും പാസാക്കി.

## കാരുണ്യക്കടൽ




കാരുണ്യ ചികിത്സാ ധനസഹായപദ്ധതിയിലൂടെ 82,000 പേർക്ക് 700 കോടി രൂപയുടെ സഹായധനം അനുവദിച്ചു. ഗുരുതര രോഗങ്ങൾ മൂലം ബുദ്ധിമുട്ടനുഭവിച്ച ഒട്ടേറെപ്പേർക്ക് ഇത് ആശ്വാസമായി. ക്യാൻസർ, ഹീമോഫീലിയ, ഹൃദയ സംബന്ധമായ അസുഖങ്ങൾ തുടങ്ങിയവയ്ക്കാണ് സഹായം. കാരുണ്യലോട്ടറിയിൽ നിന്നുള്ള വരുമാനമാണ് ഇതിനായി ഉപയോഗിക്കുന്നത്. 'കാരുണ്യ പ്ലസ്' ഭാഗ്യക്കുറിയുടെ വരുമാനം കൂടി ധനസഹായത്തിനുള്ള സഞ്ചിതനിധിയായ കാരുണ്യ ബനവലന്റ് ഫണ്ടിലേക്ക് നീക്കിവെച്ചു.

## • ഒറ്റ നോട്ടത്തിൽ...

- സാമ്പത്തിക വളർച്ചാ നിരക്ക് ദേശീയ ശരാശരിയേക്കാൾ വർദ്ധിച്ചു
- കാരുണ്യയിൽ നിന്ന് 700 കോടി രൂപയുടെ ധനസഹായ വിതരണം
- സംരംഭക വികസന മിഷൻ- യുവാക്കൾക്ക് 20 ലക്ഷം വരെ പലിശരഹിത വായ്പ
- അന്യസംസ്ഥാന ലോട്ടറി തട്ടിപ്പുകൾക്കു വിട
- കെ.എസ്.എഫ്.ഇയുടെ 506 ശാഖകൾ
- സ്റ്റാമ്പ് ഡ്യൂട്ടി ആയിരം രൂപ
- എല്ലാവർക്കും പാർപ്പിടം. നാലുപദ്ധതികൾ
- വാണിജ്യനികുതി ഇ-പേയ്മെന്റ് വഴി; ധനവകുപ്പിൽ ഇ-ഫയലിംഗ്
- ഇ-ട്രഷറി സംവിധാനം നിലവിൽ വന്നു
- ഗ്രാമീണ മേഖലയിൽ പുതിയ ട്രഷറി ശാഖകൾ

## വാണിജ്യ നികുതി ഇ- പേമെന്റ്

വാണിജ്യനികുതി അടയ്ക്കുന്നതിന് ഇ-പേമെന്റ് സംവിധാനം നടപ്പാക്കി. സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കാര്യക്ഷമതയും വേഗതയുമുള്ള നികുതി സ്വരൂപണമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ധനവകുപ്പിൽ ഇ-ഫയലിംഗും ഏർപ്പെടുത്തി. നികുതിചോർച്ച തടയുന്നതിന് ഓൺലൈൻ ഡെലിവറി നോട്ട് സംവി



ധാനവും ഫോറം 16 ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തി. ചെക്ക് പോസ്റ്റ് പരിശോധന കാര്യക്ഷമമാക്കാൻ പുതുതായി 40 വാഹനങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകി. ലോക്കൽ ഫണ്ട് ഓഡിറ്റിങ്ങിനെ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പാക്കി. അമരവിളയിൽ വാണിജ്യ-മോട്ടോർ-എക്സൈസ് വകുപ്പുകൾ ഏകോപിപ്പിച്ച് സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിച്ചു.



**കാരുണ്യ പദ്ധതി പ്രകാരം ആദിത്യ എന്ന കുട്ടിക്ക് ധനസഹായം നൽകിയപ്പോൾ**



കൃത്യമായ വിശകലനത്തിനു ശേഷം സംസ്ഥാനത്തിലെ കാർഷിക മേഖലയ്ക്ക് ഊർജം പകരാവുന്ന പദ്ധതികൾ രൂപവത്കരിച്ചുള്ള പ്രവർത്തന ശൈലിക്കാണ് തുടക്കം മുതൽ മുൻഗണന നൽകിയത്. കർഷകർക്കുള്ള ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ടു വഴി നൽകിയും അഗ്രോസർവീസ് സെന്ററുകൾ തുടങ്ങിയും മേഖലയിൽ പുത്തൻ ചുവടുവയ്പ്പുകൾ നടത്തി. പച്ചക്കറി കൃഷി ഉത്പാദന വർധനയ്ക്കും നെൽകൃഷി സംരക്ഷണത്തിനുമുള്ള നടപടികളും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായി.

**കെ.പി.മോഹനൻ**

കൃഷി-മൃഗസംരക്ഷണ-അച്ചടി-സ്റ്റേഷനറി മന്ത്രി

# സ്വാശ്രയ കാർഷിക സംസ്കാരത്തിലേക്ക്

2012-13 ൽ 20500 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി കൊണ്ടുവരികയും 11.91 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉത്പാദിപ്പിക്കുകയും ചെയ്തു. നടപ്പു സാമ്പത്തിക വർഷം 29,500 ഹെക്ടർ സ്ഥലത്തുകൂടി പച്ചക്കറി കൃഷി വ്യാപിപ്പിച്ച് 15.64 ലക്ഷം ടൺ പച്ചക്കറിയുടെ അധിക ഉത്പാദനം ലക്ഷ്യമിടുന്നു.

കൃഷിഭവനുകൾ മുഖേന പച്ചത്തേങ്ങ സംഭരണം ആരംഭിച്ചതോടെ തേങ്ങയ്ക്ക് മികച്ച വില ലഭിച്ചു. ഇതിനകം 47,660 ടൺ പച്ചത്തേങ്ങയാണ് സംഭരിച്ചത്. പച്ചത്തേങ്ങ സംസ്കരിച്ച് കൊപ്രയാക്കി നൽകുന്ന സംഘങ്ങൾക്ക് തേങ്ങയുടെ വിലയ്ക്കു പുറമെ ഒരു ക്വിന്റൽ കൊപ്രയ്ക്ക് 500 രൂപ തോതിൽ ധനസഹായവും നൽകുന്നു.

കേരകർഷകർക്ക് പുത്തൻ ഉണർവ് പകരാൻ നീര ഉത്പാദനത്തിലൂടെ സാധിച്ചു. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മൂന്നു നീര ഉത്പാദന പൈലറ്റ് കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. ആദ്യത്തേത് പീലിക്കോട് കാർഷിക കോളേജ് പരിസരത്ത് പ്രവർത്തനമാരംഭിച്ചു. സംസ്ഥാനത്ത് നാളികേര വികസന കോർപറേഷൻ ഇതിനകം 40,000 ലിറ്റർ നീര വിപണിയിലെത്തിച്ചു. സ്കൂൾ വളപ്പിൽത്തന്നെ ജൈവ പാഴ്വസ്തുക്കൾ സംസ്കരിച്ച് ജൈവവളമാക്കി കൃഷിക്ക് ഉപയോഗിക്കുന്നതിനുവേണ്ടി 600 വിദ്യാലയങ്ങളിൽ ബയോ



ഹരിത മൊബൈൽ യൂണിറ്റുകളുടെ സംസ്ഥാനതല ഉദ്ഘാടന വേളയിൽ

## ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴി

കൃഷി വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്ന ഇ-പേമെന്റ് സംവിധാനം നിലവിൽ വന്നു. 18.77 ലക്ഷം കർഷകർ കൃഷി വകുപ്പിൽ രജിസ്റ്റർ ചെയ്തു. 2013-14 ൽ 404.42 കോടി രൂപയുടെയും 2014-15ൽ 233.10 കോടി രൂപയുടെയും ആനുകൂല്യങ്ങൾ ഇ-പേമെന്റ് സംവിധാനത്തിലൂടെ നൽകി.

## 35 കേന്ദ്രങ്ങളിൽ അഗ്രോസർവീസ് സെന്ററുകൾ

കർഷകത്തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും കർഷകർക്കുള്ള സാങ്കേതിക സേവനം നൽകുന്നതിനും ലക്ഷ്യമിടുന്ന അഗ്രോ സർവീസ് സെന്ററുകൾ ആരംഭിച്ചു. ആദ്യഘട്ടത്തിൽ സംസ്ഥാനത്ത് 35 കേന്ദ്രങ്ങളിലാണ് സെന്ററുകൾ ആരംഭിച്ചത്. ഈ സാമ്പത്തിക വർഷം 50 അഗ്രോ സർവീസ് സെന്ററുകൾ കൂടി തുടങ്ങാനുള്ള നടപടികൾ പൂർത്തിയാകുന്നു.

ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു. പൊതുജനാരോഗ്യത്തിനും കാർഷികമേഖലക്കും ഒരുപോലെ ഭീഷണിയായി പക്ഷിപ്പനി ബാധയുണ്ടായപ്പോൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് രോഗബാധ നിയന്ത്രണവിധേയമാക്കി. താറാവ് നഷ്ടപ്പെട്ട കർഷകർക്ക് വിപണി വില നഷ്ടപരിഹാരമായി നൽകി.

സംസ്ഥാനത്ത് ജനിക്കുന്ന എല്ലാ പൈക്കിടാങ്ങൾക്കും പകുതി നിരക്കിൽ കാലിത്തീറ്റയും മറ്റു പരിപാലന സംവിധാനങ്ങളും നൽകുന്ന പദ്ധതിയായ ഗോവർധനിയിൽ ഒരു ലക്ഷത്തോളം കന്നുകുട്ടികളെ ഉൾപ്പെടുത്തി. ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ശീതകാല പഴം-പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 1.89 കോടി രൂപയുടെ മണ്ണു ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കി. 99.08 കോടി രൂപ ചെലവഴിച്ച് 128 മണ്ണ്-ജല സംരക്ഷണ പദ്ധതികൾ (RIDF) എല്ലാ ജില്ലകളിലും നടപ്പാക്കുന്നു.

സ്റ്റേഷനറി വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 14 ജില്ലാ ആഫീസുകളും തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ് നടപ്പിലാക്കുകയും ആവശ്യമായ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ എന്നിവ വാങ്ങി സ്ഥാപിക്കുകയും ചെയ്തു. വകുപ്പിന്റെ പ്രവർത്തനത്തിനായി വികസിപ്പിച്ച ഇമിസ്റ്റ് സോഫ്ട് വെയറിൽ ജീവനക്കാർക്ക് ട്രെയിനിംഗ് നൽകി. ഇമിസ്റ്റ് സംവിധാനം നിലവിൽ വരുന്നതോടുകൂടി സ്റ്റേഷനറി സാധനങ്ങളുടെ വിതരണം കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി മാറുകയും, ഓൺലൈൻ ഇൻഡന്റിംഗ് നടത്തുന്നതിന് സാധിക്കുകയും ചെയ്യും.

സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയത്തിലെ പേപ്പർ ടെസ്റ്റിംഗ് ലാബിൽ പേപ്പറിന്റെയും ബോർഡിന്റെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ആധുനിക രീതിയിലുള്ള ഡിജിറ്റൽ പേപ്പർ ടെസ്റ്റിംഗ് ഉപകരണങ്ങൾ സ്ഥാപിച്ചു.

ഷൊർണ്ണൂർ മേഖലാ സ്റ്റേഷനറി ആഫീസിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമായി ഒരു കുഴൽ കിണർ നിർമ്മിക്കുകയും ചെയ്തു. എറണാകുളം മേഖലാ സ്റ്റേഷനറി ആഫീസിൽ 'റാമ്പ്' സ്ഥാപിച്ചു. ആസ്ഥാന കാര്യാലയവും മുഖ്യസ്റ്റോറും തമ്മിൽ ബന്ധിപ്പിക്കുന്ന ഇടനാഴി നിർമ്മാണം പൂർത്തീകരിച്ചു. മാലിന്യമുക്ത പരിപാടിയുടെ ഭാഗമായി ആഫീസിന് മുൻപിൽ പൂന്തോട്ടം വച്ചുപിടിപ്പിക്കുകയും, ഗോഡൌണിൽ ചിതൽ ശല്യം ഒഴിവാക്കുന്ന തിനായി ടൈൽസ് പതിപ്പിക്കുകയും ചെയ്തു. ആസ്ഥാന കാര്യാലയത്തിൽ പുതിയ ഇലക്ട്രോണിക് 'വെയിംഗ് ബ്രിഡ്ജ്' സ്ഥാപിച്ചു.



## ● ഒറ്റ നോട്ടത്തിൽ...

- കർഷക ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴി
- 18.77 ലക്ഷം കർഷകർക്ക് രജിസ്ട്രേഷൻ
- 20,500 ഹെക്ടർ സ്ഥലത്ത് അധിക പച്ചക്കറി ഉത്പാദനം
- കർഷകത്തൊഴിലാളി ക്ഷാമം നേരിടാൻ അഗ്രോ സർവീസ് സെന്ററുകൾ
- വിദ്യാലയങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ
- പൈക്കിടാങ്ങൾക്ക് പകുതിനിരക്കിൽ കാലിത്തീറ്റനൽകുന്ന ഗോവർധിനി പദ്ധതി
- 47,660 ടൺ പച്ചത്തേങ്ങ സംഭരിച്ചു
- നെൽകൃഷിക്ക് ധനസഹായം
- ഗ്രൂപ്പ് ഫാമിംഗ്, കരനെൽകൃഷി സഹായം



നീരയുടെ പ്രചരണാർത്ഥം വിദ്യാർഥികൾക്ക് തെങ്ങിൻ തൈകൾ നൽകുന്നു



സംസ്ഥാനത്തിന്റെ തൊഴിൽ മണ്ഡലത്തിൽ സുരക്ഷിതത്ത്വവും നീതിയും ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളാണ് വകുപ്പ് നടപ്പാക്കിയത്. തൊഴിൽ ചട്ടങ്ങളിൽ ഭേദഗതിയും വേതന പുനർനിർണയവുമെല്ലാം നടപ്പാക്കിയതും ഇക്കാര്യങ്ങൾ കണക്കിലെടുത്താണ്. അഭിരുചിക്കിണങ്ങുന്ന ഒട്ടേറെ പരിശീലന പരിപാടികൾക്കും തുടക്കമിടാനായി.

**ഷിബു ബേബിജോൺ**
തൊഴിൽ മന്ത്രി

# വേതന ചട്ടങ്ങളിൽ ഭേദഗതി; തൊഴിലിടങ്ങളിൽ സുരക്ഷ


സ്വകാര്യ നേഴ്സിങ് മേഖലയിൽ പണിയെടുക്കുന്നവരുടെ തൊഴിൽ സുരക്ഷിതത്ത്വവും വേതന പുനർനിർണയവും നടത്തി. മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തി. 300 രൂപയായിരുന്ന ക്ഷേമ പെൻഷനുകൾ 600 രൂപയാക്കി വേതന സുരക്ഷാ പദ്ധതി നടപ്പിൽവരുത്തി. തിരഞ്ഞെടുക്കപ്പെട്ട തൊഴിൽമേഖലകളിലെ തൊഴിലാളികൾക്ക് ബാങ്കിലൂടെ വേതനം ലഭിക്കും. അധ്യാപകർ, ഷോപ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്നവർ, വൻകിട ഹോട്ടലുകൾ, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, ജൂവലറികൾ എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിനുവേണ്ടി മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തി.

പത്തു ലക്ഷത്തിലധികം തൊഴിലാളികൾ പണിയെടുക്കുന്ന, കടകളിലെയും വാണിജ്യ സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് സംരക്ഷണം ഏർപ്പെടുത്തുന്നതിന് കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2014 ഭേദഗതി ചെയ്തു. ഇതിലൂടെ പരിചയ സർട്ടിഫിക്കറ്റ്, നിയമന ഉത്തരവ്, വിശ്രമമുറി, കുട്ടികൾക്കുള്ള ക്രഷ്, ശുചിമുറികൾ എന്നിവ ഉറപ്പുവരുത്തി.

പൂട്ടിക്കിടക്കുന്ന 14 തോട്ടങ്ങളിൽ 12 എണ്ണം തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. തൊഴിൽ വകുപ്പിനും ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സിനും സ്വന്തമായ ആസ്ഥാനങ്ങൾ നിർമിച്ചു. തൊഴിലിടങ്ങളിലെയും ഫാക്ടറികളിലെയും അപകടനിരക്ക് ഗണ്യമായി കുറഞ്ഞു. ആർ.എസ്.ബി.വൈ./ചിസ് സ്മാർട്ട് കാർഡിൽ ഉൾപ്പെട്ട കുടുംബനാഥനോ,



**എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് മന്ത്രി ഷിബു ബേബി ജോൺ സന്ദർശിക്കുന്നു**



## എംപ്ലോയബിലിറ്റി സെന്ററുകൾ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി. തൊഴിലന്വേഷകരുടെ അഭിരുചി തിരിച്ചറിഞ്ഞ് ആവശ്യമായ കൗൺസലിങ്ങും പരിശീലനവും നൽകി. തൊഴിലന്വേഷകർക്ക് സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പാക്കുന്ന പദ്ധതിയാണിത്. കേരളം നടപ്പാക്കിയ ഈ പദ്ധതി പിന്നീട് കേന്ദ്രസർക്കാർ ഏറ്റെടുത്തു. തൊഴിലന്വേഷകരെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് സംസ്ഥാനത്ത് ആരംഭിച്ച പുതിയ പദ്ധതിയാണ് കൗശൽ കേന്ദ്ര. വിദേശ ഭാഷാ പരിജ്ഞാനം, ഇ-ലൈബ്രറി സമ്പ്രദായം, ഇ-നോളജ്, വെർച്വൽ ക്ലാസ്റൂം എന്നിവ അടങ്ങുന്നതാണ് കൗശൽ കേന്ദ്ര പദ്ധതി.

നാഥയ്ക്കോ അപകടമരണം സംഭവിച്ചാൽ അവകാശികൾക്ക് രണ്ടു ലക്ഷം രൂപയുടെ ധനസഹായം സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി ആർ.എസ്.ബി.വൈ.യിലൂടെ രാജ്യത്ത് ആദ്യമായി നടപ്പിലാക്കി.

വ്യത്യസ്ത നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും സ്കിൽ ഡെവലപ്മെന്റ് മിഷൻ - കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് - പ്രവർത്തനമാരംഭിച്ചു. രാജ്യത്ത് ആദ്യമായി സ്കിൽ കാമ്പസ് ആരംഭിച്ചു. അന്താരാഷ്ട്ര കൺസ്ട്രക്ഷൻ അക്കാദമി (ചവറ), നേഴ്സിങ് അക്കാദമി (കഴക്കൂട്ടം) എന്നിവ പ്രവർത്തനമാരംഭിച്ചു. വിദേശ തൊഴിലവസരം ഉറപ്പുള്ള സെക്യൂരിറ്റി അക്കാദമി (കിൻഫ്ര പാർക്ക്, കഴക്കൂട്ടം, ഇൻകെൽ, അങ്കമാലി), ഓയിൽ ആൻഡ് റിഗ് അക്കാദമി (അങ്കമാലി), മൾട്ടി-സ്കിൽ അക്കാദമി (ഇൻകെൽ, അങ്കമാലി) എന്നിവ പ്രവർത്തനമാരംഭിച്ചു. ചില്ലറ വില്പന, ആതിഥ്യസേവനം, അധ്യാപന മേഖലയിലും നൈപുണ്യവികസന അക്കാദമികൾ വരും.

## നോക്കുകൂലിക്ക് തടയിട്ടു


നോക്കുകൂലി, അമിതകൂലി ഈടാക്കൽ പ്രശ്നം പരിഹരിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു. ഇവ സംബന്ധിച്ച പരാതികൾ 24 മണിക്കൂറിനുള്ളിൽ പരിഹരിക്കുന്നതിന് **ലേബർ ഹെൽപ് -ലൈൻ (155-300-3)** സ്ഥാപിച്ചു. ഹെൽപ്-ലൈനിലൂടെ ലഭിച്ച എല്ലാ പരാതികളും പരിഹരിക്കപ്പെട്ടു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളാക്കി. മിന്നൽ പണിമുടക്കുകളെ നേരിടുന്നതിന് ജില്ലാതല സമിതികൾ രൂപീകരിച്ചു. ജില്ലാ പൊലീസ് സൂപ്രണ്ട്, ജില്ലാ ലേബർ ഓഫീസർ, പ്രമുഖ ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്നതാണ് ജില്ലാതല സമിതികൾ.



## ഒറ്റ നോട്ടത്തിൽ...

- സ്വകാര്യ നേഴ്സിങ് മേഖലയിൽ തൊഴിൽ സുരക്ഷയും വേതന പുനർനിർണയവും
- മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി
- നോക്കുകൂലി, അമിത കൂലി പ്രശ്നപരിഹാരത്തിന് നടപടി
- തൊഴിൽ നിയമങ്ങളിൽ പരിഷ്കാരം
- അപകടമരണമുണ്ടായാൽ രണ്ടു ലക്ഷം രൂപ ധനസഹായം
- നൈപുണ്യ വികസനത്തിന് സ്കിൽ ഡവലപ്മെന്റ് മിഷൻ
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി
- അഭിരുചിക്കിണങ്ങുന്ന തൊഴിൽ പരിശീലന പരിപാടികൾ





ഭക്ഷ്യ-പൊതുവിതരണ രംഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു. റേഷൻ വിതരണം കാര്യക്ഷമമാക്കാനുതകുംവിധം പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവത്കരണം ഏർപ്പെടുത്താനായി.

**അനൂപ് ജേക്കബ്**
ഭക്ഷ്യം-സിവിൽ സപ്ലൈസ്-രജിസ്ട്രേഷൻ മന്ത്രി

# അറുപതുലക്ഷം പേർക്കു കൂടി ഒരു രൂപയ്ക്ക് അരി

ഒരു രൂപയ്ക്ക് അരി റേഷനായി നൽകുന്ന പദ്ധതിയിൽ 60 ലക്ഷം പേരെക്കൂടി ഉൾപ്പെടുത്തി. പൊതുവിതരണ രംഗത്ത് കംപ്യൂട്ടർവത്കരണം ആരംഭിച്ചത് റേഷൻ വിതരണം കാര്യക്ഷമവും സുതാര്യവുമാക്കി. 82 ലക്ഷം വനിതകളെ കാർഡുടമകളാക്കി റേഷൻ കാർഡ് പുതുക്കി നൽകുന്ന പ്രവർത്തനങ്ങളും നടക്കുന്നു.

103 മാവേലി സ്റ്റോറുകളും ആറു സൂപ്പർ മാർക്കറ്റുകളും ഒരു ഹൈപ്പർ മാർക്കറ്റും ആരംഭിച്ചു. 13 പുതിയ മാവേലി മെഡിക്കൽ സ്റ്റോറുകളും മൂന്ന് പെട്രോൾ പമ്പുകളും ആരംഭിച്ചു. കോന്നിയിൽ പ്രവർത്തിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് എന്ന സ്ഥാപനത്തിൽ ഫുഡ് ടെക്നോളജി ബിരുദ-ബിരുദാനന്തര കോഴ്സുകളാരംഭിച്ചു.


കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗാധാരം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നിവയുടെ മുദ്രവില ആയിരം രൂപയായി കുറച്ചു. ഇതിലൂടെ ഭാഗപത്രം മുതലായവ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾക്ക് പ്രതിവർഷം 400 കോടി രൂപയുടെ ആനുകൂല്യം. സ്റ്റാമ്പ് ഡ്യൂട്ടി നിരക്കുകൾ രണ്ടു ശതമാനം കുറച്ചു. കുടിശ്ശികയായി കിടക്കുന്ന അണ്ടർവാലേഷൻ കേസുകളിൽ തീർപ്പു കൽപ്പിക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി. നാലു ലക്ഷത്തോളം കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചു. ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു. ഇതിന് അദാലത്തുകൾ നടത്തി. 80,000 അപ്പീലുകളിൽ തീർപ്പുകൽപ്പിച്ചു. വിലനിർണയം സംബന്ധിച്ച് ലഭിക്കുന്ന അപ്പീലുകൾ പരിഗണിക്കുന്നതിനുള്ള സമയപരിധി ഒഴിവാക്കി അപ്പീൽ പരിഗണന ഒരു തുടർപ്രക്രിയയാക്കി. അപ്പീൽ തീർപ്പിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കാൻ അവസരം.




കമ്പ്യൂട്ടർവത്ക്കരണം നടപ്പാക്കിയ തിരുവനന്തപുരം കാഞ്ഞിരംപാറയിലെ റേഷൻ കട സന്ദർശിച്ചപ്പോൾ

## രജിസ്ട്രേഷൻ വിവരങ്ങൾ ഓൺലൈനിൽ

സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന ആധാരങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതിക്ക് 2010-11ൽ തുടക്കംകുറിച്ചു. പദ്ധതി തിരുവനന്തപുരം ജില്ലയിലെ 41 സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പാക്കി. സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചുവരുന്ന ആധാര വാല്യങ്ങൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി നിലവിലെ രജിസ്ട്രേഷൻ ഡേറ്റായുടെ ഭാഗമാക്കാനാണ് തീരുമാനം. ആധാര പകർപ്പുകൾ ഉടൻ ലഭിക്കാൻ ഇതുമൂലം സൗകര്യമാകും.



20 വർഷത്തിനുമേൽ കാലയളവിലേക്കുള്ള ബാധ്യതാ സർട്ടിഫിക്കറ്റുകൾ തയാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് 1980 മുതലുള്ള ആധാരവിവരങ്ങൾകൂടി ഡിജിറ്റൽ രൂപത്തിലാക്കുന്ന ജോലികൾ 120 സബ് രജിസ്ട്രാർ ഓഫീസുകളിൽക്കൂടി നടക്കുകയാണ്. സൊസൈറ്റി രജിസ്ട്രേഷനും പാർട്ണർഷിപ്പ് നിയമപ്രകാരമുള്ള ഫേംസ് രജിസ്ട്രേഷനുമുള്ള ഓൺലൈൻ സൗകര്യം www.egroops.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ലഭ്യമാക്കി.



## നെല്ലിന് ഉയർന്ന താങ്ങുവില

രാജ്യത്ത് നെല്ലിന് ഏറ്റവും ഉയർന്ന താങ്ങുവില നൽകി. കേന്ദ്രം കിലോയ്ക്ക് 13.60 രൂപ താങ്ങുവില നിശ്ചയിച്ച സ്ഥാനത്ത് 19 രൂപയ്ക്കാണ് സംസ്ഥാനം നെല്ല് സംഭരിക്കുന്നത്. നടപ്പുവർഷം മാത്രം 1.72 ലക്ഷം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. നെൽകർഷകർക്ക് ഓൺലൈൻ രജിസ്ട്രേഷനും ഇ.പി.ആർ.എസ്. പദ്ധതിയും നടപ്പാക്കി. പ്രതിദിനം രണ്ടു ടൺ പഴം-പച്ചക്കറികൾ സംസ്കരിച്ച് സൂക്ഷിക്കുന്നതിന് 1250 ടൺ സംഭരണ ശേഷിയുള്ള നീർജലീകരണ സംസ്കരണ-ശീതീകരണ സംഭരണിയുടെ നിർമാണം എറണാകുളം ജില്ലയിലെ ഇലഞ്ഞിയിൽ ആരംഭിച്ചു.

## ഒറ്റ നോട്ടത്തിൽ...

- ഒരു രൂപയ്ക്ക് അരി; 60 ലക്ഷം പേർക്കു കൂടി
- നെല്ലുസംഭരണത്തിൽ റെക്കോഡ്
- നെല്ലിന് രാജ്യത്തെ ഉയർന്ന താങ്ങുവില
- പഴം പച്ചക്കറി സംഭരണത്തിന് സംവിധാനങ്ങൾ
- 103 മാവേലി സ്റ്റോറുകൾ; ആറ് സൂപ്പർമാർക്കറ്റുകൾ
- സമഗ്രവും സമ്പൂർണവുമായ കമ്പ്യൂട്ടർവത്കരണം പൊതുവിതരണരംഗത്ത് നടപ്പിലാക്കുന്നതിന് അനുമതി നൽകി.
- ഭക്ഷ്യധാന്യങ്ങളുടെ ഡോർ ടു ഡോർ ഡെലിവറി സമ്പ്രദായം നടപ്പിലാക്കുകയും പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുകയും ചെയ്തു.
- അണ്ടർവാലേഷൻ കേസുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ
- ഭൂമിയുടെ ന്യായവില; അപാകതകൾ പരിഹരിക്കാൻ നടപടി
- വിവിധ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്ന പദ്ധതി ആരംഭിച്ചു.
- ആധാരങ്ങൾ ഡിജിറ്റൽ രൂപത്തിൽ
- ബാധ്യതാ സർട്ടിഫിക്കറ്റിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി





സാമൂഹ്യവിരുദ്ധർക്കെതിരെ ഒരു തരത്തിലുള്ള സ്വാധീനങ്ങൾക്കും വശപ്പെടാതെ നടപടി സ്വീകരിക്കാനുള്ള ആർജവം സർക്കാർ കൈക്കൊണ്ടു. ഒട്ടേറെപ്പേരെ ചൂഷണം ചെയ്ത കൊള്ളപ്പലിശക്കാർക്കെതിരെ നടത്തിയ നടപടിയും ലഹരിവിരുദ്ധ യുദ്ധം പ്രഖ്യാപിച്ചു കൊണ്ടുള്ള പദ്ധതിയും ആഭ്യന്തര വകുപ്പിന്റെ നിശ്ചയ ദാർഢ്യമുള്ള ചുവടുവയ്പ്പുകളാണ്. സ്ഥിരം കുറ്റവാളികൾക്കെതിരെയും വിട്ടുവീഴ്ചയുണ്ടായിട്ടില്ല. പൊലീസിനെ നവീകരിച്ച് കൂടുതൽ ശക്തവും മാനുഷികമുഖവുമുള്ള സേനയാക്കി മാറ്റുന്ന പ്രവർത്തനങ്ങളാണ് നടക്കുന്നത്. ക്രമസമാധാനപാലത്തിൽ കേരളം രാജ്യത്തിന് മാതൃകയായി തുടരുന്നു.

**രമേശ് ചെന്നിത്തല**
ആഭ്യന്തര മന്ത്രി

# ആർജവമുള്ള ചുവടുകൾ; ക്രമസമാധാനപാലനത്തിൽ കേരളം മാതൃക

കേരളാ പൊലീസിന്റെ ചരിത്രത്തിലാദ്യമായി സ്ഥലം മാറ്റത്തിന് മാനദണ്ഡം തയാറാക്കി. അശാസ്ത്രീയമായ സ്ഥലം മാറ്റ രീതികൾ സേനാംഗങ്ങളുടെ മനോവീര്യത്തെയും സുരക്ഷിതത്വബോധത്തെയും ബാധിക്കുമെന്നതിനാലാണ് ഇത്തരമൊരു മാനദണ്ഡം സർക്കാർ നിശ്ചയിച്ചത്. സിവിൽ പൊലീസ് ഓഫീസർ മുതൽ എസ്.പി വരെയുള്ള പൊലീസ് ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റത്തിന് ഇത് ബാധകമായിരിക്കും.

രാജ്യത്തെ എല്ലാ പൊലീസ് സ്റ്റേഷനുകളെയും ബന്ധപ്പെട്ട മറ്റ് ഓഫീസുകളെയും കംപ്യൂട്ടർ ശൃംഖലയിലൂടെ ബന്ധിപ്പിക്കുന്ന കേന്ദ്രപദ്ധതിയായ ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിങ് ആൻഡ് നെറ്റ്‌വർക്ക് സിസ്റ്റംസ് നിലവിൽ വന്നു. കേന്ദ്ര ആഭ്യന്തരമന്ത്രാലയമാണ് ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നത്. രാജ്യത്തെ 14,000 പൊലീസ് സ്റ്റേഷനുകളെയും ബന്ധപ്പെട്ട ആറായിരം ഓഫീസുകളെയും വകുപ്പുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതിയാണിത്. കേരളത്തിൽ റോഡപകടങ്ങളിൽ ഓരോ വർഷവും നാലായിരത്തോളം പേർ മരിക്കുകയും ഏകദേശം 35,000 പേർക്ക് പരിക്കേൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ റോഡ് ഗതാഗതസുരക്ഷയ്ക്കും ഗതാഗത നീയമങ്ങൾ കർശനമാക്കി നടപ്പാക്കുന്നതിനും വേണ്ടി ശുഭയാത്ര 2015 നടപ്പാക്കി.

കലാലയങ്ങളിൽ ലഹരിഉപയോഗം നിയന്ത്രിക്കേണ്ട സാഹചര്യമുണ്ടെന്ന തിരിച്ചറിവിലാണ് സർക്കാർ ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതിക്ക് തുടക്കമിട്ടത്. പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 26,624 റെയ്ഡുകൾ നടത്തി. 5,434 കേസുകൾ രജിസ്റ്റർ ചെയ്തു. 5,295 പേരെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു. **9497936171 എന്ന ഹെൽപ് ലൈൻ നമ്പർ ഏർപ്പെടുത്തി. മമ്മൂട്ടിയാണ് ഈ പദ്ധതിയുടെ ബ്രാൻഡ് അംബാസിഡർ.**

സ്ഥിരം കുറ്റവാളികൾക്കെതിരെ ഗുണ്ടാ നിയമം അനുസരിച്ച് ഓപ്പറേഷൻ സുരക്ഷയിലൂടെ കർശനമായ നടപടികൾ എടുത്തു.



**ആഭ്യന്തരവകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ ഉദ്ഘാടനം നിർവഹിച്ച വേളയിൽ മന്ത്രി രമേശ് ചെന്നിത്തല**

## കൊള്ളപ്പലിശക്കാരെ വീഴ്ത്തിയ കുബേര

ഓപ്പറേഷൻ കുബേര പദ്ധതിയിൽ 2,836 കേസുകൾ പലിശക്കാർക്കെതിരെ രജിസ്റ്റർ ചെയ്തു. 1,722 പേരെ പൊലീസ് അറസ്റ്റ് ചെയ്തു. പലിശക്കാർ ഈടായി വാങ്ങിയ നിരവധി രേഖകളും പ്രമാണങ്ങളും പിടിച്ചെടുക്കുകയും ചെയ്തു. സംസ്ഥാനത്ത് ഏറെപ്പേർ ഇത്തരക്കാരുടെ ചൂഷണത്തിനിരയാകുന്നുവെന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണ് കൊള്ളപ്പലിശക്കാർക്കെതിരെ സന്ധിയില്ലാ സമരം പ്രഖ്യാപിച്ചു കൊണ്ട് ഓപ്പറേഷൻ കുബേരക്ക് തുടക്കമിട്ടത്. സത്യസന്ധതയ്ക്കും കാര്യക്ഷമതയ്ക്കും പേരുകേട്ട പൊലീസ് ഉദ്യോഗസ്ഥരെ ഇതിന്റെ മേൽനോട്ടത്തിനായി നിയോഗിച്ചു. ആസൂത്രിതമായ നീക്കത്തിലൂടെ കൊള്ളപ്പലിശക്കാർക്കെതിരെ കർശന നടപടിയെടുക്കാൻ കഴിഞ്ഞു.

കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടശേഷം നിയമനടപടികളിൽ നിന്നൊഴിഞ്ഞ് മാറിനടക്കുന്നവരെ അറസ്റ്റ് ചെയ്യാൻ നടപടികൾ സ്വീകരിച്ചു. നൂതന സാങ്കേതികവിദ്യകളുടെ സഹായത്തോടെ പൊതുജനങ്ങളുമായി സംവദിക്കാനും, ആശയങ്ങൾ പങ്കുവെക്കാനും ഉദ്ദേശിച്ച് മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കി. ആഭ്യന്തര മന്ത്രിയുടെ എല്ലാ ദിവസത്തെയും പരിപാടികൾ ഇതിലൂടെ പൊതുജനത്തിന് ലഭിക്കും. വകുപ്പിന്റെ പരിപാടികളെക്കുറിച്ച് ആഭ്യന്തരവകുപ്പ് മന്ത്രിയുമായി ആശയവിനിമയം നടത്താനും സാധിക്കും.

## ഓപ്പറേഷൻ സുരക്ഷ

അക്രമികളെയും സാമൂഹ്യവിരുദ്ധരെയും ഗുണ്ടകളെയും പൂർണമായും അമർച്ച ചെയ്യുന്നതിന്റെ ഭാഗമായിയാണ് ആഭ്യന്തരവകുപ്പ് ഓപ്പറേഷൻ സുരക്ഷ പദ്ധതിക്ക് രൂപം നൽകിയത്. 24-02-2015 മുതൽ ആരംഭിച്ച ഓപ്പറേഷൻ സുരക്ഷ രണ്ടുമാസം പിന്നിടുമ്പോൾ ക്രമസമാധാന രംഗത്ത് വൻ മുന്നേറ്റമാണ് സൃഷ്ടിച്ചിരിക്കുന്നത്. സാമൂഹ്യവിരുദ്ധരും ഗുണ്ടകളും ഉൾപ്പെടെ 48809 പേർ 20-5-2015 വരെ പോലീസ് പിടിയിലായി. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമപ്രകാരവും (കാപ്പ), ഗുണ്ട-റൗഡി ലിസ്റ്റിൽ പെട്ട് ഒളിവിൽ കഴിയുന്നവരും, ക്രമസമാധാനത്തിന് വൻ ഭീഷണി ഉയർത്തുന്നവരുമായ കുപ്രസിദ്ധ ഗുണ്ടകൾ ഉൾപ്പെടെ 2462 പേർ ഇതുമായി ബന്ധപ്പെട്ട് പിടിയിലായി. അക്രമം, വധശ്രമം, കൊലപാതകം തുടങ്ങിയ കേസുകളുമായി ബന്ധപ്പെട്ട് 1016 ക്വട്ടേഷൻ - വാടക ഗുണ്ടകൾ പിടിയിലായത് വൻ നേട്ടമായി. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമ ങ്ങൾക്ക് 528 പേരും അബ്കാരി ആക്ട്, ലഹരി വസ്തു വിപണന വിരുദ്ധ നിയമം, കള്ളനോട്ട്, അനധികൃത മണൽ ഖനനം തുടങ്ങിയവയുമായി ബന്ധപ്പെട്ട് 1483 പേരും അറസ്റ്റിലായി. ജാമ്യമില്ലാ വാറണ്ട് പുറപ്പെടുവിച്ചിട്ടുള്ള 31863 പ്രതികളെ ഇക്കാലയളവിൽ അറസ്റ്റുചെയ്യാനായി.



ജനമൈത്രി പോലീസ് ലോഗോ പ്രകാശനം

## ഒറ്റ നോട്ടത്തിൽ...

- ഓപ്പറേഷൻ കുബേര പദ്ധതിയിൽ 2,836 കേസുകൾ രജിസ്റ്റർ ചെയ്തു
- ക്ളീൻ കാംപസ് സേഫ് കാംപസ്- ലഹരിവിരുദ്ധ പോരാട്ടം ശക്തമാക്കി
- ഓപ്പറേഷൻ സുരക്ഷ- സ്ഥിരം കുറ്റവാളികൾക്കെതിരെ കർശന നടപടി
- പൊതുജനങ്ങളുമായി സംവദിക്കാൻ മൊബൈൽ ആപ്ലിക്കേഷൻ
- പൊലീസിലെ സ്ഥലംമാറ്റത്തിന് മാനദണ്ഡം
- ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക്
- റോഡുസുരക്ഷയ്ക്ക് ശുഭയാത്ര പരിപാടി
- വാഹനാപകടങ്ങളറിയിക്കാൻ ടോൾ ഫ്രീ നമ്പർ- 1099
- വാഹനാപകടത്തിൽപ്പെട്ടാൽ അടിയന്തര സഹായത്തിന് സ്മൈൽ



സമ്പൂർണ വൈദ്യുതീകരണം, പാരമ്പര്യേതര ഊർജസ്രോതസുകളുടെ ഫലപ്രദമായ വിനിയോഗം, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ, ഉത്പാദനമേഖലയിൽ കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ, പ്രസരണ-വിതരണ നഷ്ടം കുറയ്ക്കൽ, വൈദ്യുത മേഖലയിലെ സേവനങ്ങളുടെ ആധുനീകരണം, അടിസ്ഥാന സൗകര്യവികസനം തുടങ്ങി ഊർജ രംഗവുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി നേതൃത്വം നൽകി. വരുംകാലം മുന്നിൽകണ്ട് വർദ്ധിച്ച ഊർജസ്വലതയോടെ പ്രവർത്തിച്ചതിന്റെ ഫലമായി പുതിയൊരു ഊർജോപഭോഗസംസ്കാരത്തിന് നാന്ദികുറിക്കുവാനായി.

**ആര്യാടൻ മുഹമ്മദ്**
വൈദ്യുതി മന്ത്രി

# ഊർജ സംരക്ഷണത്തിന് ദേശീയ അംഗീകാരം

കേന്ദ്ര ഊർജമന്ത്രാലയം ഏർപ്പെടുത്തിയ ദേശീയ ഊർജ സംരക്ഷണ അവാർഡ് മൂന്നു വർഷം തുടർച്ചയായി എനർജി മാനേജ്മെന്റ് സെന്ററിന് (ഇ.എം.സി.) ലഭിച്ചു. ഡിമാന്റ് സൈഡ് മാനേജ്മെന്റിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവെച്ചതിനുള്ള 2014 ലെ കൗൺസിൽ ഓഫ് പവർ യൂട്ടിലിറ്റീസ് ഏർപ്പെടുത്തിയ ഇന്ത്യ പവർ അവാർഡും ഇ.എം.സിക്ക് ലഭിച്ചു. 2014 ലെ മികച്ച ഊർജ സംരക്ഷണ പ്രചാരണ പ്രവർത്തനങ്ങൾക്ക് വിതരണ കമ്പനികൾക്ക് നൽകുന്ന ദേശീയ അവാർഡ് കെ.എസ്.ഇ.ബിയും കരസ്ഥമാക്കി.

നൂതനമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ കൊച്ചി ഇൻഫോപാർക്കിലുള്ള സ്റ്റാർട്ട് അപ്പ് വില്ലേജിൽ എനർജി ഇന്നവേഷൻ സോൺ പ്രവർത്തനമാരംഭിച്ചു. പതിനായിരം വീടുകളിൽ റൂഫ് ടോപ്പ് സോളാർ പാനൽ ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി നടപ്പാക്കുന്നു. ചെറുകിട ജലവൈദ്യുത നയവും സൗരോർജ നയവും പ്രഖ്യാപിച്ചു. കേരളത്തിൽ ഐ. എസ്. 15700: 2005 പ്രകാരമുള്ള സർവീസ് ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റം (എസ്.ക്യൂ.എം.എസ്.) സർട്ടിഫിക്കേഷൻ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് ലഭിച്ചു. ലിഫ്റ്റുകളുടെയും എസ്കലേറ്ററുകളുടെയും ബന്ധപ്പെട്ട ഉപകരണങ്ങളുടെയും സുരക്ഷിതമായ പ്രവർത്തനം ക്രമീകരിക്കുന്നതിന് കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്ട് നിലവിൽ വന്നു. ഊർജസംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിദ്യാർഥികൾക്ക് നാളേക്കിത്തിരി ഊർജം പരിപാടി, സി.ബി.എസ്.ഇ. സ്കൂളുകളിൽ എനർജി സ്മാർട്ട് സ്കൂൾ പ്രോഗ്രാം, എന്നിവ നടപ്പാക്കി. വൈദ്യുതി പാഴാക്കാതിരിക്കാൻ പൊതുജന ബോധവത്കരണത്തിന് ലാഭപ്രഭ പദ്ധതി വിജയകരമായി നടപ്പാക്കി.





## പുതിയ വൈദ്യുതി കണക്ഷനുകൾ 16 ലക്ഷം

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുകയാണ്. 2015 മാർച്ച് വരെ 16 ലക്ഷം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകി. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നടന്നു. 12,395 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. 7,185 കിലോമീറ്റർ 11 കെ.വി. ലൈൻ പുതുതായി നിർമിച്ചു. വിതരണ മേഖലയിൽ രണ്ടു സർക്കിൾ ഓഫീസുകൾ, അഞ്ച് ഡിവിഷൻ ഓഫീസുകൾ, 54 സെക്ഷൻ ഓഫീസുകൾ എന്നിവ രൂപീകരിച്ചു. പ്രസരണമേഖല ശക്തിപ്പെടുത്തുന്നതിന് രണ്ട് 220 കെ.വി. സ്റ്റേഷൻ, ഒൻപത് 110 കെ.വി. സ്റ്റേഷൻ, രണ്ട് 66 കെ.വി. സബ്സ്റ്റേഷൻ, ഇരുപത് 33 കെ.വി. സബ്സ്റ്റേഷൻ എന്നിവയുടെ നിർമാണവും പൂർത്തിയാക്കി.




ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ ഉദ്ഘാടനം

## വൈദ്യുതി ചാർജ് ഓൺലൈനായി അടയ്ക്കാം

എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ് ഇന്റർനെറ്റ് വഴി അടക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തി. അക്ഷയകേന്ദ്രങ്ങൾ വഴിയും പണം അടക്കാനുള്ള സൗകര്യമുണ്ട്. ഊർജ സംരക്ഷണപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനു വേണ്ടി കെ.എസ്.ഇ.ബിയിൽ എനർജി സേവിങ്സ് കോർഡിനേഷൻ ടിം (ഇ.എസ്.സി.ഒ.ടി.) രൂപീകരിച്ച് പ്രവർത്തിക്കുന്നു.

## കോൾ സെന്റർ സംവിധാനം

വൈദ്യുതി മുടക്കം, വോൾട്ടേജ് പ്രശ്നങ്ങൾ, ട്രാൻസ്ഫോർമർ,വൈദ്യുതി ലൈൻ, വൈദ്യുതി പോസ്റ്റ്, സർവീസ് കണക്ഷൻ, വൈദ്യുതി ബിൽ, എനർജി മീറ്റർ, അപകടങ്ങൾ, വൈദ്യുതി മോഷണം, ഓൺലൈൻ പേമെന്റ് തുടങ്ങി ഏത് പരാതിയും രജിസ്റ്റർ ചെയ്യുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ. 1912, 0471-2555544 (കേരളത്തിന് പുറത്തുള്ളവർക്ക്) എന്നീ നമ്പരുകളിൽ ഉപഭോക്താക്കൾക്ക് കോൾ സെന്ററുമായി ബന്ധപ്പെടാം.



## ഒറ്റ നോട്ടത്തിൽ...

- 16 ലക്ഷം പുതിയ വൈദ്യുതി കണക്ഷനുകൾ
- വൈദ്യുതി ചാർജ് ഓൺലൈനിൽ അടയ്ക്കാൻ സംവിധാനം
- നൂതനാശയങ്ങളുടെ പ്രോത്സാഹനത്തിന് എനർജി ഇന്നവേഷൻ സോൺ
- പതിനായിരം വീടുകളിൽ സൗരോർജ പാനലിനുള്ള പദ്ധതി
- സൗരോർജ നയം രൂപീകരിച്ചു
- ദേശീയ ഊർജ സംരക്ഷണ അവാർഡ് ലഭിച്ചു
- വിദ്യാർത്ഥികൾക്കായി നാളേക്കിത്തിരി ഊർജം പരിപാടി
- ബോധവത്കരണത്തിന് ലാഭപ്രഭ
- കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം



ക്ഷീരമേഖല സ്വയംപര്യാപ്തതയിലേക്ക്. ഗ്രാമവികസന പദ്ധതികളിൽ വമ്പിച്ച കുതിപ്പ്. പ്രവാസി സുരക്ഷയ്ക്കും ക്ഷേമ പദ്ധതികൾക്കും മുൻഗണന. സാംസ്കാരിക രംഗത്ത് നവോത്ഥാനം. മലയോരവികസന ഏജൻസി. മലയാളം മിഷൻ പ്രവർത്തനം വിപുലമാക്കി. ആസൂത്രണ വികസന രംഗത്ത് രണ്ട് ചുവട് മുന്നിൽ. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി - നാലു കൊല്ലം കൊണ്ട് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളിൽ ചാരിതാർഥ്യത്തോടെ, വികസനക്കുതിപ്പിന് നേതൃത്വം നൽകി കരുത്തുറ്റ നടപടികളുമായി...

**കെ.സി. ജോസഫ്**
ഗ്രാമവികസന-സാംസ്കാരിക-പ്രവാസികാര്യ-ക്ഷീരവികസന-ആസൂത്രണ-
സാമ്പത്തികകാര്യ-ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് മന്ത്രി

# ഗ്രാമീണമേഖലയിൽ പുതിയ ഉണർവ്
# പ്രവാസിസുരക്ഷയ്ക്ക് മുൻഗണന

## പ്രവാസി ക്ഷേമം

ഇറാഖ്, ലിബിയ, യെമൻ എന്നിവിടങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങൾ മൂലം ജീവനുപോലും ഭീഷണി നേരിട്ട മലയാളികളെ ഒരു പോറൽപോലും ഏൽക്കാതെ നാട്ടിൽ തിരിച്ചെത്തിക്കാൻ കഴിഞ്ഞതും നേപ്പാളിലെ ദുരന്തബാധിത മേഖലയിൽ നിന്നും മലയാളികളെ സുരക്ഷിതരാക്കി നാട്ടിലെത്തിക്കാൻ കഴിഞ്ഞതും സംസ്ഥാന സർക്കാരിന് സംതൃപ്തി നൽകുന്ന കാര്യമാണ്.

വിദേശ മലയാളികളുടെ ചെറുതും വലുതുമായ പ്രതിസന്ധികളിൽ സർക്കാർ പദ്ധതികൾ തുണയായി. നോർക്ക മന്ത്രിയുടെ പ്രവാസി ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതിയിൽ നിന്ന് സഹായത്തിനുള്ള വരുമാന പരിധി 25,000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയാക്കി. മരണാനന്തര ധനസഹായം 10,000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയാക്കി. തിരികെയെത്തിയവരുടെ ചികിത്സക്കായി പരമാവധി ധനസഹായം 50,000 രൂപയുമാക്കി.

വിവാഹാവശ്യത്തിന് 15,000 രൂപയും കൃത്രിമ കൈ, കാൽ, ക്രച്ചസ് എന്നിവയ്ക്ക് 10,000 രൂപയും ധനസഹായം നൽകുന്നു. സാന്ത്വന പദ്ധതിയിൽ നിന്നും 5,413 പേർക്ക് 9.5 കോടി രൂപ ധനസഹായം നൽകി. നിർധനരായ പ്രവാസികളെയും അവരുടെ ആശ്രിതരെയും സഹായിക്കുന്നതിനുള്ള ചെയർമാൻ ഫണ്ട് പദ്ധതിയിൽ അപേക്ഷിക്കാനുള്ള വാർഷിക വരുമാനപരിധി ഒരു ലക്ഷം രൂപയാക്കി. 701 അപേക്ഷകർക്ക് 1.43 കോടി രൂപയുടെ സഹായം അനുവദിച്ചു. വിദേശത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും മരണമടയുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുവേണ്ടിവരുന്ന ചെലവുകൾ വഹിക്കാൻ നോർക്ക വകുപ്പ് ആവിഷ്കരിച്ച കാരുണ്യം പദ്ധതിയിൽ 10.48 ലക്ഷം രൂപ അനുവദിച്ചു.

ജയിലുകളിൽ ശിക്ഷ പൂർത്തിയാക്കിയവരെ നാട്ടിലെത്തിക്കുന്നതിന് ആരംഭിച്ച സ്വപ്നസാഫല്യം പദ്ധതി മുഖേന വിമാന ടിക്കറ്റ് നൽകി 93 മലയാളികളെ നാട്ടിലെത്തിച്ചു. നിതാഖത് കർശനമാക്കിയതിനെ തുടർന്ന് ജോലി നഷ്ടപ്പെട്ട 266 പേർക്ക് മടങ്ങിവരാൻ സൗജന്യ വിമാന ടിക്കറ്റ് നൽകി. കേരള പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ അംഗസംഖ്യ 66,621 ൽ നിന്നും 1.35 ലക്ഷമായി വർധിച്ചു.

## സാംസ്കാരികം

മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി നേടിയെടുക്കാൻ സാധിച്ചു. ശ്രീനാരായണ ദർശനങ്ങൾ പാഠ്യപദ്ധതിയിലുൾപ്പെടുത്തി. നിതാഖത്ത് മൂലം മടങ്ങിയെത്തിയവർക്ക് പ്രവാസി പുനരധിവാസ പദ്ധതി ഏർപ്പെടുത്തി. ഇവ നേട്ടങ്ങളിൽ ചിലതുമാത്രം.

വിശ്വമലയാള മഹോത്സവം നടത്തി. ഏഴു ക്ലാസുകളിലെ മലയാളം, സാമൂഹികശാസ്ത്രം വിഷയങ്ങളിൽ ശ്രീനാരായണ പഠനം ഉൾപ്പെടുത്തി. പുതുതായി അഞ്ച് ആർട് ഗാലറികൾ ലളിതകലാ അക്കാദമി ആരംഭിച്ചു. ദർബാർ ഹാൾ ഗാലറി നവീകരിച്ചു, കായംകുളത്ത് കാർട്ടൂൺ മ്യൂസിയം, കിളിമാനൂരിൽ രാജാരവിവർമ മെമ്മോറിയൽ ആർട്ട് ഗ്യാലറി എന്നിവ സ്ഥാപിച്ചു.

## ഗ്രാമവികസനം

കേന്ദ്രാവിഷ്കൃത പദ്ധതികളായ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന, ഇന്ദിരാ ആവാസ് യോജന പദ്ധതികളിൽ കേരളം കൈപ്പറ്റിയ നേട്ടങ്ങൾ സർവകാല റിക്കാർഡാണ്. 2010-11 ൽ തൊഴിലുറപ്പ് പദ്ധതിയിൽ 701.12 കോടി രൂപ ചെലവഴിച്ച സ്ഥാനത്ത് 2014-15 ൽ 1740.12 കോടി ചെലവഴിക്കാൻ സാധിച്ചു. ടെൻഡർ എക്സസ് ഇനത്തിൽ 115.82 കോടി രൂപ സംസ്ഥാന സർക്കാർ അധികമായി കണ്ടെത്തി. 155 റോഡുകളുടെ പണി പുനരാരംഭിച്ചു. 103 റോഡുകൾ പൂർത്തിയാക്കി. 2012-13ൽ 415 റോഡുകൾ അനുവദിച്ചതിൽ 375 ന്റെ പണികൾ പുരോഗമിക്കുന്നു. മെച്ചപ്പെട്ട പദ്ധതി നിർവഹണത്തിന്റെ അടിസ്ഥാനത്തിൽ 2013-14ൽ 570 കി.മീ. റോഡുകൾ കേന്ദ്രം അധികമായി അനുവദിച്ചു.

## ക്ഷീരമേഖല സ്വയം പര്യാപ്തതയിലേക്ക്



പാലിന്റെ ആഭ്യന്തര ഉപഭോഗത്തിന്റെ 80.08 ശതമാനമായി പാലുത്പാദനം വർധിപ്പിക്കാൻ സാധിച്ചു. ക്ഷീര കർഷകന് പാലിന് ന്യായവില ഉറപ്പാക്കി. കാലിത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്തി. നാലു വർഷം മുമ്പ് 6.42 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിരുന്നത് 10.9 ലക്ഷം ലിറ്ററായി ഉയർത്തി. അയൽ സംസ്ഥാനങ്ങളിൽ നിന്നും 2010-11ൽ പ്രതിദിനം 6.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നത്, 2.2 ലക്ഷം ലിറ്ററായി കുറയ്ക്കാൻ കഴിഞ്ഞു.

ക്ഷീര കർഷകർക്ക് വർഷം മുഴുവൻ കാലിത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്തി. പാലുത്പാദനം വർധിപ്പിക്കുന്നതിന് മിൽക് ഷെഡ് പദ്ധതി നടപ്പാക്കി. 39 സ്കൂൾ ഡയറി ക്ലബ്ബുകളും 61 ക്ഷീര സംഘങ്ങളുമാരംഭിച്ചു. മുടങ്ങിക്കിടന്ന 41 സംഘടനകളുടെ പ്രവർത്തനം പുനരാരംഭിച്ചു. 1,235 ക്ഷീരസംഘങ്ങൾ ആധുനീകരിക്കുന്നതിന് ധനസഹായം നൽകി. അഞ്ചു വർഷം ക്ഷീര സംഘങ്ങളിൽ പാൽ അളന്ന എല്ലാ കർഷകർക്കും പെൻഷൻ നടപ്പാക്കി. ശ്രീകണ്ഠാപുരത്ത് 15 ഏക്കറിൽ ഒരു ലക്ഷം ലിറ്റർ പാൽ സംസ്കരണ ശേഷിയുള്ള മിൽമ മലയോര ഡയറി പ്ലാന്റിന്റെ നിർമാണം പുരോഗമിക്കുന്നു. 40 കോടി രൂപയാണ് ഇതിന്റെ ചെലവ്.

2013-14 ൽ 867 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് 1,701 കോടി രൂപ ചെലവഴിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ കേരളം മുന്നിലെത്തി. 100 ദിവസംതൊഴിൽ പൂർത്തിയാക്കിയ തൊഴിലാളികൾക്ക് പുതിയ പെൻഷൻ പദ്ധതി നടപ്പാക്കുകയും 100 ദിവസം തൊഴിൽ ചെയ്ത വനിതകൾക്ക് ഓണക്കോടി നൽകുകയും ചെയ്തു. വേതനം ബാങ്കിൽ നിന്നും തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്തു.

അട്ടപ്പാടി ബ്ലോക്കിലെ അർഹരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും 100 ൽ അധിക തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്നതിന് അട്ടപ്പാടി ട്രൈബൽ 100 പ്ലസ് സ്കീം ആരംഭിച്ചു. പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന പദ്ധതി പ്രകാരം 2001 മുതൽ 2011 വരെ ഏറ്റെടുത്തതിൽ മുടങ്ങിക്കിടന്ന റോഡുകളിൽ 375.74 കിലോമീറ്ററുള്ള 155 റോഡുകൾ നിർമിക്കുന്നതിന് 107.23 കോടി രൂപയുടെ അധിക ബാധ്യത സംസ്ഥാനസർക്കാർ ഏറ്റെടുത്ത് പണി പുനരാരംഭിച്ചു. ഇന്ദിരാ ആവാസ് യോജനയിൽ വീടുകൾ നിർമിക്കുന്നതിന് ജനറൽ വിഭാഗങ്ങൾക്കുള്ള ധനസഹായം 75,000 രൂപയിൽ നിന്നും രണ്ടു ലക്ഷം രൂപയായും പട്ടികജാതി വിഭാഗങ്ങൾക്കുള്ള ധനസഹായം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ടു ലക്ഷം രൂപയായും പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ധനസഹായം 1.25 ലക്ഷം രൂപയിൽ നിന്നും 2.50 ലക്ഷം രൂപയായും 2011 സെപ്റ്റംബർ 15 മുതൽ മുൻകാല പ്രാബല്യത്തോടെ വർധിപ്പിച്ചു. 1.6 ലക്ഷം പുതിയ വീടുകൾ പൂർത്തീകരിച്ചു.

## 1001 പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്തു

കേരള സാഹിത്യ അക്കാദമി പഴയഗ്രന്ഥങ്ങളും താളിയോല ഗ്രന്ഥങ്ങളുമടക്കം പത്തു ലക്ഷം പേജുകളുടെ ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി, 1001 ഗ്രന്ഥങ്ങൾ വായനാലോകത്തിന് സമർപ്പിച്ചു. ഇത് ഇന്റർനെറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാം. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് 283 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. മുസിരീസ് പദ്ധതിയുടെ ഭാഗമായി 10 ജീവചരിത്ര ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചു.

## മലയോരവികസന ഏജൻസി

മലയോരമേഖലയുടെ സമഗ്രമായ വികസനത്തെ മുൻനിർത്തി മലയോരവികസന ഏജൻസി (HADA) അനുവദിച്ചത് ഈ സർക്കാരിന്റെ കാലത്താണ്. ഗ്രാമീണ റോഡുകൾ, ചെക്ക് ഡാമുകൾ, ചെറുകിട കുടിവെള്ള പദ്ധതികൾ എന്നിവയ്ക്കാണ് ഹാഡ മുൻഗണന നൽകുന്നത്.

പത്രപ്രവർത്തക പെൻഷൻ 4,500 രൂപയിൽ നിന്നും 7,000 രൂപയായും പത്രപ്രവർത്തകേതര പെൻഷൻ 2,500 ൽ നിന്നും 4,000 രൂപയായും വർധിപ്പിച്ചു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് **വികസന സമന്വയം** പത്രം ആരംഭിച്ചു.



## ഒറ്റ നോട്ടത്തിൽ...

- മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി
- പ്രവാസികൾക്കായി വിവിധ പദ്ധതികൾ
- വിദേശത്ത് ശിക്ഷാകാലാവധി കഴിഞ്ഞവരെ നാട്ടിലെത്തിക്കാൻ പദ്ധതി
- മലയോര വികസന ഏജൻസി രൂപീകരിച്ചു.
- തൊഴിലുറപ്പ് പദ്ധതിയിൽ കേരളം മുന്നിലെത്തി
- പി.എം.ജി.എസ്.വൈയിൽ മുടങ്ങിക്കിടന്ന 155 റോഡുകളുടെ പണി പൂർത്തിയാക്കി.
- ശ്രീനാരായണ പഠനം പാഠ്യപദ്ധതിയിൽ
- 1001 ഗ്രന്ഥങ്ങൾ ഡിജിറ്റലൈസ് ചെയ്തു
- പുതുതായി അഞ്ച് ആർട്ട് ഗ്യാലറികൾ
- ആഭ്യന്തര പാലുത്പാദനം 80.08 ശതമാനം
- ക്ഷീര കർഷകന് പാലിന് ന്യായവില
- പാലുത്പാദനത്തിൽ ഗണ്യമായ വർദ്ധനവ്



> വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ട് പരമാവധി പ്രവർത്തനങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിലെ മാനദണ്ഡങ്ങളനുസരിച്ചുള്ള സൗകര്യങ്ങൾ സാർവത്രികമാക്കുന്നതിനും ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തി. കേന്ദ്ര പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയുള്ള പ്രവർത്തനങ്ങളും കാര്യക്ഷമമായി ഏകോപിപ്പിക്കാൻ കഴിഞ്ഞു.
>
> **പി.കെ.അബ്ദുറബ്ബ്**
> വിദ്യാഭ്യാസ മന്ത്രി

# വിദ്യാഭ്യാസ മേഖല പുതിയ ഉയരങ്ങളിൽ

സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴി വയ്ക്കാൻ കഴിഞ്ഞ നാലു വർഷത്തിനിടെ കഴിഞ്ഞു. ആറ്റിങ്ങൽ, കോട്ടയം, തൃശൂർ, പെരിന്തൽമണ്ണ, പട്ടാമ്പി സർക്കാർ കോളേജുകളെ കമ്യൂണിറ്റി കോളേജ് പദ്ധതിയാക്കി തിരഞ്ഞെടുത്തു. ഇവിടങ്ങളിലെ സർക്കാർ പോളിടെക്നിക്കുകളുമായി സഹകരിച്ചാണ് കോഴ്സുകൾ നടത്തുക. യു.ജി.സിയുടെയും എ.ഐ.സി.ടിയുടെയും ധനസഹായം ലഭിക്കും. കായിക-ആരോഗ്യ വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, തൊഴിൽ വിദ്യാഭ്യാസം എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ ഒൻപതു സർക്കാർ സ്കൂളുകളിൽ അഞ്ചു കോടി രൂപയുടെ പദ്ധതി നടപ്പാക്കി.

ഒന്ന്, രണ്ട് ക്ലാസിൽ എഴുത്ത്, വായന (മഴവില്ല്), മൂന്ന്, നാല് ക്ലാസുകളിൽ ഗണിതം (മെട്രിക്മേള), യു.പി. തലത്തിൽ ശാസ്ത്രം (ശാസ്ത്ര കോൺഗ്രസ്), ഗണിതം (ഗണിതോത്സവം) എന്നീ പരിപാടികൾ നടപ്പാക്കി. ഇതിലൂടെ കുട്ടികളിൽ നിശ്ചിത പഠന നിലവാരം ഉറപ്പാക്കി. 60 ൽ കുറവ് കുട്ടികൾ പഠിക്കുന്ന 3,568 വിദ്യാലയങ്ങളിൽ നിന്ന് ഒന്നാം ഘട്ടമായി 1,560 വിദ്യാലയങ്ങൾ തിരഞ്ഞെടുത്ത് ഫോക്കസ് 2015 പദ്ധതി നടപ്പാക്കി. ഇതോടെ അടുത്ത അക്കാദമിക് വർഷം ഈ വിദ്യാലയങ്ങളിൽ 60 ൽ കൂടുതൽ കുട്ടികൾ പ്രവേശനം നേടുമെന്ന് പ്രതീക്ഷിക്കുന്നു. പെൺകുട്ടികൾക്ക് ആയോധനകലകളിൽ പരിശീലനം നൽകുന്ന കരുത്ത്



## തൊഴിൽ പരിശീലനവുമായി അസാപ്

സാധാരണ വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ നൈപുണ്യം കൂടി ഉറപ്പാക്കുന്ന അസാപ് പദ്ധതി 953 വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിച്ചു. 13,114 വിദ്യാർഥികൾക്ക് കഴിഞ്ഞ വർഷം അസാപിനു കീഴിൽ(അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) പരിശീലനം നൽകി. ഈ വർഷം 25,500 ഹയർ സെക്കൻഡറി, ബിരുദതല വിദ്യാർഥികൾ അസാപ് പദ്ധതിയിലൂടെ പ്രത്യേക തൊഴിൽ മേഖലകളിൽ നൈപുണ്യം നേടുന്നുണ്ട്. സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെ എണ്ണം 105 ആയി. ഈ വർഷം വ്യത്യസ്ത മേഖലയിലായി 91 നൈപുണ്യ കോഴ്സുകളാണ് വിദ്യാർഥികൾക്ക് നൽകുന്നത്.



**വിദ്യാർഥികളുമായി മന്ത്രി പി.കെ.അബ്ദുറബ്ബ് ഓൺലൈൻ സംവാദം നടത്തുന്നു**

പദ്ധതി, തിരഞ്ഞെടുത്ത ഹയർ സെക്കൻഡറി സ്കൂളുകളിൽ ആരംഭിച്ചു. 40 സ്കൂളുകളിലെ രണ്ടായിരം കുട്ടികൾക്ക് ആയോധനകലകളിൽ പരിശീലനം നൽകുന്നു.സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അതുല്യം സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസപരിപാടി നടപ്പാക്കി. പരീക്ഷ നടത്തി സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ആദ്യ സംസ്ഥാനമായി 2015 ൽ കേരളത്തെ പ്രഖ്യാപിക്കുകയെന്നതാണ് ലക്ഷ്യം. സംസ്ഥാനത്ത് ഒൻപതു സ്വയംഭരണ കോളേജുകൾ തുടങ്ങി. ഒൻപതു കോളേജുകൾക്കുകൂടി സ്വയംഭരണം നൽകാൻ സർക്കാർ ശുപാർശചെയ്തു. മാർ ഇവാനിയോസ് (തിരുവനന്തപുരം), ഫാത്തിമമാത (കൊല്ലം), എസ്.ബി. (ചങ്ങനാശ്ശേരി), സേക്രട്ട് ഹാർട്ട്, മഹാരാജാസ്, സെന്റ് തെരേസാസ്, രാജഗിരി, സെന്റ് തോമസ്, ദേവഗിരി എന്നീ കോളേജുകൾക്കാണ് സ്വയംഭരണാവകാശം ലഭിച്ചത്. കാലോചിതമായി പുതിയ കോഴ്സുകൾ തുടങ്ങാൻ ഈ കോളേജുകൾക്ക് കഴിയും. ഭാവിയിൽ സ്വയംഭരണ സർവകലാശാലകളായി ഇവ മാറുകയും ചെയ്യും. സിലബസ് തയാറാക്കൽ, പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം തുടങ്ങിയവ സ്വതന്ത്രമായി നടത്താം. സ്വയംഭരണ കോളേജുകൾക്ക് യു.ജി.സി. ധനസഹായം ലഭിക്കുമെന്നതാണ് മറ്റൊരു നേട്ടം.

സാക്ഷരതാ തുടർ വിദ്യാകേന്ദ്രങ്ങളെ മികച്ച തൊഴിൽ പരിശീലനകേന്ദ്രങ്ങളാക്കി മാറ്റുക, സാക്ഷരതാ-തുല്യതാപഠിതാക്കളുടെ ജീവിതനിലവാരം ഉയർത്തുക, തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ഓരോ ജില്ലയിലും അഞ്ചു വീതം 70 സ്ഥിരം തൊഴിൽ പരിശീലന കേന്ദ്രങ്ങൾ രൂപീകരിച്ചു.

ഹയർ സെക്കൻഡറി തുല്യതാ കോഴ്സിൽ മാനവിക വിഷയങ്ങളായ ഹ്യൂമാനിറ്റിസ്, കൊമേഴ്സ് ഗ്രൂപ്പുകൾ ആരംഭിക്കുന്നു. അധ്യാപകർക്കും പഠിതാക്കൾക്കും സഹായകമായ തരത്തിൽ എല്ലാ വിഷയങ്ങൾക്കും ബ്രിഡ്ജ് കോഴ്സ് പഠനവസ്തുക്കൾ തയാറാക്കി ജില്ലകൾക്ക് വിതരണം ചെയ്തു.

## ടെക്നിക്കൽ യൂണിവേഴ്സിറ്റി

സംസ്ഥാനത്തെ മുഴുവൻ എൻജിനീയറിങ് കോളേജുകളെയും ഒരു കുടക്കീഴിലാക്കാൻ സഹായിക്കുന്ന ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിതമായി. ഇതോടെ ഏകീകൃത സിലബസും പരീക്ഷാ നടത്തിപ്പും സാധ്യമാകും. തിരുവനന്തപുരം ഗവ. എൻജിനീയറിങ് കോളേജിലാണ് ഇപ്പോൾ യൂണിവേഴ്സിറ്റിയുടെ ഓഫീസ് പ്രവർത്തിക്കുന്നത്. പാലക്കാട് ഐ.ഐ.ടി അനുവദിച്ചുകിട്ടിയതോടെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ വലിയ മാറ്റത്തിനു വഴിയൊരുക്കും. തിരുവനന്തപുരത്തെ ടെക്നോപാർക്ക്, കോഴിക്കോട്ടെ ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർ എന്നിവിടങ്ങളിലെയും കൊച്ചി കേന്ദ്രത്തിലെയും അംഗീകൃത ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററുകൾ വഴി വിദ്യാർഥി വ്യവസായ സംരംഭകത്വ പദ്ധതി നടപ്പാക്കുന്നു. കോളേജുകളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നു. യൂണിവേഴ്സിറ്റി തലത്തിൽ ഇതിനായി ശില്പശാലകളും ക്യാംപുകളും സംഘടിപ്പിക്കും.

## ഒറ്റ നോട്ടത്തിൽ...

- വിദ്യാർഥികൾക്ക് തൊഴിൽ നൈപുണ്യ വികസനത്തിന് അസാപ്
- സാക്ഷരതാ തുടർ വിദ്യാകേന്ദ്രങ്ങളിൽ തൊഴിൽപരിശീലനം
- രാജ്യത്താദ്യമായി ഹയർസെക്കൻഡറിക്ക് തുല്യതാകോഴ്സ്
- തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയായി അതുല്യം
- ഒമ്പതു സ്വയംഭരണ കോളേജുകൾ
- കമ്മ്യൂണിറ്റി കോളേജുകൾ
- കലാ, കായിക, തൊഴിൽ വിദ്യാഭ്യാസത്തിനായി ആശ്വാസ് പദ്ധതി
- വിദ്യാർഥികൾക്ക് വ്യവസായ സംരംഭകത്വ പദ്ധതി
- ടെക്നിക്കൽ യൂണിവേഴ്സിറ്റിയും ഐ.ഐ.ടി.യും
- സ്മാർട്ട് ചിൽഡ്രൻ പദ്ധതി
- പെൺകുട്ടികൾക്ക് ആയോധന പരിശീലനം നൽകുന്ന കരുത്ത് പദ്ധതി



ദേശീയ ഗെയിംസിന് അഭിമാനകരമായി ആതിഥ്യമരുളാൻ സർക്കാരിന് സാധിച്ചു. കായികരംഗത്ത് പുത്തനുണർവ് നൽകിയ ഗെയിംസിന്റെ ബാക്കി പത്രമായ കായിക സൗകര്യങ്ങളും ഉപയോഗക്ഷമമാണ്. കെ.എസ്.ആർ.ടി.സിയുടെ വികസനത്തിനായി പുനരുദ്ധാരണ പാക്കേജ് കൊണ്ടുവന്നത് നേട്ടമായി. കഴിഞ്ഞ വർഷം 19 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചതിലൂടെ ഉന്നതമായ പരിസ്ഥിതി സന്ദേശം നൽകാനായി. ഈ രംഗങ്ങളിലെല്ലാം സുവ്യക്തമായ നിലപാടുകളോടെയാണ് സർക്കാർ മുന്നോട്ട് പോകുന്നത്.

**തിരുവഞ്ചൂർ രാധാകൃഷ്ണൻ**
വനം-പരിസ്ഥിതി-ഗതാഗത-സ്പോർട്സ്-സിനിമ മന്ത്രി

# ഹരിതസമൃദ്ധിക്ക് പങ്കാളിത്ത പരിപാലനം

പരിസ്ഥിതി സംരക്ഷണം നടപ്പാക്കുന്നതിന് പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി നടപ്പാക്കി. കഴിഞ്ഞ ലോക പരിസ്ഥിതി ദിനത്തിൽ 19 ലക്ഷത്തിലധികം വൃക്ഷത്തൈകൾ കേരളമൊട്ടാകെ നട്ട് ഹരിതശ്രീ പദ്ധതി നടപ്പാക്കി. ജലസ്രോതസുകളുടെ സംരക്ഷണത്തിന് ജലസമൃദ്ധ കേരളം, മാലിന്യ സംസ്കരണത്തോടൊപ്പം ഊർജോത്പാദനം ലക്ഷ്യമിടുന്ന ശുചിത്വ കേരളം, പാരിസ്ഥിതിക അവബോധം വളർത്തുന്ന സുസ്ഥിര കേരളം എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. കോട്ടയം ആസ്ഥാനമാക്കി കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം ആരംഭിച്ചു.




വന്യജീവി വാരാഘോഷത്തോടനുബന്ധിച്ചുള്ള സൈക്കിൾ റാലിയിൽ

## ദേശീയ ഗെയിംസ്

അഭിമാനകരമായ വിധത്തിൽ 35 ാമത് ദേശീയ ഗെയിംസ് ഏഴ് ജില്ലകളിലായി സംഘടിപ്പിച്ചു. ഒൻപത് പുതിയ സ്റ്റേഡിയങ്ങളും 17 നവീകരിച്ച സ്റ്റേഡിയങ്ങളും കായിക ഉപകരണങ്ങളും അനുബന്ധ സൗകര്യങ്ങളുമുൾപ്പെടെ ദേശീയ ഗെയിംസിന്റെ നടത്തിപ്പിലൂടെ വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ ലഭിച്ചു. 54 സ്വർണം ഉൾപ്പെടെ 162 മെഡലുകൾ നേടി കേരളം സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനത്തെത്തി ചരിത്രത്തിൽ ഇടംനേടി. ഗെയിംസിന് മുന്നോടിയായി സംഘടിപ്പിച്ച റൺ കേരള റൺ ജനപങ്കാളിത്തം കൊണ്ട് ലോക റിക്കാർഡായി.



നിലമ്പൂരിലും കോട്ടയത്തും പ്രാദേശിക ചലച്ചിത്ര മേളകൾ സംഘടിപ്പിച്ചു. അന്താരാഷ്ട്ര ചലച്ചിത്രമേള ഉയർന്ന നിലവാരത്തിൽ മികച്ച രീതിയിൽ സംഘടിപ്പിച്ചു.

മോട്ടോർ വാഹന വകുപ്പിൽ 56 തസ്തികകളോടുകൂടി 17 പുതിയ മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ കൂടി അനുവദിച്ചു. അമിതവേഗം കണ്ടെത്താനുള്ള സ്പീഡ് ക്യാമറകൾ, മദ്യപിച്ച് വാഹനമോടിക്കുന്നത് കണ്ടുപിടിക്കാനുള്ള ആൽക്കോമീറ്റർ സർവയ്‌ലൻസ് ക്യാമറ എന്നിവയോടുകൂടി ഏഴ് ഇന്റർസെപ്റ്റർ വാഹനങ്ങൾ നിരത്തിലിറക്കി. ഗതാഗതനിയമം ലംഘിക്കുന്നവരെ കണ്ടെത്താൻ എറണാകുളത്ത് കൺട്രോൾ റൂമോടുകൂടി റഡാർ സർവയ്‌ലൻസ് സംവിധാനം ആരംഭിച്ചു. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകാൻ ഏഴ് പുതിയ ജോയിന്റ് ആർ.ടി. ഓഫീസുകൾ അനുവദിച്ചു. 19 സേവനങ്ങൾക്ക് ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തി.

തിരുവനന്തപുരം, കോഴിക്കോട്, തൃശൂർ, ചേർത്തല എന്നിവിടങ്ങളിലെ തിയേറ്ററുകൾ നവീകരിച്ചു. കെ.എസ്.എഫ്.ഡി.സി. തിയേറ്ററുകളിൽ നിന്നുള്ള വരുമാനം ഇരട്ടിയായി. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ പശ്ചാത്തല സൗകര്യങ്ങൾ വിപുലീകരിച്ചു. ആലപ്പുഴയിലെ ഇരട്ട തിയേറ്ററുകളുടെ നിർമാണ പ്രവർത്തനം അവസാനഘട്ടത്തിൽ.

90 പേർക്ക് സഞ്ചരിക്കാൻ കഴിയുന്ന രണ്ടു ഡബിൾ ഡക്കർ പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ടുകളുപയോഗിച്ച് സംസ്ഥാന ജലഗതാഗതവകുപ്പ് സീ കുട്ടനാട് സർവീസ് ആരംഭിച്ചു. 13 സ്റ്റീൽ യാത്രാ ബോട്ടുകളും ആറ് പാസഞ്ചർ-കം-വെഹിക്കിൾ കാരിയർ സ്റ്റീൽ ബോട്ടുകളും വാങ്ങി സർവീസ് നടത്തുന്നുണ്ട്.

ശബരിമല തീർഥാടകർക്കായി ആരംഭിച്ച ശബരി കുടിവെള്ള പദ്ധതി പത്തനാപുരത്തിനടുത്ത് കടശ്ശേരിയിൽ പൂർത്തിയാകുന്നു.



## കെ.എസ്.ആർ.ടി.സി പാക്കേജ്

കെ.എസ്.ആർ.ടി.സിയുടെ സമഗ്രവികസനത്തിനായി പുനരുദ്ധാരണ പാക്കേജ്. 1030 പുതിയ ബസുകൾ നിരത്തിലിറക്കി. ജൻറം ബസുകൾക്ക് പുതിയ കോർപ്പറേഷൻ രൂപീകരിച്ചു (കെ.യു.ആർ.ടി.സി.). പി.എസ്.സി. മുഖേന 9313 പേർക്ക് നിയമനം നൽകി. 3542 താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി. അന്തർ സംസ്ഥാന ബസുകളുടെ നവീകരണത്തിന്റെയും ആധുനികീകരണത്തിന്റെയും ഭാഗമായി 50 പുതിയ ഡീലക്സ് ബസുകളും 10 മൾട്ടി ആക്സിൽ വോൾവോ ബസുകളും നിരത്തിലിറക്കി.

## ഒറ്റ നോട്ടത്തിൽ...

- ദേശീയ ഗെയിംസ് മികച്ച രീതിയിൽ സംഘടിപ്പിച്ചു
- ഗെയിംസ് നടത്തിപ്പിലൂടെ വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ
- സംസ്ഥാനത്തിന് 54 സ്വർണം ഉൾപ്പെടെ 162 മെഡലുകൾ
- കെ.എസ്.ആർ.ടി.സി. വികസനത്തിന് പാക്കേജ്
- 1,030 പുത്തൻ ബസുകൾ
- ജൻറം ബസുകൾക്ക് പുതിയ കോർപ്പറേഷൻ
- ഗതാഗത നിയന്ത്രണത്തിന് കൂടുതൽ സക്വാഡുകൾ
- പുതിയ ജോയിന്റ് ആർ.ടി.ഒകൾ ഏഴെണ്ണം
- ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്റർ വരുമാനത്തിൽ വർധന
- അന്താരാഷ്ട്ര ചലച്ചിത്രമേള ശ്രദ്ധേയമായി



- പത്തൊൻപതു ലക്ഷം വൃക്ഷത്തൈകൾ നട്ട് ഹരിതശ്രീ
- ജലഗതാഗത വകുപ്പിന്റെ സീ കുട്ടനാട് സർവീസ്
- തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി
- ശബരിമല തീർഥാടകർക്ക് കുടിവെള്ള പദ്ധതി



കേരളചരിത്രത്തിൽ ആദ്യമായി സംഘടിപ്പിച്ച റവന്യൂ അദാലത്ത് ലക്ഷക്കണക്കിന് ജനങ്ങളുടെ പരാതികൾക്ക് പരിഹാരമായി. എല്ലാവർക്കും സ്വന്തം ഭൂമി എന്ന സ്വപ്ന ലക്ഷ്യത്തിലേക്ക് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി മുന്നേറിക്കൊണ്ടിരിക്കുന്നു. ഇ-ഡിസ്ട്രിക് പദ്ധതിയിലൂടെ റവന്യുവകുപ്പിൽ നിന്നുള്ള സഹായങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾക്കും തുടക്കമിട്ടു. പുതിയ പദ്ധതികളും സബ്സിഡികളും വഴി കയർ മേഖല കൂടുതൽ കരുത്താർജിച്ചു.

**അടൂർപ്രകാശ്**
റവന്യൂ-ലീഗൽ മെട്രോളജി-കയർ മന്ത്രി

# റവന്യൂ, കയർ വകുപ്പുകളിൽ കുതിപ്പിന്റെ നാളുകൾ

ഭൂരഹിതരായ കുടുംബങ്ങൾക്ക് മൂന്നു സെന്റ് ഭൂമി വീതം നൽകുന്ന ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ 36491 പേർക്ക് ഭൂമി നൽകി. കണ്ണൂർ, കാസർകോട് ജില്ലകളിൽ നിലവിലുണ്ടായിരുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകി. ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് രണ്ടാംഘട്ടത്തിൽ ഭൂമി നൽകാൻ ഊർജിതശ്രമം തുടരുന്നു.

സംസ്ഥാനത്തൊട്ടാകെ 1.16 ലക്ഷം പട്ടയങ്ങൾ നൽകി. ഇടുക്കി ജില്ലയിൽ മാത്രം രണ്ടു പട്ടയമേളകളിലായി 4,249 പട്ടയങ്ങളാണ് വിതരണം ചെയ്തത്. കൈവശരേഖ, വനാവകാശ പട്ടയം, ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ എന്നിവ ത്വരിതഗതിയിൽ തുടരുന്നു.

ആലപ്പുഴ, പത്തനംതിട്ട, മലപ്പുറം എന്നീ ജില്ലകളിൽ



റവന്യൂ അദാലത്തിൽ ഗായകൻ കാസർകോഡ് ഹസൻഭായിക്ക് പട്ടയം നൽകുന്നു

## അത്ഭുതമായി അദാലത്ത് തീർപ്പായത് 3.53 ലക്ഷം പരാതികൾ

റവന്യൂ മന്ത്രി നേരിട്ട് സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും റവന്യൂ സർവെ അദാലത്തുകൾ സംഘടിപ്പിച്ചു. 4.66 ലക്ഷം പരാതികൾ ലഭിച്ചതിൽ 3.53 ലക്ഷം പരാതികൾ പരിഹരിച്ചു. അപേക്ഷകളുടെ പുരോഗതി ഓൺലൈൻ സംവിധാനമായ ഇ-അദാലത്തിലൂടെ വിലയിരുത്തും.



വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി അടിയന്തര ഘട്ട കാര്യനിർവഹണ കേന്ദ്രങ്ങൾ. ഭൂകമ്പങ്ങൾ നിരീക്ഷിക്കുന്നതിനായി വെരിഫിക്കേഷനും സ്റ്റാമ്പിങ്ങും. ഓട്ടോ ഗ്യാസ് പമ്പുകളളുടെ വെരിഫിക്കേഷൻ നടപ്പാക്കിയ ഇന്ത്യയിലെ അഞ്ചാമത്തെ സംസ്ഥാനമായി കേരളം, ഓട്ടോറിക്ഷാ, ടാക്സി ഫെയർ മീറ്ററുകളുടെ പുനപരിശോധന നടപ്പാക്കി. സ്വർണാഭരണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിന് നൂതന സംവിധാനം, ഗോൾഡ് പ്യൂരിറ്റി അളക്കുന്നതിന് എക്സ്.ആർ.എഫ്. (എക്സേറേ ഫ്ളൂറസെന്റ് സ്പെട്രോമീറ്റർ).

പാഴായി പോകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കി തൊണ്ട് സംഭരണവും ചകിരി ഉത്പാദനവും പദ്ധതി നടപ്പാക്കി. തൊണ്ട് സംഭരണ പദ്ധതി പ്രകാരം പച്ചത്തൊണ്ട് ഒന്നിന് 25 പൈസ ഇൻസെന്റീവും 400 പച്ചത്തൊണ്ട് സംഭരിക്കുന്ന തൊഴിലാളിക്ക് 160 രൂപ ദിനബത്തയും ഇൻസെന്റീവും ഉൾപ്പെടെ സർക്കാരിൽ നിന്നും 260 രൂപ. സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരണത്തിന് രണ്ടു ലക്ഷം രൂപ പ്രവർത്തന മൂലധനവും മിനി-ഡീഫൈബറിങ് മെഷീന് 50,000 രൂപയും വീതം പ്രതിവർഷം മെയിന്റനൻസ് ഗ്രാന്റും ട്രാൻസ്പോർട്ടേഷൻ ഇത്തിൽ അയ്യായിരം തൊണ്ടിന് 250 രൂപയും ചകിരിക്ക് കിലോയ്ക്ക് മൂന്ന് രൂപ വരെ സബ്സിഡിയും. കയർപിരി തൊഴിലാളികളുടെ കൂലി 150 രൂപയിൽ നിന്നും 300 രൂപയായും കയർ ഉത്പന്ന മേഖലയിലെ കൂലി 200 രൂപയിൽ നിന്ന് 360 രൂപയായും വർധിപ്പിച്ചു. പെൻഷൻ 300 രൂപയിൽ നിന്ന് 600 രൂപയാക്കി. 30,000 തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം 110-120 രൂപ പ്രതിദിന വേതനമായി സർക്കാർ നേരിട്ട് ബാങ്കുകളിലൂടെ നൽകി.

## നൂലാമാലകൾ അഴിച്ച് ഇ-ഡിസ്ട്രിക് പദ്ധതി

ഇ-ഗേവണൻസ് പദ്ധതി പ്രകാരം വില്ലേജ് ഓഫീസുകളും താലൂക്ക് ഓഫീസുകളും വഴി 24 ഇനം സർട്ടിഫിക്കറ്റുകൾ റവന്യൂ വകുപ്പിൽ നിന്നും നൽകിവരുന്നു. ഭൂനികുതി അടക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി നൽകും.

## 12 പുതിയ താലൂക്കുകൾ 758 തസ്തികകൾ

12 പുതിയ താലൂക്കുകൾ രൂപീകരിച്ചു. ഇതോടെ സംസ്ഥാനത്തെ താലൂക്കുകളുടെ എണ്ണം 75 ആയി. പുതിയ 12 താലൂക്കുകളിൽ 758 തസ്തികകൾ സൃഷ്ടിച്ചു. 30 പുതിയ വില്ലേജുകൾ പ്രവർത്തനമാരംഭിച്ചു. 30 വില്ലേജുകളിൽ 180 പുതിയ തസ്തികകൾ.

## • ഒറ്റ നോട്ടത്തിൽ...

- റവന്യൂ അദാലത്തിൽ 3.53 ലക്ഷം പരാതികൾക്ക് പരിഹാരം
- ഭൂരഹിതരില്ലാത്ത കേരളം; 36,491 പേർക്ക് മൂന്നു സെന്റ് വീതം നൽകി
- 1.16 ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്തു
- ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിലൂടെ 24 ഇനം സർട്ടിഫിക്കറ്റുകൾ
- പുതിയ 12 താലൂക്കുകൾ
- ദുരന്തനിവാരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തി
- ഭൂകമ്പങ്ങൾ നിരീക്ഷിക്കാൻ ഡിജിറ്റൽ ഭൂകമ്പ മാപിനികളുടെ ശൃംഖല
- ഓട്ടോ, എൽ.പി.ജി., പമ്പ് വെരിഫിക്കേഷൻ
- സ്വർണ പരിശുദ്ധിയുറപ്പാക്കാൻ ലീഗൽമെട്രോളജിക്ക് പരിശോധനായന്ത്രം
- തൊണ്ട് സംഭരണത്തിനു പദ്ധതി
- കയർ തൊഴിലാളികൾക്ക് കൂലി വർധന

## ചകിരി ക്ഷാമത്തിന് പരിഹാരം

തൊണ്ടു സംഭരണവും ചകിരി ഉൽപാദനവും എന്ന നൂതന പദ്ധതി ആവിഷ്കരിച്ച് സംസ്ഥാനത്തെ ചകിരിക്ഷാമത്തിന് ശാശ്വത പരിഹാരം കാണുകയാണ് കയർ വകുപ്പ്





ജലഗുണ നിലവാരം ഉറപ്പാക്കിയും ജലദൗർലഭ്യമുണ്ടാകാതിരിക്കുന്നതിനുള്ള ദീർഘ വീക്ഷണമുള്ള പദ്ധതികൾക്ക് രൂപം നൽകിയും ഊർജിത പ്രവർത്തനങ്ങൾ നടത്തി. ഈ മന്ത്രിസഭയുടെ കാലയളവിൽ 110.38 കോടി രൂപ ചെലവിൽ 190 തടയണകൾ നിർമിക്കാൻ ഭരണാനുമതി നൽകി. ഒരു പഞ്ചായത്തിൽ ഒരുകുളം പദ്ധതിപ്രകാരം 354 കുളങ്ങളുടെ നിർമാണം ഏറ്റെടുത്തു. എല്ലാവർക്കും കുടിവെള്ളം എല്ലായ്പ്പോഴും ഉറപ്പാക്കുവാൻ തീവ്രയത്നം നടത്തി. ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ 60 ശതമാനം ആളുകൾക്കും പൈപ്പ് വഴി കുടിവെള്ളം ലഭ്യമാകും.

**പി.ജെ.ജോസഫ്**
ജലവിഭവ മന്ത്രി

# ജലസുരക്ഷയ്ക്ക് ബൃഹദ് പദ്ധതികൾ

സംസ്ഥാനത്ത് ജലവിഭവ വകുപ്പ് 93 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചു. മിഷൻ 676ൽ ഉൾപ്പെടുത്തിയ 154 കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നു. ഇതോടെ 83 ലക്ഷം ജനങ്ങൾക്ക് കൂടി പൈപ്പു വെള്ളം ലഭിക്കും. ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ പ്രവർത്തന മികവ് കണക്കിലെടുത്ത് 2012-13ൽ 99.70 കോടി രൂപയും 2013-14ൽ 70 കോടി രൂപയും അധികമായി കേന്ദ്ര സർക്കാരിൽ നിന്ന് കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചു. കേരള വാട്ടർ അതോറിറ്റിയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും ബൃഹത്തായ പദ്ധതിയാണ് ജപ്പാൻ ധനസഹായത്തോടെ നടപ്പിലാക്കുന്ന 3,000 കോടി രൂപയുടെ ജപ്പാൻ കുടിവെള്ള പദ്ധതി. തിരുവനന്തപുരം, മീനാട് (കൊല്ലം), ചേർത്തല, കോഴിക്കോട്, പട്ടുവം (കണ്ണൂർ) എന്നിവിടങ്ങളിൽ ഇതു നടപ്പാക്കി. സംസ്ഥാനത്തെ ഏറ്റവും വലിയ കുടിവെള്ള പദ്ധതിയാണ് കോഴിക്കോടിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടി പൂർത്തിയാക്കിയത്.

കാവേരി ജല തർക്ക പരിഹാര ട്രൈബ്യൂണലിന്റെ അന്തിമവിധി പ്രകാരം കേരളത്തിന് അനുവദിച്ച 30 ടി.എം.സി ജലം കാവേരി നദിയുടെ പോഷക നദിയായ പാമ്പാർ ബേസിനിൽ നിന്നും ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഇടുക്കി കാന്തല്ലൂർ പഞ്ചായത്തിലെ പട്ടിശ്ശേരിയിൽ ഡാമിന്റെ നിർമാണം ആരംഭിച്ചു. ഇവിടെ സംഭരിക്കുന്ന ജലം 8.5 കി. മീറ്റർ നീളത്തിൽ കനാൽ നിർമിച്ച് കാന്തല്ലൂർ പഞ്ചായത്തിലെ 240 ഹെക്ടർ സ്ഥലത്ത് ലഭ്യമാക്കും. പച്ചക്കറി കൃഷി മേഖലയാണ് കാന്തല്ലൂർ.

110.38 കോടി രൂപ ചെലവിൽ 190 തടയണകൾ നിർമിക്കാൻ ഭരണാനുമതി നൽകി. ഇതിൽ 66 എണ്ണം പൂർത്തിയാക്കി. ബാക്കിയുള്ളവയുടെ നിർമാണം അവസാന ഘട്ടത്തിലാണ്. ഒരു പഞ്ചായത്തിന് ഒരു കുളം പദ്ധതി പ്രകാരം 354 കുളങ്ങളുടെ നിർമാണ പ്രവൃത്തികൾ ഏറ്റെടുത്തു. ഇതിൽ 133 എണ്ണം പൂർത്തീകരിച്ചു. കൂടാതെ 134 കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി. ഇതിൽ 60 എണ്ണം പൂർത്തിയാക്കി.

ഗ്രാമ പഞ്ചായത്തുകളുടെയും ഗുണഭോക്താക്കളുടെയും പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ജലനിധി ഒന്നാം ഘട്ടത്തിൽ 112 ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കി. 3,710 ശുദ്ധജല വിതരണ ശുചിത്വ പദ്ധതികൾ പൂർത്തിയാക്കി. 20 പഞ്ചായത്തുകളിൽ രണ്ടാം ഘട്ടം ജലനിധി പ്രവർത്തനങ്ങൾക്കും തുടക്കമിട്ടു.

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി തണ്ണീർമുക്കം ബണ്ട് നവീകരണ പ്രവൃത്തി, തോട്ടപ്പള്ളി സ്പിൽവെ നിർമാണം, എ.സി കനാലിന്റെ നിർമാണം എന്നിവ പുരോഗമിക്കുന്നു. വർഷങ്ങളായി കൃഷി ചെയ്യാൻ കഴിയാതിരുന്ന ചിത്തിര കായലിൽ കൃഷി തുടങ്ങാനായത് പാടശേഖരങ്ങളുടെ നിർമാണ പ്രവൃത്തികൾ പൂർത്തീകരിച്ചതുകൊണ്ടാണ്. കെ.ഇ.എൻ III ഉൾപ്പെട്ട 96 പാടശേഖരങ്ങളുടെ നിർമാണത്തിൽ 20 എണ്ണം പൂർത്തിയാക്കി. ബാക്കിയുളളവ ഡിസംബറിനുള്ളിൽ പൂർത്തിയാകും. തണ്ണീർമുക്കം പഞ്ചായത്തിലെ കാക്കത്തുരുത്ത് പാടവും തലയാഴം പഞ്ചായത്തിലെ മൂവർകൂട്ടം പാടവും കൃഷി യോഗ്യമാക്കി.

പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട്, മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്, ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് എന്നിവ പൂർത്തീകരണത്തിലേയ്ക്ക്.

ജലഗുണനിലവാര പരിശോധനയ്ക്കായി കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ 50 പുതിയ സബ്ഡിവിഷൻ ലാബുകൾക്ക് അംഗീകാരം നൽകി. മഴവെള്ള സംഭരണം, ഭൂജലപരിപോഷണം എന്നിവ ജനകീയമാക്കുവാൻ നടപടി.

## പൈപ്പു പൊട്ടലിന് പരിഹാരം

പൈപ്പു പൊട്ടൽ കൊണ്ടുള്ള ബുദ്ധിമുട്ടൊഴിവാക്കാൻ വാട്ടർ അതോറിറ്റി പൈപ്പ് നയത്തിനു രൂപം നൽകി. ഇതു പ്രകാരം കോൺക്രീറ്റ് പൈപ്പുകളും, എ.സി പൈപ്പുകളും ഒഴിവാക്കി. നഗരപ്രദേശങ്ങളിൽ ഏറ്റെടുക്കുന്ന കുടിവെള്ള പദ്ധതികളിൽ പൈപ്പിന്റെ ഏറ്റവും കുറഞ്ഞ വ്യാസം 150 മില്ലിമീറ്ററായും ഗ്രാമപ്രദേശങ്ങളിൽ 80 മില്ലിമീറ്ററായും നിജപ്പെടുത്തി. പുതിയ പദ്ധതികൾ എം.എസ്. (മൈൽഡ് സ്റ്റീൽ) പൈപ്പ്, ഡി.ഐ, പി.വി.സി, പി.ഇ പൈപ്പുകൾ മാത്രമെ ഉപയോഗിക്കുവാൻ പാടുള്ളൂ. 160 മില്ലി മീറ്റർ വ്യാസത്തിനു മുകളിൽ പി.വി.സി ഉപയോഗിക്കാൻ പാടില്ല. തലസ്ഥാന നഗരിയിലേക്കുള്ള പൈപ്പ് പൊട്ടലിന് ശാശ്വത പരിഹാരം കാണാനായി അരുവിക്കര മുതൽ പേരൂർക്കട വരെ പഴയ പൈപ്പുകൾ മാറ്റി പുതിയ എം.എസ് (മൈൽഡ് സ്റ്റീൽ) പൈപ്പ് സ്ഥാപിച്ചു.

## ടെണ്ടർ നടപടികൾ ലളിതമാക്കി

ഒന്നര കോടി രൂപയ്ക്ക് മുകളിലുള്ള ദർഘാസുകളുടെ പ്രീക്വാളിഫിക്കേഷൻ ബന്ധപ്പെട്ട സൂപ്രണ്ടിങ് എൻജിനീയർമാർക്ക് നല്കി. ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന സമയപരിധി പൊതുവെ, മൂന്നു മാസമായി ചുരുക്കുവാൻ കഴിഞ്ഞു.ഗാർഹിക കണക്ഷനുകൾക്കുള്ള അപേക്ഷ അസിസ്റ്റന്റ് എൻജിനീയർമാർക്ക് സ്വീകരിക്കുന്നതിനും അംഗീകാരം നൽകുന്നതിനുമുള്ള അധികാരം നൽകി. അതോറിറ്റി മുഖേനയോ അതോറിറ്റിയുടെ അംഗീകാരമുള്ള ലൈസൻസുള്ള പ്ലംബർ മുഖേനയോ കണക്ഷൻ എടുക്കാം. മൂന്നുലക്ഷം കണക്ഷനുകൾ നൽകി. ഇതിനു പുറമെ 2.07 ലക്ഷം പൊതു ടാപ്പുകളിൽ കൂടിയും ജലം ലഭ്യമാക്കും. ഈ സാമ്പത്തിക വർഷം പുതുതായി 4.19 ലക്ഷം കണക്ഷനുകൾ നൽകും.

## • ഒറ്റ നോട്ടത്തിൽ...

- ഈ സർക്കാരിന്റെ കാലയളവിൽ 209 കുടിവെള്ള പദ്ധതികൾക്കായി 1770.16 കോടി രൂപയുടെ ഭരണാനുമതി
- 93 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചു
- മിഷൻ 676ൽ 154 കുടിവെള്ള പദ്ധതികൾ
- പൈപ്പ് പൊട്ടലിന്പരിഹാരം കാണാൻ പൈപ്പ്പോളിസി
- മൂവായിരം കോടിയുടെ ജപ്പാൻ കുടിവെള്ള പദ്ധതി
- 110.38 കോടി രൂപ ചെലവിൽ 190 തടയണകൾ
- ജലനിധി രണ്ടാം ഘട്ടത്തിലേക്ക്
- കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി തണ്ണീർമുക്കം ബണ്ട് നവീകരണം, എ.സി. കനാൽ നവീകരണം, തോട്ടപ്പള്ളി സ്പിൽവേ നിർമാണം.



- ജലഗുണനിലവാര പരിശോധനയ്ക്ക് സബ്ഡിവിഷൻ ലാബുകൾ
- വെള്ളക്കര കുടിശിക തീർക്കാൻ എല്ലാ ജില്ലകളിലും അദാലത്ത്
- മഴവെള്ള സംഭരണം, കിണർ റീ ചാർജ് എന്നിവ വ്യാപകമാക്കാൻ നടപടി




**വിളവൂർക്കൽ-പള്ളിച്ചൽ-ബാലരാമപുരം കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനം**



പട്ടികജാതി വികസന വകുപ്പിന്റെ ചരിത്രത്തിൽ മുമ്പൊരിക്കലും അവകാശപ്പെടാനാകാത്തവിധത്തിൽ ക്ഷേമ, വികസന, വിദ്യാഭ്യാസ, സ്വയംതൊഴിൽ മേഖലകളിലായി ഫലപ്രദമായ നാലു ഡസനോളം പദ്ധതികൾക്ക് തുടക്കം കുറിക്കാനായി എന്നത് എക്കാലവും അഭിമാനിക്കാവുന്ന നേട്ടമാണ്. പിന്നാക്കസമുദായങ്ങളുടെ അഭിലാഷമായിരുന്ന പിന്നാക്കവികസന വകുപ്പ് രൂപീകരിച്ചതും ടൂറിസം മേഖലയ്ക്ക് ഐക്യരാഷ്ട്രസഭയുടെ പരമോന്നത പുരസ്കാരം, അതും മാതൃകാപരമായ ജനകീയ ടൂറിസം പദ്ധതിക്ക് നേടാനായതും, നാലരക്കോടിയോളം വിനോദ സഞ്ചാരികളെ ആകർഷിക്കാൻ കഴിഞ്ഞതും മികവുറ്റ പ്രവർത്തനങ്ങൾക്ക് സാക്ഷ്യമാകുന്നു.

**എ.പി.അനിൽകുമാർ**
പട്ടികജാതി-പിന്നാക്ക സമുദായ വികസന-ടൂറിസം മന്ത്രി

# സാമൂഹിക മുന്നേറ്റത്തിന് കരുത്തുപകരാൻ പാലക്കാട് മെഡിക്കൽ കോളേജ്

രാജ്യത്ത് ഇദംപ്രഥമമായി പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു മെഡിക്കൽ കോളേജ് പാലക്കാട്ട് സ്ഥാപിച്ചു. 2014-15 അധ്യയന വർഷം ആദ്യ ബാച്ചിലേക്ക് 100 വിദ്യാർഥികൾക്ക് പ്രവേശനം നൽകി. എം.ബി.ബി.എസ്. പ്രവേശനത്തിന് അർഹതനേടുന്ന പട്ടിക വിഭാഗം വിദ്യാർഥികളിൽ 25 ശതമാനത്തിനു പോലും പ്രവേശനം ലഭിക്കാത്ത പശ്ചാത്തലത്തിലാണ് ഈ ബൃഹത് പദ്ധതി വിഭാവനം ചെയ്തത്. പ്രതിവർഷം 70 പട്ടികജാതി വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്. പഠനത്തിന് കൂടുതലായി അവസരം ലഭിച്ചു എന്നത് ഈ വിഭാഗത്തിന്റെ സാമൂഹിക മുന്നേറ്റത്തിന് ശക്തമായ പിന്തുണയാണ്. അവസ്ഥയ്ക്ക് ഇതോടെ പരിഹാരമായി.

220 പട്ടികജാതി സങ്കേതങ്ങളിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി ആരംഭിച്ചു. ഓരോ ഗ്രാമത്തിന്റേയും വികസനാവശ്യങ്ങൾ വിലയിരുത്തിയാണ് പദ്ധതി നിർവഹണം. ഒരു കോടി രൂപയാണ് ഈ പദ്ധതി പ്രകാരം ഒരു കോളനിക്ക് ലഭിക്കുന്നത്. തിരഞ്ഞെടുത്ത 12 പട്ടികജാതി കോളനികളിൽ ഗാന്ധിഗ്രാമം പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപ വീതം വിനിയോഗിക്കും.

ഭൂരഹിതരായ പട്ടികജാതി വിഭാഗം കുടുംബങ്ങൾക്ക് പാർപ്പിട നിർമാണത്തിനുള്ള ഭൂമി വാങ്ങാനുള്ള ധനസഹായം 600 ശതമാനം വരെ വർധിപ്പിച്ചു. 2011-ൽ ഗ്രാമപ്രദേശങ്ങളിൽ 75,000 രൂപ നൽകിയിരുന്നത് ഇപ്പോൾ 3.75 ലക്ഷം രൂപയായും മുനിസിപ്പൽ പ്രദേശത്ത് 90,000 രൂപ ആയിരുന്നത് 4.50 ലക്ഷം രൂപയായും കോർപ്പറേഷൻ പ്രദേശത്ത് ഒരു ലക്ഷം രൂപയായിരുന്നത് ആറുലക്ഷം രൂപയായും വർധിപ്പിച്ചു. നാലു വർഷത്തിനുള്ളിൽ 24,374 കുടുംബങ്ങൾക്ക് 476 കോടി രൂപ ചെലവഴിച്ചു ഭൂമി വാങ്ങി. ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീടു നിർമിക്കാൻ നൽകുന്ന



പാലക്കാട് മെഡിക്കൽ കോളേജിന്റെ തറക്കല്ലിടീൽ വേളയിൽ

## വിദ്യാഭ്യാസാനുകൂല്യങ്ങളിൽ വർധന

പട്ടികജാതി വിഭാഗം വിദ്യാർഥികൾക്ക് നൽകുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളിൽ 120 ശതമാനം വരെ വർധന വരുത്തി. ഒൻപത്, പത്ത് ക്ലാസുകളിലെ വിദ്യാർഥികൾക്ക് പ്രത്യേക സ്കോളർഷിപ്പും പുസ്തക ഗ്രാന്റും ഏർപ്പെടുത്തി. ഓരോ വർഷവും ഒരു ലക്ഷത്തിൽപരം വിദ്യാർഥികൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നു. ഒന്നു മുതൽ നാലുവരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് സ്കൂൾബാഗ്, യൂണിഫോം, കുട, ഷൂസ് എന്നിവ വാങ്ങുന്നതിന് 2,000 രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 1.85 ലക്ഷം വിദ്യാർഥികൾക്ക് 37 കോടി രൂപ വിതരണം ചെയ്തു. ബി.ടെക് വിദ്യാർഥികൾക്കു സൗജന്യമായി ലാപ്ടോപ്പും, എം.ബി.ബി.എസ് വിദ്യാർഥികൾക്ക് സ്റ്റെതസ്കോപ്പും നൽകുന്ന പദ്ധതിക്ക് 22.85 കോടി രൂപ അനുവദിച്ചു. പ്രവേശനപരീക്ഷാ പരിശീലനം, സൗജന്യ സൈക്കിൾ വിതരണ പദ്ധതി, സംസ്ഥാന സ്കൂൾ കലാമേളയിൽ എ ഗ്രേഡ് നേടുന്ന വിദ്യാർഥികൾക്ക് 10,000 രൂപ നിരക്കിൽ പാരിതോഷികം നല്കുന്ന പദ്ധതി തുടങ്ങിയവയും ആരംഭിച്ചു.



**പ്രൈമറി വിദ്യാർഥികൾക്കുള്ള പഠനസഹായ പദ്ധതി**

ധനസഹായം ഒരു ലക്ഷത്തിൽ നിന്ന് മൂന്നു ലക്ഷം രൂപയായി. ഈ പദ്ധതി പ്രകാരം 21,865 കുടുംബങ്ങൾക്കായി 440 കോടി രൂപ ചെലവഴിച്ചു. പട്ടികജാതി കുടുംബങ്ങൾക്ക് ടോയ്‌ലെറ്റ് നിർമിക്കുന്നതിന് 25,000 രൂപ നിരക്കിലും, ഏഴു വർഷത്തിനുമേൽ പഴക്കമുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് 50,000 രൂപ നിരക്കിലും ധനസഹായം നല്കുന്ന പുതിയ പദ്ധതികൾക്കു തുടക്കം കുറിച്ചു. 65,000 കുടുംബങ്ങൾക്ക് ടോയ്‌ലെറ്റ് നിർമിക്കുന്നതിനായി 162.50 കോടിയും 10759 വീടുകളുടെ അറ്റകുറ്റപ്പണിക്കായി 40.90 കോടി രൂപയും വിതരണം ചെയ്തു.

ഐക്യരാഷ്ട്രസഭയുടെ പരമോന്നത ടൂറിസം ബഹുമതിയായ യുളിസസ് പുരസ്കാരം സംസ്ഥാനത്തിന് ലഭിച്ചു. രാജ്യത്ത് ആദ്യമാണ് ഒരു സംസ്ഥാനം ഈ അംഗീകാരം നേടുന്നത്. കുമരകത്ത് നടപ്പാക്കിയ ഉത്തരവാദിത്വ ടൂറിസം പദ്ധതി പരിഗണിച്ചാണ് ടൂറിസം മേഖലയിലെ ഓസ്കാർ എന്നറിയപ്പെടുന്ന പുരസ്ക്കാരത്തിന് കേരള ടൂറിസത്തെ തെരഞ്ഞെടുത്തത്.

കഴിഞ്ഞ നാലുവർഷത്തിനിടെ നാലരക്കോടി വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചു. ഇതിലൂടെയുള്ള വരുമാനം 88,000 കോടി രൂപ. സംസ്ഥാന ജി.ഡി.പി.യുടെ ഒൻപതു ശതമാനം സംഭാവന ചെയ്തത് വിനോദ സഞ്ചാര വകുപ്പാണ്.

തിരുവനന്തപുരം, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ വീസ ഓൺ അറൈവൽ പദ്ധതി നടപ്പാക്കി. 43 വിദേശ രാജ്യങ്ങളിൽ നിന്നുള്ളവർക്ക് ഈ സൗകര്യം ലഭിക്കും. രാജ്യത്ത് രണ്ടു വിമാനത്താവളങ്ങളിൽ ഈ സൗകര്യം ലഭിക്കുന്ന ഏക സംസ്ഥാനം കേരളമാണ്.

തൃശൂർ, എറണാകുളം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന മുസിരിസ് പൈതൃക ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ടം ഉദ്ഘാടനസജ്ജമായി. ചരിത്രാതീത കാലത്ത് ലോകശ്രദ്ധ നേടിയ മുസിരിസ് തുറമുഖ നഗരത്തിന്റെ ശേഷിപ്പുകളിലൂടെയുള്ള യാത്രയിലൂടെ നാടിന്റെ പൈതൃകവും സംസ്കാരവും സന്ദർശകർക്ക് പകർന്നു കൊടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. രണ്ടാം ഘട്ടത്തിനു 10.03 കോടി രൂപയുടെ ഭരണാനുമതി നല്കി. ആലപ്പുഴ ജില്ലയുടെ മെഗാ കായൽ ടൂറിസം പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയാറാക്കി കേന്ദ്രാനുമതി നേടി, നിർമാണ പ്രവർത്തനത്തിന് തുടക്കം കുറിച്ചു.

## പിന്നാക്ക വികസന വകുപ്പ് യാഥാർഥ്യമായി

84 സമുദായങ്ങളുൾപ്പെടുന്ന പിന്നാക്ക വിഭാഗങ്ങൾക്കുവേണ്ടി പിന്നാക്ക വികസന വകുപ്പ് യാഥാർഥ്യമാക്കി. പിന്നാക്ക സമുദായ വികസനത്തിന് പ്രത്യേക ഡയറക്ടറേറ്റും സെക്രട്ടറിയേറ്റിൽ പ്രത്യേക ഭരണ വകുപ്പും, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ ഓഫീസുകളും ആരംഭിച്ചു.

നിർധനരായ 11 ലക്ഷം പിന്നാക്ക വിദ്യാർഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ 97.37 കോടി രൂപ വിതരണം ചെയ്തു. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള വരുമാന പരിധി ഉയർത്തി 65 കോടി രൂപ വിതരണം ചെയ്തു. നിയമബിരുദധാരികൾക്ക് പ്രാക്ടീസ് തുടങ്ങുന്നതിന് പ്രാരംഭ ധനസഹായം, വിവിധ മത്സരപ്പരീക്ഷകൾക്ക് പരിശീലനം നേടുന്നതിനുള്ള ധനസഹായം, വിദേശത്തും സംസ്ഥാനത്തിനു പുറത്തും പഠിക്കുന്നതിനുള്ള സ്കോളർഷിപ്പുകൾ, അതീവ പിന്നാക്ക വിഭാഗത്തിൽപ്പെട്ട 30 സമുദായങ്ങളിലെ വിദ്യാർഥികൾക്ക് അദർ എലിജിബിൾ കമ്യൂണിറ്റികൾക്ക് (ഒ.ഇ.സി.) നല്കി വരുന്ന വിദ്യാഭ്യാസാനുകൂല്യം, വിവിധ തൊഴിൽ പരിശീലന പദ്ധതികൾക്ക് ധനസഹായം, പാരമ്പര്യ തൊഴിലുകൾ നവീകരിക്കുന്നതിനുള്ള ധനസഹായം തുടങ്ങിയവ നടപ്പാക്കി.

## ഒറ്റ നോട്ടത്തിൽ...

- പാലക്കാട്ട് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ കോളേജ്
- 220 സങ്കേതങ്ങളിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി
- ഭൂമിക്കും വീടിനുമുള്ള നിർമാണത്തിനുള്ള ധനസഹായം വർദ്ധിപ്പിച്ചു
- വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ വൻവർധനയും ഒട്ടേറെ നൂതന പ്രോത്സാഹന പദ്ധതികളും
- പിന്നാക്ക വികസന വകുപ്പ് രൂപീകരിച്ചു
- വിദ്യാഭ്യാസ- തൊഴിൽ പരിശീലന പദ്ധതികൾ
- വിനോദസഞ്ചാരത്തിനെത്തിയവർ നാലരക്കോടിയോളം
- ഐക്യരാഷ്ട്രസഭയുടെ യുളിസസ് പുരസ്ക്കാരം
- വീസ ഓൺ അറൈവൽ പദ്ധതി
- മുസിരീസ് പൈതൃക ടൂറിസം പദ്ധതി ഒന്നാംഘട്ടം പൂർത്തീകരിച്ചു
- ആലപ്പുഴയിൽ മെഗാ ടൂറിസം പദ്ധതികൾ



സംസ്ഥാന വികസനത്തിൽ വൻ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കുന്ന വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാകുകയാണ്. സംസ്ഥാനത്ത് സമ്പൂർണ മദ്യനിരോധനം നടപ്പാക്കുക എന്ന ലക്ഷ്യത്തിലേക്ക് നാം അടുത്തുകൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി ഫൈവ് സ്റ്റാറിന് താഴെയുള്ള ബാറുകൾ അടച്ചു. മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി വീട്, പെൻഷൻ വർധന, അപകട ഇൻഷുറൻസ് ക്ലെയിം വർധന തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കാനായി. തീരദേശ കപ്പൽ ഗതാഗത പദ്ധതിക്കും മാരിടൈം ബോർഡിനും രൂപം നൽകി.

**കെ ബാബു**
ഫിഷറീസ്-തുറമുഖ-എക്സൈസ് മന്ത്രി

# തീരങ്ങളിൽ നവപ്രതീക്ഷകൾ

സംസ്ഥാനത്തെ 9,173 മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി വീട് നിർമിച്ച് നൽകി. ഇതു വരെ 194 കോടി രൂപ ഇതിനായി ചെലവഴിച്ചു. 108.75 കോടി രൂപ ചെലവിൽ 3,450 വീടുകൾ കൂടി സൗജന്യമായി ഇവർക്ക് നിർമിച്ച് നൽകും. 2,000 മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 10 കോടി ചെലവഴിച്ചു. തീരദേശത്ത് 13,707 ടോയ്‌ലറ്റുകളും നിർമിച്ച് നൽകി. ഭൂമി - ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് 48.75 കോടി രൂപയുടെ ഫ്ളാറ്റ് നിർമാണത്തിനു തുടക്കമായി.

സംസ്ഥാന മാരിടൈം ബോർഡ് രൂപീകരിച്ചു. തീരദേശ കപ്പൽ ഗതാഗതപദ്ധതി ആരംഭിച്ചു. അന്യ സംസ്ഥാന തുറമുഖങ്ങളുമായി ബന്ധപ്പെടുത്തി കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ നിന്നും ചരക്ക് കപ്പൽ സർവീസ് തുടങ്ങി. പദ്ധതിയുടെ ഭാഗമായി സർവീസ് നടത്തുന്ന കപ്പലുകൾക്ക് ഒരു ടൺ കാർഗോ ഒരു കിലോമീറ്റർ കൊണ്ടുപോകുന്നതിന് ഒരു രൂപയും യാത്രക്കാർക്ക് കിലോമീറ്ററിന് ഒരു രൂപയും ഇൻസന്റീവ് അനുവദിച്ചു.

തീരദേശത്ത് 284 കോടി രൂപയുടെ റോഡുകൾ. പൊന്നാനി തുറമുഖം സംസ്ഥാനത്തെ പി.പി.പി. പദ്ധതി പ്രകാരമുള്ള പ്രഥമ തുറമുഖം. എക്സൈസ് വകുപ്പിന് ചരിത്രത്തിലാദ്യമായി 2012-ൽ പ്ലാൻ ഫണ്ട്



ഭൂരഹിത മത്സ്യത്തൊഴിലാളികൾക്കുള്ള ജീവനോപാധി ധനസഹായ വിതരണം



**വിഴിഞ്ഞം പദ്ധതിയുടെ പാരിസ്ഥിതിക പഠന റിപ്പോർട്ട് മുഖ്യമന്ത്രിക്ക് നൽകുന്നു**

## വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാകുന്നു

എല്ലാ തടസങ്ങളും മറികടന്ന് നിശ്ചയദാർഢ്യത്തോടെ മുന്നോട്ട് പോകുന്നു. വിഴിഞ്ഞം പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾ 2015-ൽ ആരംഭിക്കും. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയങ്ങളുടെ സമ്പൂർണ അനുമതിയും വയബലിറ്റി ഗ്യാപ് ഫണ്ടും (800 കോടി രൂപ) നേടിയെടുത്തു. ടെൻഡർ നടപടികൾ അവസാനഘട്ടത്തിൽ.

## അന്താരാഷ്ട്ര വിമാനത്താവളം കണ്ണൂരിന് ഡിസംബറിൽ സ്വപ്നസാക്ഷാത്കാരം

കണ്ണൂർ വിമാനത്താവളത്തിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയങ്ങളുടെ സമ്പൂർണ അനുമതി നേടി നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. റൺവേയുടെ 45 ശതമാനവും ടെർമിനൽ ബിൽഡിങ്ങിന്റെ 25 ശതമാനവും നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. 2015 ഡിസംബർ 31ന് ആദ്യ വിമാനം പറന്നുയരും. 2016 മെയിൽ വിമാനത്താവളം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിച്ച് തുടങ്ങും



**കണ്ണൂർ വിമാനത്താവളം ആദ്യ ലാൻഡിങ്**

ലഭ്യമാക്കി. ഇ-പേയ്മെന്റ്, ഇ-ഫയലിങ്, ഫയൽ ട്രാക്കിങ് സംവിധാനങ്ങൾ ഏർപ്പെടുത്തി.

സ്കൂൾ-കോളേജുകളിൽ ലഹരി വിരുദ്ധ ക്ലാസുകൾ ആരംഭിച്ചു. സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരിവിരുദ്ധ പാഠങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. അതിജീവനം എന്ന പേരിൽ സ്കൂൾ അധ്യാപകർക്ക് കൈപ്പുസ്തകം വിതരണം ചെയ്തു. അട്ടപ്പാടിയിൽ പുതിയ ജനമൈത്രി എക്സൈസ് ഓഫീസ് ആരംഭിച്ചു. ലഹരി വിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് 3.5 കോടി രൂപ അനുവദിച്ചു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഫലമായി മദ്യവിൽപനയിൽ കുറവുണ്ടായി.

ലഹരിക്കെതിരെ 2,71,140 ലൈക്കുകൾ. അഡിക്ടഡ് ടു ലൈഫ് ഫെയ്സ് ബുക്ക് പേജ് വൈറലായി. യുവജനങ്ങൾക്കിടയിൽ നടപ്പാക്കുന്ന ലഹരിവിരുദ്ധ സോഷ്യൽ മീഡിയ പ്രചാരണത്തിന്റെ ഭാഗമാണ് ഈ ഫെയ്സ്ബുക്ക് പേജ് (www.facebook.com/getaddictedtolife).

മദ്യം വാങ്ങുന്നതിനുള്ള കുറഞ്ഞപ്രായം 21 വയസാക്കി ഉയർത്തി. കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ തോത് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറച്ചു. പുതിയ മദ്യശാലകൾ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള നിയമപരമായ അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി. പത്തു വർഷംകൊണ്ട് ഘട്ടംഘട്ടമായി സമ്പൂർണ മദ്യനിരോധനം കേരളത്തിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചു. അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായ ജൂൺ 26 ഡ്രൈഡേയായി പ്രഖ്യാപിച്ചു.

പത്തുവർഷം കൊണ്ട് സംസ്ഥാനത്ത് സമ്പൂർണ മദ്യനിരോധനം നടപ്പാക്കുന്നതിന്റെ ഭാഗമായി 5 സ്റ്റാറിനു താഴെയുള്ള 710 ബാറുകൾ പൂട്ടാൻ തീരുമാനിച്ചു. ബിവറേജസ് കോർപ്പറേഷന്റെ ഒരു ഔട്ട്ലെറ്റ് പോലും പുതിയതായി ആരംഭിച്ചില്ല. 52 എണ്ണം പൂട്ടുകയും ചെയ്തു. ഓരോ വർഷവും 10 ശതമാനം വീതം ബിവറേജസ് ഔട്ട്ലെറ്റുകൾ അടച്ചുപൂട്ടുമെന്നാണ് തീരുമാനം.

ലഹരിമുക്ത പാനീയമായ നീര ചെത്തുന്നതിന് 112 വർഷം പഴക്കമുള്ള അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തി കേര കർഷകർക്ക് അനുമതി നൽകി.

## മത്സ്യത്തൊഴിലാളി പെൻഷൻ വർധിപ്പിച്ചു

മത്സ്യത്തൊഴിലാളി പെൻഷൻ 300 രൂപയിൽ നിന്നും 600 രൂപയാക്കി. മീൻ പിടിത്തത്തിനിടയിൽ മരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രീമിയത്തിൽ വർധനയില്ലാതെ 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിച്ചു. മത്സ്യത്തൊഴിലാളികളുടെ അപകട ഇൻഷുറൻസ് ക്ലെയിം മൂന്നു ലക്ഷം രൂപയിൽ നിന്നും അഞ്ചു ലക്ഷം രൂപയാക്കി. വിവാഹ ധനസഹായം 1,500 രൂപയിൽ നിന്നും 10,000 രൂപയായും ആകസ്മിക മരണത്തിന് നൽകുന്ന തുക 20,000 രൂപയിൽ നിന്നും 50,000 രൂപയായും ഉയർത്തി. മരിച്ചവരുടെ ആശ്രിതർക്കുള്ള താത്കാലിക ധനസഹായം 15,000 രൂപയാക്കി. സർക്കാരിന്റെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ എല്ലാ രോഗങ്ങൾക്കും കവറേജ് ലഭിക്കത്തക്ക വിധത്തിൽ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി. വിധവ പെൻഷൻ 400 രൂപയിൽ നിന്നും 600 രൂപയാക്കി.

## ഒറ്റ നോട്ടത്തിൽ...

- 194 കോടി രൂപ ചെലവിൽ മത്സ്യത്തൊഴിലാളികൾക്ക് 9,173 വീടുകൾ
- മത്സ്യത്തൊഴിലാളി പെൻഷൻ വർധിപ്പിച്ചു
- പ്ലാൻ ഫണ്ട് ലഭ്യമാക്കി
- സ്കൂൾ-കോളേജുകളിൽ ലഹരി വിരുദ്ധ ക്ലാസുകൾ
- അഡിക്ടഡ് ടു ലൈഫ് ഫേസ്ബുക്ക് പേജ്
- പത്തു വർഷംകൊണ്ട് സമ്പൂർണ മദ്യനിരോധനം
- 710 ബാറുകൾ പൂട്ടി
- നീര റൂൾസ് 2014 നിലവിൽ വന്നു
- തീരദേശ കപ്പൽ ഗതാഗത പദ്ധതി ആരംഭിച്ചു
- തീരദേശത്ത് 284 കോടി രൂപയുടെ റോഡുകൾ



സംസ്ഥാനത്തിന്റെ സഹകരണ മേഖലയിൽ ഉണർവുണ്ടാക്കുന്ന നടപടികൾക്ക് നേതൃത്വം നൽകാനായി. സഹകരണസംഘങ്ങളിലും ബാങ്കുകളിലുമായി കുടിശികയുണ്ടായിരുന്ന 6,082 കോടി രൂപ പിരിച്ചെടുത്തു. നിക്ഷേപ സമാഹരണ പരിപാടിയിലൂടെ 21,227 കോടി രൂപ സ്വരൂപിച്ചു. സഹകരണ അദാലത്തുകൾ നടത്തിയതും ഏറെ ഗുണകരമായി.

**സി.എൻ.ബാലകൃഷ്ണൻ**
സഹകരണ മന്ത്രി

# സഹകരണ മേഖലയിൽ അധിക നിക്ഷേപ സമാഹരണം

പ്രത്യേക നിക്ഷേപ സമാഹരണ ക്യാംപയിനിലൂടെ സഹകരണ മേഖലയിൽ 21,227 കോടി രൂപയുടെ അധിക നിക്ഷേപം സ്വരൂപിച്ചു. സഹകരണ സ്ഥാപനങ്ങളിലെ ആകെ നിക്ഷേപം ഇപ്പോൾ 1.32 ലക്ഷം കോടി രൂപയാണ്.

റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള പ്രായപരിധി 70 വയസാക്കി. മരണമടഞ്ഞവരുടെ വായ്പ എഴുതിത്തള്ളിയ ഇനത്തിലും, മാരകരോഗം ബാധിച്ചവർക്ക് ആനുകൂല്യം നൽകിയ ഇനത്തിലുമായി 2015 ഫെബ്രുവരി മാസം വരെ 15,515 വായ്പക്കാർക്ക് 100.55 കോടി രൂപയുടെ ധനസഹായം അനുവദിച്ചു.

സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെയും കൊടുത്തുതീർക്കാതെയും ശേഷിക്കുന്ന തുകകൾ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് ഉണർവ് തീവ്രയത്ന പരിപാടി നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം 2512 പ്രൊപ്പോസലുകളിലായി 292 കോടി രൂപ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്ന് നീക്കം ചെയ്തു.


കേപ്പിന്റെ കീഴിലുള്ള അഞ്ചു എൻജിനീയറിങ് കോളേജുകളിൽ കേന്ദ്ര സർക്കാരിന്റെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആരംഭിച്ചു. പത്തനാപുരം എൻജിനീയറിങ് കോളേജിൽ നാലു കോഴ്സുകൾ ആരംഭിച്ചു. ആറന്മുളയിൽ നാലു ബി.ടെക് കോഴ്സുകൾ ഉൾപ്പെടുത്തി എൻജിനീയറിങ് കോളേജ് പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ എൻജിനീയറിങ് കോളേജിന്റെ പണി ആരംഭിച്ചു. തൃശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ എൻജിനീയറിങ് കോളേജ് ആരംഭിക്കുന്നതിനു നടപടി സ്വീകരിച്ചു. കേപ്പിന്റെ കീഴിൽ മൂന്നു എൻജിനീയറിങ് കോളേജുകളിൽ എം.ടെക് കോഴ്സുകൾ ആരംഭിക്കും.

വീടുകളിൽ അടുക്കളത്തോട്ട നിർമാണം, മട്ടുപ്പാവ് കൃഷി, പോളി ഹൗസ് കൃഷി എന്നിവയിലൂടെ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സുവർണ കേരളം പരിപാടി നടന്നുവരുന്നു. അതോടൊപ്പം കർഷകർക്ക് നവീന കൃഷി രീതികളെക്കുറിച്ച് അറിവ് പകരുന്നതിനായുള്ള പരിപാടി



## നിക്ഷേപം സുരക്ഷിതമാക്കാൻ സ്കീം

എല്ലാ സഹകരണ സംഘങ്ങളിലെയും നിക്ഷേപ സുരക്ഷ ഉറപ്പാക്കുന്നതിന് കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീം നടപ്പാക്കി. നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നരലക്ഷം രൂപ വരെ ഗ്യാരണ്ടി നൽകാൻ ലക്ഷ്യമിടുന്ന ഗ്യാരണ്ടി ഫണ്ട് ബോർഡും അതിനായി ഒരു കോർപ്പസ് ഫണ്ടും രൂപീകരിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത ശേഷം മരിക്കുന്നവരുടെ വായ്പാ ബാധ്യത എഴുതിത്തള്ളുന്ന കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഒരു ലക്ഷം രൂപയിൽ നിന്നും ഒന്നരലക്ഷം രൂപയായി വർധിപ്പിച്ചു. അതോടൊപ്പം മാരക രോഗം ബാധിച്ച് ശയ്യാവലംബരായവരുടെ വായ്പ മുതലിനത്തിൽ പരമാവധി 75,000 രൂപ എഴുതിത്തള്ളുന്നതിനുള്ള വ്യവസ്ഥയും ഉൾ



## ഓഡിറ്റിങ് വേഗത്തിൽ

അപ്പക്സ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആഡിറ്റ് കുടിശിക തീർത്ത് സമകാലികമാക്കുന്നതിന് എല്ലാ സഹകരണ സംഘങ്ങളുടെയും ഓഡിറ്റ് അതത് വർഷം തന്നെ പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകേണ്ടത് ഭരണസമിതിയുടെയും പൊതുയോഗത്തിന്റെയും നിയമപരമായ ഉത്തരവാദിത്വമാക്കി. കൺസ്യൂമർഫെഡ് മുഖേന നിത്യോപയോഗസാധനങ്ങൾ മിതമായ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും, വിപണിയിടപെടലിലൂടെ വിലനിലവാരം പിടിച്ചു നിർത്തുന്നതിനും നടപടികൾ സ്വീകരിച്ചു. കൺസ്യൂമർഫെഡിന്റെ സ്ഥിരം സംവിധാനവും ഉത്സവകാലചന്തകളും ഉപയോഗപ്പെടുത്തി അവശ്യസാധനങ്ങൾ പൊതു വിപണി വിലയേക്കാൾ 20 ശതമാനം വരെ വിലകുറച്ച് നൽകി.

കളും ആവിഷ്കരിച്ചു. സഹകരണമേഖലയിൽ അഞ്ചു ലക്ഷം വൃക്ഷത്തൈ നട്ട് പരിപാലിക്കുന്ന പദ്ധതി നടപ്പാക്കി

ഖാദി മേഖലയിൽ സംസ്ഥാന സർക്കാരിന്റെ വരുമാന പൂരക പദ്ധതിയനുസരിച്ച് 2010 ഏപ്രിൽ ഒന്നു മുതലുള്ള മിനിമം വേതന കുടിശിക തീർത്തു. ഇതിലൂടെ 22,120 നൂൽപ്പ്/നെയ്ത്ത് തൊഴിലാളികൾക്ക് 52.68 കോടി രൂപ വിതരണം ചെയ്തു. ഖാദി-ഗ്രാമവ്യവസായ മേഖലയിൽ 4,737 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

## ഒറ്റ നോട്ടത്തിൽ...

- ആശ്വാസ് 2015 നടപ്പാക്കുന്നു
- 21,227 കോടി രൂപയുടെ അധിക നിക്ഷേപം സമാഹരിച്ചു
- നിക്ഷേപ ഗ്യാരണ്ടി സ്കീം
- സഹകരണ റിസ്ക് ഫണ്ട് പദ്ധതി
- ഉണർവ് തീവ്രയത്ന പരിപാടി നടപ്പാക്കി
- വിലക്കയറ്റം നിയന്ത്രിക്കാൻ വിപണി ഇടപെടൽ
- കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംങ് കോളേജുകളിൽ ഇംപ്രൂവ്മെന്റ് പ്രോഗ്രാം
- ആലില, സുവർണ്ണ കേരളം പദ്ധതികൾ
- വരുമാന പൂരക പദ്ധതി



ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി ഉദ്ഘാടനം



ആലില പദ്ധതി സംസ്ഥാനതല ഉദ്ഘാടനം



റോഡുകൾ നവീകരിച്ച് കൂടുതൽ ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ ഈ മന്ത്രി സഭയുടെ കാലയളവിനിടെ സാധിച്ചു. സംസ്ഥാനത്ത് ആദ്യമായി ഇ-ടെണ്ടറിംഗും ഇ-പേമെന്റും നടപ്പാക്കിയത് നടപടിക്രമങ്ങൾ അതിവേഗത്തിലാക്കാൻ സഹായകമാകും. സംസ്ഥാനത്തെ ഏറ്റവും പ്രാധാന്യമുള്ള റോഡുകളെ ബന്ധപ്പെടുത്തി തന്ത്രപ്രധാന റോഡ് ശൃംഖല വികസിപ്പിക്കുന്ന പദ്ധതിക്കും ഈ മന്ത്രിസഭയുടെ കാലയളവിൽ തുടക്കം കുറിക്കാനായി.

**വി.കെ. ഇബ്രാഹിം കുഞ്ഞ്**
പൊതുമരാമത്ത് മന്ത്രി

# ആധുനിക പാതകൾ, പാലങ്ങൾ
# അടിസ്ഥാന സൗകര്യത്തിൽ മുന്നേറ്റം

സംസ്ഥാനത്തെ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് ഒട്ടേറെ പരിപാടികൾ നടപ്പാക്കി. മൂവായിരം കോടി രൂപ ചെലവിൽ 7600 കിലോമീറ്റർ റോഡുകൾ നവീകരിച്ചു. 600 കോടി രൂപ ചെലവഴിച്ച് 115 പാലങ്ങൾ പൂർത്തിയാക്കി. 1500 കെട്ടിടങ്ങളുടെ നിർമാണം ഏറ്റെടുത്തു. കോൺക്രീറ്റ് റോഡ്, പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ്, റോഡുകൾക്ക് മിനിമം ഗ്യാരന്റി, ഗുണനിലവാരം സാക്ഷ്യപ്പെടുത്തൽ, ആധുനിക കുഴിയടയ്ക്കൽ രീതി, ഇ-ടെണ്ടറിംഗും ഇ-പെയ്മെന്റും, ഗ്രീൻ ബിൽഡിങ് പോളിസി, മാന്വൽ പരിഷ്കരണം, പ്രീ-ഫാബ് ടെക്നോളജി, പൈതൃക കെട്ടിട സംരക്ഷണം, മാതൃകാ സുരക്ഷാ റോഡ്, അമിനിറ്റി സെന്ററും ആധുനിക ബസ് ഷെൽട്ടറും, സംസ്ഥാന റോഡ് വികസന പദ്ധതി, തീർത്ഥാടന കേന്ദ്രങ്ങളിലേക്കുള്ള റോഡുകളുടെ വികസനം എന്നിവയ്ക്കു തുടക്കംകുറിച്ചു.

1972-ൽ രൂപം നൽകിയ പൊതുമരാമത്ത് മാന്വൽ 40 വർഷത്തിനു ശേഷം പുതുക്കി. സാങ്കേതികവും ഭരണപരവുമായ പ്രവർത്തനങ്ങളുടെ മികവ്, നിർമാണ പ്രവർത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിവ പുതുക്കിയ മാന്വലിന്റെ ആധാരശിലകളാണ്. 1,770 കോടി രൂപയുടെ ബൈപാസുകൾ ദേശീയപാതയിൽ നിർമാണം



കരമന കളിയിക്കാവിള റോഡിന്റെ നിർമാണോദ്ഘാടന വേളയിൽ

## നടപടികൾക്ക് വേഗം കൂട്ടി ഇ ടെൻഡറിംഗ്

സംസ്ഥാനത്ത് ആദ്യമായി ഇ-ടെൻഡറിങ്ങും ഇ-പേമെന്റും നടപ്പാക്കി. ഇതോടെ കരാറുകാർ ഒത്തുചേർന്നു ടെൻഡർ സമർപ്പിക്കുന്ന രീതി നിലച്ചു. 25 ലക്ഷത്തിലധികം അടങ്കൽ തുക വരുന്ന എല്ലാ ടെൻഡറുകളും ഇ-ടെൻഡറിങ് വഴിയാണ്. ഇതിനൊപ്പം ഇ-പേയ്മെന്റും നടപ്പാക്കിയപ്പോൾ കരാറുകാരൻ പൊതുമരാമത്ത് ഓഫീസ് കയറിയിറങ്ങേണ്ട അവസ്ഥയില്ല. ബിൽ തുക അവരുടെ അക്കൗണ്ടിലേക്കെത്തും.

## 100 പാലങ്ങൾ കമ്മിഷൻ ചെയ്യാൻ ആക്ഷൻ പ്ലാൻ

400 ദിവസത്തിനുള്ളിൽ 100 പാലങ്ങൾ കൂടി കമ്മീഷൻ ചെയ്യാനുള്ള ആക്ഷൻ പ്ലാൻ തയാറാക്കി. തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ളൈഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ എന്നിവ നിർമിക്കുന്നതിനുള്ള സ്പീഡ് കേരള പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. പാലാരിവട്ടം ഫ്ളൈഓവർ (41.28 കോടി രൂപ), കോഴിക്കോട് ബൈപ്പാസ് (153 കോടി), രാമപുരം - നാലമ്പലം ദർശനം റോഡ് (50.57 കോടി), കഞ്ഞിക്കുഴി - വെട്ടത്തുകവല - കറുകച്ചാൽ (45.35 കോടി), തലശ്ശേരി - മാഹി ബൈപ്പാസ് ഒന്നാംഘട്ടം (390 കോടി രൂപ) എന്നിവയാണ് ആദ്യഘട്ടത്തിൽ നിർമ്മിക്കുന്നത്.



**ചമ്രവട്ടം പാലം**

തുടങ്ങി. കൊല്ലം ആലപ്പുഴ ബൈപ്പാസുകൾ (700 കോടി), കോഴിക്കോട് ബൈപ്പാസ് (153 കോടി), കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള തിരുവനന്തപുരം ബൈപാസ്(621 കോടി) എന്നിവ നിർമാണഘട്ടത്തിൽ.

തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ മാതൃകയിൽ മറ്റു നഗരങ്ങളിലേക്കും നഗര റോഡ് വികസന പദ്ധതികൾ. കോഴിക്കോട് നഗര റോഡ് വികസനപദ്ധതിയുടെ ഒന്നാംഘട്ട സ്ഥലമെടുക്കൽ പൂർത്തിയായി. 2,403 കോടി രൂപ ചെലവ് വരുന്ന കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിന് 1,166 കോടി രൂപ ധനസഹായം നൽകാൻ ലോകബാങ്ക് തയാറായി. കരാർ ഒപ്പിട്ടു. ഇതിൽ ഏഴു റോഡുകളുടെ നിർമാണം തുടങ്ങി. ഏറ്റവും പ്രാധാന്യമുള്ള റോഡുകളെ കണ്ടെത്തി, 8,000 കിലോമീറ്ററോളം വരുന്ന തന്ത്രപ്രധാനമായ റോഡ് ശൃംഖല വികസിപ്പിക്കുന്ന കോർ റോഡ് നെറ്റ്വർക്ക് പദ്ധതി ആരംഭിച്ചു.

മണ്ഡലകാലത്തിന് മുമ്പായി ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണികൾ കഴിഞ്ഞ നാലു വർഷങ്ങളിൽ പൂർത്തിയാക്കി. ഇതിനൊപ്പം ഹെവിമെയിന്റനൻസ് പണികളും 59.46 കോടി രൂപ ചെലവിൽ പൂർത്തിയായി. 11 കോടി രൂപയുടെ പിൽഗ്രിം സെന്റർ റാന്നിയിലും 11 റോഡുകളുടെ ഹെവിമെയിന്റനൻസും വരുന്നതോടെ അയ്യപ്പഭക്തരുടെ താമസ-യാത്രാക്ലേശങ്ങൾക്ക് പരിഹാരമാവുകയാണ്.

## ഒറ്റ നോട്ടത്തിൽ...

- മൂവായിരം കോടി രൂപ ചെലവിൽ 7600 കിലോമീറ്റർ റോഡുകളുടെ അറ്റകുറ്റപ്പണി
- 600 കോടി രൂപ ചെലവിൽ 115 പാലങ്ങൾ
- പൊതുമരാമത്ത് മാന്വൽ പരിഷ്കരിച്ചു
- ആദ്യമായി ഇ-ടെൻഡറിങ്ങും ഇ-പേമെന്റും നടപ്പാക്കി
- 1770 കോടിയുടെ ബൈപ്പാസുകൾ
- നഗര റോഡ് വികസന പദ്ധതികൾ
- കെ.എസ്.ടി.പി. രണ്ടാം ഘട്ടം
- 8,000 കിലോമീറ്ററിൽ കോർ റോഡ് നെറ്റ്വർക്ക്
- 400 ദിവസങ്ങൾക്കുള്ളിൽ നൂറു പാലങ്ങൾ
- ഫ്ളൈഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ എന്നിവയുമായി സ്പീഡ് കേരള പദ്ധതി
- ശബരിമല റോഡ് വികസനം



പട്ടികവർഗ വിഭാഗങ്ങളുടെ അഭിമാനവും ആത്മവിശ്വാസവും വാനോളം ഉയർത്തിയ നാലുവർഷങ്ങൾ. ഭൂവിതരണത്തിലും ഭവന പദ്ധതികളിലും അസാദ്ധ്യമായവ സാദ്ധ്യമാക്കിയ നാളുകൾ. പടിപടിയായുള്ള പ്രവർത്തനത്തിലൂടെ എല്ലാ വിഭാഗങ്ങളിലുമുള്ള ആദിവാസി ജനതയുടെ ജീവിതത്തിൽ ക്രിയാത്മക പരിവർത്തനത്തനങ്ങൾ. യുവജന നയം രൂപീകരിച്ചും യുവജന കമ്മിഷന് രൂപം നൽകിയും യുവാക്കൾക്കായി ദീർഘവീക്ഷണമുള്ള ചുവടുവയ്പ്പ് നടത്താനുമായി.

**പി.കെ.ജയലക്ഷ്മി**
പട്ടിക വർഗ-യുവജന ക്ഷേമ മന്ത്രി

# ഊരുകളിൽ സമൃദ്ധി
# യുവത്വത്തിന് കൂടുതൽ കരുത്ത്

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര വികസനത്തിനായി സർക്കാർ ബഹുമുഖ സ്വഭാവമുള്ള പദ്ധതികൾ നടപ്പാക്കുകയാണ്. പട്ടികവർഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മോഡൽ കോളനി, ഹാംലറ്റ് ഡവലപ്മെന്റ് പദ്ധതി, സമഗ്ര വികസന പദ്ധതി തുടങ്ങിയവ നടപ്പാക്കി. സമ്പൂർണ പട്ടികവർഗ ഭവന പദ്ധതി ആരംഭിച്ചു. നാലുവർഷം കൊണ്ട് 8,374 പേർക്ക് ഭവന നിർമാണ ധനസഹായം നൽകി.

അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിന് 18 മാസത്തേക്ക് 18,000 രൂപ നൽകുന്ന ജനനി-ജന്മരക്ഷ പദ്ധതി നടപ്പാക്കി. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും (എം.ആർ.എസ്.) ഹോസ്റ്റലുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിന് വിദ്യോദയം പദ്ധതി. എം.ആർ.എസ്. വിദ്യാർഥികൾക്കായുള്ള സർഗോത്സവം പരിപാടിയിൽ എ ഗ്രേഡ് നേടുന്നവർക്ക് 12 മാർക്കും ബി ഗ്രേഡ് നേടുന്നവർക്ക് 10 മാർക്കും. എം.ആർ.എസ്. ഹോസ്റ്റലുകൾക്ക് 38 കോടി രൂപയുടെ കേന്ദ്രസഹായം. പട്ടികവർഗ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും ദുർഘട പ്രദേശങ്ങളിൽനിന്നുള്ള യാത്രക്കുമായി ഗോത്രസാരഥി. അനാഥരായ പട്ടികവർഗ കുട്ടികളെ സംരക്ഷിക്കുന്നതിന് കൈത്താങ്ങ് പദ്ധതി, 18 വയസ്സ് വരെ പ്രതിമാസം 1000 രൂപ വീതം സഹായം. തൊഴിൽരഹിതരായ പട്ടികവർഗ യുവതികൾക്ക് 500 ഓട്ടോറിക്ഷകൾ വിതരണം ചെയ്തു. പ്രാക്തന വിഭാഗത്തിന് 148 കോടി രൂപയുടെ പാക്കേജ്. സംസ്ഥാനത്തെ ഏക പട്ടികവർഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടിക്ക് പ്രത്യേക പദ്ധതി.

കെ.സി.എസ്. പണിക്കരുടെ ചിത്രങ്ങൾ പ്രദർശിപ്പിപ്പിട്ടുള്ള ഗ്യാലറി ആധുനിക രീതിയിൽ നവീകരിച്ചു. മ്യൂസിയങ്ങളിലും പൂന്തോട്ടങ്ങളിലെ പരിസരത്തും എൽ.ഇ.ഡി. ലൈറ്റുകളും പരിസ്ഥിതി സൗഹൃദ സൗരോർജ്ജ പാനലുകളും സ്ഥാപിച്ചു. മൃഗശാലയിൽ പരിസ്ഥിതിക്ക് അനുയോജ്യമായ വൈദ്യുതി വാഹനം ലഭ്യമാക്കി.



ആശിക്കുന്ന ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം

## ദിശാബോധം പകർന്ന് യൂത്ത് കമ്മിഷൻ, യുവജനനയം

യുവാക്കളുടെ കാര്യശേഷിയും ബൗദ്ധിക പ്രതിഭയും പരമാവധി പ്രയോജനപ്പെടുത്തുന്ന പരിപാടികൾ വിഭാവനം ചെയ്യുന്ന യുവജന നയത്തിന് സർക്കാർ രൂപം നൽകി. സംസ്ഥാന യൂത്ത് കമ്മിഷൻ നിലവിൽവന്നു. എന്റർപ്രണർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുമായി ചേർന്ന് 3,000 സംരംഭങ്ങൾ. യുവഹരിതം പദ്ധതിയിൽ യുവജനങ്ങൾക്ക് ഒരു ലക്ഷം വെജിറ്റബിൽ ഗ്രോബാഗ് വിതരണം. പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവഗ്രാമ പഞ്ചായത്ത് അംഗങ്ങൾക്ക് ഭാരത ദർശൻ യാത്ര. യുവജനങ്ങൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിന് വിവിധ ഏജൻസികളുമായി ചേർന്ന് വർഷംതോറും ജോബ്ഫെസ്റ്റ്.



സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി ആദിവാസി യുവതികൾക്ക് ഓട്ടോ റിക്ഷ വിതരണം ചെയ്തപ്പോൾ



## ആശിക്കും ഭൂമി ആദിവാസിക്ക്

ഭൂരഹിതർക്കെല്ലാം ഭൂമി പദ്ധതിക്ക് തുടക്കമായി. ടി.ആർ.ഡി.എം. (Tribal Resettlement Development Mission) മുഖേന 777 കുടുംബങ്ങൾക്ക് 730.52 ഏക്കറും ഭൂരഹിത കേരളം പദ്ധതിയിൽ 450 കുടുംബങ്ങൾക്ക് മൂന്ന് സെന്റ് വീതവും 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതിയിൽ' 420 കുടുംബങ്ങൾക്ക് 146.137 ഏക്കറും കെ.എസ്.ടി ആക്ട് പ്രകാരം 120 കുടുംബങ്ങൾക്ക് 120 ഏക്കറും വനാവകാശ നിയമപ്രകാരം 8222 കൈവശരേഖയും നൽകി. മുത്തങ്ങ സമരത്തിൽ പങ്കെടുത്ത 447 പേർക്ക് ഒരേക്കർ ഭൂമി വീതവും വീടിന് 2.5 ലക്ഷം രൂപ വീതവും 44 കുട്ടികൾക്ക് ഒരു ലക്ഷം രൂപ വീതവും നൽകി.

## ഒറ്റ നോട്ടത്തിൽ...

- 8374 പേർക്ക്ഭവന നിർമാണ ധനസഹായം
- മാതൃക കോളനി, ഹാംലറ്റ് ഡവലപ്മെന്റ്, സമഗ്ര വികസന പദ്ധതികൾ
- അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിന് ജനനി- ജന്മരക്ഷ പദ്ധതി
- മുത്തങ്ങ സമരത്തിൽ പങ്കെടുത്ത 447 പേർക്ക് ഒരേക്കർ ഭൂമി
- മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും വികസനത്തിന് വിദ്യോദയം പദ്ധതി.
- പ്രാക്തന വിഭാഗത്തിന് 148 കോടിയുടെ പാക്കേജ്.
- ഇടമലക്കുടിക്ക് പ്രത്യേക പദ്ധതി
- സംസ്ഥാന യുവജന നയം
- യുവജന കമ്മീഷൻ നിലവിൽ
- യുവാക്കൾക്കായി വർഷം തോറും ജോബ് ഫെസ്റ്റ്



പണിയ വിഭാഗത്തിലെ ആദ്യ എം.ബി.എ. വിദ്യാർഥി മണികണ്ഠന് ധനസഹായം നൽകി അഭിനന്ദിക്കുന്നു



ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയ്ക്കൊപ്പം വയനാട്ടിലെ ആദിവാസി ഊരിൽ



സാമൂഹ്യനീതിക്കായും പഞ്ചായത്തുകളിലൂടെ സുതാര്യ സേവനത്തിനായും അഭിമാനകരമായ പ്രവർത്തനങ്ങൾ നടത്തിയെന്ന ചാരിതാർത്ഥ്യമുള്ള നാലു വർഷങ്ങളാണ് കടന്നു പോകുന്നത്. ശാരീരികവും മാനസികവുമായി ഭിന്നശേഷിയുള്ളവരെ സഹായിക്കുന്നതിനും അവരുടെ പുനരധിവാസത്തിനും സ്ത്രീശാക്തീകരണത്തിനും മറ്റും പദ്ധതികൾ നടപ്പാക്കി. ഷീ ടാക്സി പോലുള്ള നവസംരംഭങ്ങളിലൂടെ വനിതകൾക്ക് പ്രചോദകമായ മാതൃകകൾ മുന്നോട്ടുവയ്ക്കാനുമായി. പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിലും കാര്യക്ഷമതയുറപ്പാക്കുന്ന ഇടപെടലുകളാണുണ്ടായത്. കേരളം കാതോർത്ത ഷെഫീക്കിനെ ജീവിതത്തിലേക്ക് കൊണ്ടുവരാനായതും അവിസ്മരണീയമായി. പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പുകൾ ഇന്ന് സർക്കാരിന്റെ തേജസ്സാർന്ന മുഖമാണ്.

**ഡോ. എം.കെ.മുനീർ**
പഞ്ചായത്ത്- സാമൂഹ്യനീതി മന്ത്രി

# പഞ്ചായത്തുകളിലൂടെ സദ്ഭരണം: ഓരോ പൗരനും സാമൂഹികനീതി

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ഗതിവേഗം നൽകുന്ന സമീപനമാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായത്. ത്രിതലപഞ്ചായത്തുകൾക്ക് പഞ്ചവത്സര പദ്ധതി ഏർപ്പെടുത്തി. ഇതോടെ ഫണ്ട് ലാപ്സാകാതെ പദ്ധതിയിലുൾപ്പെട്ട ജോലികളുടെ പൂർത്തീകരണം ഉറപ്പാക്കി. പദ്ധതികളുടെ എൻട്രിയും അംഗീകാരവും ഓൺലൈനാക്കി. ആധുനിക രീതിയിലുള്ള മുപ്പതോളം അറവുശാലകൾ പൂർത്തിയായിവരുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകളിലും നാഷനൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ് കണക്ടിവിറ്റി മിക്കവാറും പൂർത്തിയായി.

70 ഗ്രാമപഞ്ചായത്തുകൾ പുതുതായി രൂപീകരിച്ചു. അടുത്ത തദ്ദേശഭരണ തെരഞ്ഞടുപ്പിൽ പ്രവാസി കേരളീയർക്ക് സമ്മതിദാനാവകാശം വിനിയോഗിക്കാൻ നടപടി സ്വീകരിച്ചു.

കേരള ലോക്കൽ ഗവൺമെന്റ് സർവീസ് ഡലിവറി പ്രോജക്റ്റ് (ലോകബാങ്ക്) മുഖേന 978 ഗ്രാമപഞ്ചയത്തുകൾക്ക് അടിസ്ഥാനസൗകര്യം വികസിപ്പിക്കാൻ 750 കോടി രൂപയുടെ സഹായം നൽകി. അടുത്ത ഗഡു സഹായ വിതരണത്തിന് 848 ഗ്രാമപഞ്ചായത്തുകളെ കണ്ടെത്തി. 200 കോടി രൂപയുടെ കേരള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി പ്രോജക്റ്റിന്റെ രണ്ടാംഘട്ടം നടപ്പാക്കും. തൃശൂരിലെ കില നിയോജക മണ്ഡലാടിസ്ഥാനത്തിൽ വികസന സെമിനാറുകൾ നടത്തി. കിലയെ സർവകലാശാലയാക്കിയുള്ള നടപടി സ്വീകരിച്ചു.

മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം, പോഷകാഹാര നയം എന്നിവ പ്രഖ്യാപിച്ചു.

വികലാംഗനയം രൂപപ്പെടുത്തി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലികമായി ജോലി ചെയ്ത രണ്ടായിരത്തോളം വികലാംഗർക്ക് സ്ഥിരനിയമനം നൽകി അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം 5,000 രൂപയായി വർദ്ധിക്കുന്നതിന് സംസ്ഥാന വിഹിതം 2,000 രൂപയായി വർദ്ധിപ്പിച്ചു. ഓരോ നിയോജക മണ്ഡലത്തിലും 25 ലക്ഷം രൂപ ചെലവിൽ മാതൃകാ അങ്കണവാടികൾ നിർമ്മിച്ചു വരുന്നു.

കോഴിക്കോട് ജൻഡർപാർക്കിന്റെ നിർമാണ ജോലി തുടങ്ങി. തിരുവനന്തപുരത്തെ നിഷ്, ദേശീയ യൂണിവേഴ്സിറ്റിയായി പ്രഖ്യാപിക്കപ്പെട്ടു. തൃശൂർ കല്ലേറ്റുംകരയിൽ റീജിയനൽ ഇൻസ്റ്റിറ്റ്യൂട്ട്



**പൂന്തുറ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിലെ ജന്മനാ കാലുകൾ തളർന്ന വിദ്യാർത്ഥി ബാലുവിനെ മന്ത്രി ഡോ.എം.കെ.മുനീർ വീട്ടിലെത്തി സന്ദർശിക്കുന്നു**

## പങ്കാളിത്തത്താൽ ശ്രദ്ധേയം കുടുംബശ്രീ

കുടുംബശ്രീ കൂട്ടായ്മയിലെ അംഗസംഖ്യ 33 ലക്ഷത്തിൽ നിന്ന് 41.5 ലക്ഷമായി വർദ്ധിച്ചു. മത്സ്യത്തൊഴിലാളികൾ, ആദിവാസി പിന്നാക്ക സമുദായങ്ങൾ, പാർശ്വവൽക്കൃതർ തുടങ്ങിയവരെ അംഗങ്ങളാക്കിക്കൊണ്ടാണ് ഈ നേട്ടം കൈവരിച്ചത്. കൃഷി, വ്യവസായം, ബഡ്സ് സ്കൂൾ, ഉത്പന്ന വിപണനം, വനിതാ ശിശു - സൗഹൃദ പദ്ധതികൾ, ആശ്രയ കാറ്ററിംഗ് യൂണിറ്റുകൾ, മൈക്രോസംരംഭങ്ങൾ എന്നിവയിലൂടെ കുടുംബശ്രീയുടെ പ്രവർത്തനം വിപുലീകരിച്ചു. ഓരോ എ.ഡി.എസിനും വനിതാ മാധ്യമ പ്രവർത്തകരെ സൃഷ്ടിച്ച് ഗ്രാമത്തനിമയും പൈതൃകവും ഡോക്യുമെന്റ് ചെയ്യുന്നതിനുള്ള മീഡിയാശ്രീ പദ്ധതി നടപ്പാക്കി. ഇന്ത്യയിലെ മികച്ച കമ്പനികളുടെ ചുമതലയിൽ സ്ത്രീകൾക്ക് തൊഴിൽ വൈദഗ്ദ്ധ്യവും തൊഴിലും ലഭ്യമാക്കുന്നതിനുള്ള പരിശീലനം നല്കി. 70 പഞ്ചായത്തുകളിൽ കുടുംബശ്രീ വനിതകൾ പൂർത്തിയാക്കിയ ക്രൈംമാപ്പിംഗ് ഇന്ത്യയിൽ ആദ്യസംരംഭമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിന് ഈ പഠനത്തിലെ കണ്ടെത്തലുകൾ ഉപയോഗിക്കുവാൻ കഴിയും. ദുബായ് ഫെസ്റ്റിൽ 'കഫേ കുടുംബശ്രീ' പങ്കെടുത്തു.

ഫോർ ഫിസിക്കൽ മെഡിസിൻ ആൻഡ് റിസർച്ച് ആരംഭിച്ചു. ക്ഷേമ പെൻഷനുകൾ ഏറ്റവും ചുരുങ്ങിയത് 600 രൂപയായും 80 വയസ്സ് കഴിഞ്ഞവർക്ക് 1,200 രൂപയായും വർദ്ധിപ്പിച്ചു. അനാഥാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ, വികലാംഗ സദനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസ ഗ്രാന്റ് 1,000 രൂപയായി വർദ്ധിപ്പിച്ചു. 20 ലക്ഷത്തോളം പേർക്ക് വിവിധ ക്ഷേമ പെൻഷനുകൾ ലഭിക്കുന്നു.

വൈകല്യം ഗർഭാവസ്ഥ മുതൽ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള സ്റ്റേറ്റ് ഇനിഷ്യേറ്റിവ് ഓൺ ഡിസ്എബിലിറ്റി എന്ന 40 കോടി രൂപയുടെ പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കി.

18 വയസ്സ് വരെയുള്ള ക്യാൻസർ ബാധിതരായ കുട്ടികളുടെ ചികിത്സക്ക് 17.71 കോടി രൂപ വിനിയോഗിച്ചു. ജന്മനായുള്ള ഹൃദയവൈകല്യം, ജനിതകരോഗം, ഇതര ഗുരുതര രോഗം തുടങ്ങിയവയുടെ സൗജന്യ ചികിത്സക്ക് 2,210 കുട്ടികൾക്ക് വേണ്ടി 18.08 കോടി രൂപ അനുവദിച്ചു. ശയ്യാവലംബികൾ, മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർ തുടങ്ങിയവരെ പരിചരിക്കുന്ന 50,000ൽ അധികം പേർക്ക് ആശ്വാസകിരണം പദ്ധതിയിലൂടെ 92.31 കോടി രൂപ നൽകി. അവിവാഹിതരായ അമ്മമാരുടെ പുനരധിവാസത്തിനായി സ്നേഹസ്പർശം പദ്ധതി മുഖേന 3.41 കോടി രൂപ അനുവദിച്ചു. ശ്രുതിതരംഗം പദ്ധതി മുഖേന 470 കുട്ടികൾക്ക് ശ്രവണ - സംസാരശേഷി കൈവരുത്തുന്ന സൗജന്യ ശസ്ത്രക്രിയക്ക് 22.25 കോടി രൂപ ചെലവഴിച്ചു. മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരുമോ മരണമടഞ്ഞ കുട്ടികളെ ഗാർഹികാന്തരീക്ഷത്തിൽ താമസിപ്പിച്ച് വിദ്യാഭ്യാസം ചെയ്യിക്കുന്ന സ്നേഹപൂർവം പദ്ധതിക്ക് 30,000 ൽ അധികം ഗുണഭോക്താക്കൾ ഉണ്ട്.

65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കുകൾ വഴി സൗജന്യ ചികിത്സ, മരുന്ന്, കൗൺസലിംഗ് എന്നിവ നൽകുന്ന വയോമിത്രം പദ്ധതി 32 നഗരങ്ങളിൽ നടപ്പിലാക്കി. 1.27 ലക്ഷം വയോജനങ്ങൾ ഗുണഭോക്താക്കളാണ്. കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം ഗവ. മെഡിക്കൽകോളജ് ആശുപത്രികളിലും ജില്ലാ ആശുപത്രിയിലും രോഗികൾക്ക് സൗജന്യ ഭക്ഷണം നൽകുന്ന പദ്ധതിയിൽ 22.25 കോടി രൂപ വിനിയോഗിച്ചു. സാമൂഹ്യക്ഷേമ വകുപ്പിന്റെ പേര് സാമൂഹ്യനീതി വകുപ്പ് എന്നാക്കി.



## ഷീ സാരഥികളുടെ ടാക്സി

സ്ത്രീകൾ തന്നെ സംരംഭകരും ഡ്രൈവറുമാകുന്ന ഷീ ടാക്സി പദ്ധതി സംരംഭത്തിലെ പുതുമ കൊണ്ട് ശ്രദ്ധേയമായി. മറ്റ് സംസ്ഥാനങ്ങളിലും ഇതിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് സമാനമായ പരിപാടികൾ നടപ്പായി. വനിതാ വികസനകോർപ്പറേഷന്റെ ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പാക്കിയത്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരേയുള്ള അതിക്രമം തടയാൻ നിർഭയ പദ്ധതി നടപ്പാക്കി. ഇപ്പോൾ 11 നിർഭയ ഷെൽട്ടർ ഹോമുകളിലായി 200 അന്തേവാസികൾ ഉണ്ട്. ഇവരെ വിദ്യാഭ്യാസ പുനരധിവാസ തൊഴിൽ നിയമ സാന്ത്വന മേഖലകളിൽ പിന്താങ്ങുന്നു. വനിതാ വികസന കോർപ്പറേഷന്റെ ഷീ ടോയ്‌ലറ്റ്, സന്ദേശ് എന്നിവ ശ്രദ്ധയാകർഷിച്ചു.

## ഒറ്റ നോട്ടത്തിൽ...

- ത്രിതല പഞ്ചായത്തുകൾക്ക് പഞ്ചവത്സര പദ്ധതി
- പഞ്ചായത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ
- 70 പുതിയ പഞ്ചായത്തുകൾ
- കുടുംബശ്രീ അംഗ സംഖ്യ 33 ലക്ഷത്തിൽ നിന്ന് 41.2 ലക്ഷമായി
- 978 പഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 750 കോടി രൂപ.
- 11 നിർഭയ ഷെൽട്ടർ ഹോമുകളിലായി 200ഓളം അന്തേവാസികൾ
- രണ്ടായിരത്തോളം വികലാംഗർക്ക് സ്ഥിര നിയമനം
- എല്ലാ ജില്ലകളിലും സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റി പദ്ധതി
- ഷീ ടാക്സി പദ്ധതി ശ്രദ്ധേയം
- വനിത വികസന കോർപറേഷന്റെ ഷീ ടോയ്‌ലറ്റ്
- കാൻസർ ബാധിതരായ കുട്ടികളുടെ ചികിത്സക്ക് 17.71 കോടി
- വൃദ്ധകളെ സംരക്ഷിക്കുന്നതിന് പകൽവീട്
- ചൈൽഡ് റൈറ്റ്സ് കമ്മിഷൻ രൂപീകരിച്ചു.
- ഭിക്ഷാടനത്തിനെതിരായ ബിൽ പണിപ്പുരയിൽ
- വയോജന നയം, പോഷകാഹാര നയം, ജെന്റർ പോളിസി
- സംയോജിത ശിശുസംരക്ഷണ പദ്ധതി
- ഭിന്നലിംഗ പോളിസിയും ചൈൽഡ് പോളിസിയും തയാറാവുന്നു
- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം തടയാൻ നിർഭയ



നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഭരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. ഇക്കാര്യത്തിൽ ക്ലീൻ കേരള കമ്പനിയുടെ രൂപീകരണം നാഴികക്കല്ലായി. അർബൻ 2020 പോലുള്ള ദീർഘ വീക്ഷണ നഗരാസൂത്രണ പരിപാടികൾ വിഭാവനം ചെയ്യാനുമായി. സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ രൂപീകരണവും ദീർഘകാലഗുണമുണ്ടാക്കുന്ന ചുവടുവയ്പ്പാണ്.

**മഞ്ഞളാംകുഴി അലി**
നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ മന്ത്രി

# പിഴവില്ലാത്ത ആസൂത്രണം; നഗരങ്ങൾക്ക് പുതിയ മുഖം

നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിന് സർക്കാരും നഗരസഭകളും ചേർന്ന് സിയാൽ മാതൃകയിൽ ക്ലീൻ കേരള കമ്പനി രൂപീകരിച്ചു. പുനരുൽപാദന സാധ്യതയുള്ള മാലിന്യങ്ങൾ വിലയ്ക്കു വാങ്ങിക്കൊണ്ടാണ് കമ്പനിയുടെ പ്രവർത്തനം. കിലോഗ്രാമിന് രണ്ടുരൂപ നിരക്കിൽ പ്ലാസ്റ്റിക്കും അഞ്ചുരൂപക്ക് ഇ-മാലിന്യവും ശേഖരിക്കുന്നു. പ്രധാന നഗരങ്ങളിൽ മാലിന്യത്തിൽ നിന്ന് കംപ്രസ്ഡ് നാച്യുറൽ ഗ്യാസ് ഉത്പാദിപ്പിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും സീവേജ്, സെപ്റ്റേജ് പ്ലാന്റുകളും അവസാന ഘട്ടത്തിലാണ്. കൊച്ചി ബ്രഹ്മപുരത്ത് സെപ്റ്റേജ് പ്ലാന്റ് പുർത്തിയാക്കി.

ഗാർഹികവും വാണിജ്യവുമായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ വിപണനവും വിനിമയവും സുതാര്യമാക്കുന്നതിനായി കേരള റിയൽ എസ്റ്റേറ്റ് (ഡവലപ്മെന്റ് ആന്റ് റഗുലേഷൻ) ഓർഡിനൻസ് പുറപ്പെടുവിച്ചു. ഇതിന്റെ ഭാഗമായുള്ള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി, റിയൽ എസ്റ്റേറ്റ് റഗുലേറ്റ് ട്രിബ്യൂണൽ എന്നിവ ഉടൻ പ്രാബല്യത്തിൽ വരും. സംസ്ഥാനത്തിനും നഗരസഭകൾക്കും യോജിച്ച പദ്ധതികൾക്ക് വിദഗ്ധരുടെ സഹായത്തോടെ ഡിപിആർ (വിശദമായ പദ്ധതി റിപ്പോർട്ട്) തയ്യാറാക്കുവാൻ അർബൻ 2020 തുടങ്ങി.

വിൽപന നടത്തുന്ന സാധനങ്ങളുടെ സ്വഭാവത്തിനനുസരിച്ച് കടകളെ തരംതിരിച്ച് ഫീസ് ഈടാക്കാൻ തീരുമാനിച്ചു. ഫീസ് നിരക്ക് ഏകീകരിച്ചതിനാൽ അടുത്തടുത്ത നഗരസഭകളിലെ ഒരേ സ്വഭാവമുള്ള കടകൾക്ക് വെവ്വേറെ ഫീസ് ഈടാക്കുന്ന സ്ഥിതിവിശേഷം ഒഴിവായി.

വിദേശ രാജ്യങ്ങളിൽ താമസിക്കുന്ന മലയാളികൾക്ക് ഈ വർഷം നടക്കുന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ടവകാശം നൽകാൻ അവസരം ലഭിക്കുന്ന വിധം കേരള മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പ് ചട്ടം ഭേദഗതി ചെയ്തു.

കെട്ടിട നിർമാണത്തിനുള്ള അനുമതി സുതാര്യമായി വേഗത്തിൽ ലഭ്യമാക്കുന്നതിനായി എല്ലാ നഗരസഭകളിലും




**അർബൻ 2020 പദ്ധതിക്ക് തുടക്കം കുറിക്കുന്നു**

## 31 പഞ്ചായത്തുകൾ നഗരസഭകളാക്കി

സംസ്ഥാനത്തെ 31 ഗ്രാമപഞ്ചായത്തുകളെ ഭരണപരമായ സൗകര്യത്തിനായി നഗരസഭകളാക്കി. കണ്ണൂർ നഗരസഭയെ മുനിസിപ്പൽ കോർപറേഷനായും ഉയർത്തി. വരുമാനവും ജനസംഖ്യയും പരിഗണിച്ച് നഗരസ്വഭാവം കൈവരിച്ച 31 പഞ്ചായത്തുകളെയാണ് നഗരസഭകളാക്കിയത്. നേരത്തെ 60 മുനിസിപ്പാലിറ്റികളും അഞ്ച് മുനിസിപ്പൽ കോർപറേഷനുകളുമാണ് ഉണ്ടായിരുന്നത്.

സംസ്ഥാനത്തെ എല്ലാ നഗരസഭകൾക്കും മാസ്റ്റർ പ്ലാനുകൾ തയാറാക്കുന്നതിനുള്ള പ്രവർത്തനം അന്തിമഘട്ടത്തിൽ. ഇതനുസരിച്ച് ചങ്ങനാശേരി, മലപ്പുറം മാസ്റ്റർപ്ലാനുകൾക്ക് സർക്കാർ അംഗീകാരം നൽകി. ഒമ്പത് മാസ്റ്റർപ്ലാനുകൾ പ്രസിദ്ധപ്പെടുത്തി. 19 നഗരസഭകളുടെ മാസ്റ്റർപ്ലാനുകളുടെ സാങ്കേതിക പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. 27 മാസ്റ്റർപ്ലാനുകൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. 2015 നവംബർ ഒന്നുമുതൽ കെട്ടിടനിർമാണത്തിന് ഓൺലൈൻ വഴി അപേക്ഷ നൽകാനും അനുമതി ലഭിക്കാനും സൗകര്യമുണ്ട്. സാധാരണ വീടുകൾക്കും കെട്ടിടങ്ങൾക്കും ഒരു മാസവും ടൗൺ പ്ലാനറുടെ അനുമതി ആവശ്യമുള്ള കെട്ടിടങ്ങൾക്ക് രണ്ടുമാസവുമാണ് അനുമതിക്കുള്ള പരമാവധി കാലാവധി.

കേരള പബ്ലിക് സർവീസ് കമ്മിഷൻ, യൂണിയൻ പബ്ലിക് സർവീസ് കമ്മിഷൻ, ബാങ്കിങ് സർവീസ് പരീക്ഷകൾ, ആർ.ആർ.ബി എന്നിവ നടത്തുന്ന മത്സര പരീക്ഷകൾ, വിവിധ കോഴ്സുകൾക്കായുള്ള എൻട്രൻസ് പരീക്ഷകൾ എന്നിവയിൽ പരിശീലനം നൽകുന്നതിന് ന്യൂനപക്ഷ വകുപ്പിന് കീഴിൽ 14 ജില്ലകളിലായി 16 പരിശീലന കേന്ദ്രങ്ങളും 23 ഉപകേന്ദ്രങ്ങളും തുടങ്ങി. 12,359 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി. 564 ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിച്ചു. ഉന്നത തസ്തികകൾ ഉൾപ്പെടെ 797 ഉദ്യോഗാർത്ഥികൾ വിവിധ ലിസ്റ്റുകളിൽ ഇടം നേടി.

ന്യൂനപക്ഷവിഭാഗങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമായി സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ രൂപീകരിച്ചു. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സർക്കാർ സർവീസിലെ ബാക്ക്‌ലോഗ് നികത്തുന്നതിന് നടപടി സ്വീകരിച്ചു. തിരുവനന്തപുരം ശാസ്തമംഗലത്താണ് കമ്മിഷന്റെ ആസ്ഥാനം.

## പാർട്ണർ കേരള മിഷൻ വികസനത്തിന്റെ 'ഗ്രീൻചാനൽ'




**പാർട്ണർ കേരള മിഷൻ കരാർ കൈമാറുന്നു**

പൊതു-സ്വകാര്യ പങ്കാളിത്തം വഴി നിക്ഷേപം കണ്ടെത്തുന്നതിനായി പാർട്ണർ കേരള മിഷൻ രൂപീകരിച്ചു. ആദ്യഘട്ടത്തിൽ 24 നഗരസഭകളിൽ 1,764 കോടി രൂപയുടെ പദ്ധതികൾ ഉടൻ തുടങ്ങാനാവും. നഗരസഭകളുടെ ഭൂമിയിൽ വരുമാന വർധനവിനുതകുന്ന പദ്ധതികൾ സംരംഭകരിലൂടെ നടപ്പാക്കുകയും നിശ്ചിത കാലാവധിക്കു ശേഷം പദ്ധതി പൂർണമായും നഗരസഭകൾക്ക് സ്വന്തമാവുകയും ചെയ്യും. ബസ് സ്റ്റാൻഡുകൾ, ഷോപ്പിങ് കോംപ്ലക്സുകൾ, സ്ലോട്ടർ ഹൗസുകൾ, ഫ്ളൈഓവറുകൾ, ഡയഗ്നോസ്റ്റിക് കേന്ദ്രങ്ങൾ, കംഫർട്ട് സ്റ്റേഷനുകൾ, മാലിന്യ സംസ്കരണ പദ്ധതികൾ തുടങ്ങിയവയാണ് പാർട്ണർ കേരളയിൽ നിർദ്ദേശിച്ചിട്ടുള്ളത്.

## പ്രവാസികൾക്ക് തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ടവകാശം

വിദേശ രാജ്യങ്ങളിൽ താമസിക്കുന്ന മലയാളികൾക്ക് ഈ വർഷം നടക്കുന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ടവകാശം നൽകാൻ അവസരം ലഭിക്കുന്ന വിധം കേരള മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പ് ചട്ടം ഭേദഗതി ചെയ്തു.



## ഒറ്റ നോട്ടത്തിൽ...

- ഫ്ളാറ്റ് നിർമാണ മേഖലയിലെ ചൂഷണങ്ങൾ തടയാൻ റിയൽ എസ്റ്റേറ്റ് (ഡവലപ്മെന്റ് & റഗുലേഷൻ) ഓർഡിനൻസ്
- നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിന് ക്ലീൻ കേരള കമ്പനി
- നിക്ഷേപം കണ്ടെത്തുന്നതിന് പാർട്ണർ കേരള മിഷൻ
- സംസ്ഥാനത്തിനും നഗരസഭകൾക്കും യോജിച്ച പദ്ധതികൾക്കായി അർബൻ 2020
- നഗരസഭകളിലെ ഒരേ സ്വഭാവമുള്ള കടകൾക്ക് ഏകീകൃത ഫീസ്
- നഗരസഭകൾക്ക് മാസ്റ്റർ പ്ലാനുകൾ.
- കെട്ടിട നിർമാണാനുമതി സുതാര്യമാക്കാൻ ഓൺലൈൻ പെർമിറ്റ്
- സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു
- സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പിന് പ്രവർത്തനമികവിൽ ദേശീയ അംഗീകാരം



കേരളത്തിന്റെ ആരോഗ്യമേഖല ഗതകാലപ്രതാപം വീണ്ടെടുത്തിരിക്കുന്നു. സർക്കാർ ആശുപത്രികളിൽ അടിസ്ഥാന സൗകര്യവും ഗുണനിലവാരവും ഉറപ്പാക്കിയതിലൂടെ ദേശീയതലത്തിലുള്ള അംഗീകാരങ്ങളും നേടാനായി. സൗജന്യ മരുന്നു വിതരണ പദ്ധതിയും ജീവിതശൈലീ രോഗ നിർണയവും ചികിത്സയും സൗജന്യമാക്കിയതുമടക്കമുള്ള നടപടികളുംആരോഗ്യ മേഖലയെ വീണ്ടും ജനകീയവും ജനോപകാരപ്രദവുമാക്കി. സർക്കാർ മെഡിക്കൽ കോളേജുകളുടെ എണ്ണം അഞ്ചിൽ നിന്ന് ഒമ്പതായി വർധിച്ചതും ഈ മന്ത്രിസഭയുടെ കാലയളവിലാണ്. ആരോഗ്യ പ്രശ്നങ്ങൾക്കുള്ള ശാശ്വത പരിഹാര നടപടികളുമായി സർക്കാർ മുന്നോട്ടു പോവുകയാണ്.

**വി.എസ്.ശിവകുമാർ**
ആരോഗ്യം-കുടുംബക്ഷേമം-ദേവസ്വം മന്ത്രി

# പ്രതാപത്തിന്റെ നെറുകയിൽ ആരോഗ്യ മേഖല

അടിസ്ഥാനസൗകര്യങ്ങളും ചികിത്സാ ഗുണനിലവാരവും വർദ്ധിപ്പിച്ചതിനെത്തുടർന്ന് നിരവധി സർക്കാർ ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. ദേശീയ അംഗീകാരവും, കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ് (കാഷ്) അംഗീകാരവും ലഭിച്ചു. ആരോഗ്യ മേഖലയിൽ സമഗ്രമായ മാറ്റങ്ങളുണ്ടാക്കുന്നതിനുള്ള പദ്ധതികളാണ് നടപ്പാക്കി വരുന്നത്. രോഗങ്ങൾ നിയന്ത്രിക്കുന്നതിനും താങ്ങാനാവാത്ത ചികിത്സാചിലവ് ലഘൂകരിച്ച് എല്ലാവർക്കും ആതുര സഹായം ലഭ്യമാക്കുന്നതിനും നടുപടിയുണ്ടായിട്ടുണ്ട്.

ആർ.സി.സി.യെ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടാക്കാൻ 120 കോടിരൂപയുടെ വികസനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. മലബാർ ക്യാൻസർ സെന്ററിനെ ടെർഷ്യറി ക്യാൻസർ സെന്ററാക്കി ഉയർത്താനും ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ടെർഷ്യറി ക്യാൻസർ സെന്ററുകൾ ആരംഭിക്കാനും നടപടി സ്വീകരിച്ചു. രാജ്യത്തെ ആദ്യത്തെ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ആർ.സി.സി.ക്ക് ലഭിച്ചു.

പ്രസവചികിത്സ സൗജന്യമാക്കിക്കൊണ്ടുള്ള അമ്മയും കുഞ്ഞും, പതിനെട്ട് വയസ്സുവരെയുള്ളവർക്ക് എല്ലാ രോഗങ്ങൾക്കും സൗജന്യചികിത്സ നൽകുന്ന ആരോഗ്യകിരണം,



**ജില്ലാ കളക്ടർമാരുമായും മെഡിക്കൽ ഓഫീസർമാരുമായും ആരോഗ്യമന്ത്രിയുടെ വീഡിയോ കോൺഫറൻസ്**

## സൗജന്യ മരുന്ന് വിതരണം

സംസ്ഥാനത്ത് മെഡിക്കൽ സർവീസസ് കോർപറേഷൻ വഴി 711 ഇനം മരുന്നുകൾ സൗജന്യമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കാരുണ്യഫാർമസികൾ തുറന്നു. 108 ആംബുലൻസ് സേവനം വിപുലപ്പെടുത്തി. സുകൃതം സൗജന്യ കാൻസർ ചികിത്സാ പദ്ധതിയും കേരള ക്യാമ്പയിൽ എഗൻസ്റ്റ് ക്യാൻസർ ബോധന -നിയന്ത്രണ ചികിത്സാ പദ്ധതിയും ആരംഭിച്ചു.

ജീവിതശൈലി രോഗനിർണയവും ചികിത്സയും സൗജന്യമാക്കിക്കൊണ്ടുള്ള അമൃതം ആരോഗ്യം, സ്കൂൾ വിദ്യാർഥികളുടെ ആരോഗ്യസംരക്ഷണത്തിനായുള്ള വിദ്യാലയ ആരോഗ്യപരിപാടി എന്നീ പദ്ധതികൾ നടപ്പിലാക്കി.



**പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ സംസ്ഥാനതല ഉദ്ഘാടനം**

എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങി കേരളം സമ്പൂർണ ആയുർവേദ സംസ്ഥാനമെന്ന പദവിയിലേക്ക്. പുതിയ 77 സ്ഥിരം കേന്ദ്രങ്ങൾ തുടങ്ങി. 68 ആയുർവേദ ആശുപത്രികൾ നവീകരിച്ചു. താളിയോലകൾ കണ്ടെടുത്ത് ഔഷധയോഗങ്ങളെക്കുറിച്ചുള്ള അഞ്ച് ബൃഹത്ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. പ്രസാദം, ഋതു, കൗമാരസ്ഥൗല്യം, ജീവനി, പുനർനവ, ദൃഷ്ടി, ബാലമുകുളം പദ്ധതികൾ തുടങ്ങി. ആയുർവേദ കോളേജുകളിലെ അധ്യാപക ക്ഷാമം പരിഹരിക്കുകയും അധ്യാപകർക്ക് യു.ജി.സി. സ്കെയിൽ ശമ്പളം നടപ്പിലാക്കുകയും ചെയ്തു. ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ ആരംഭിച്ചു. ആയുഷ് വകുപ്പ് രൂപീകരണത്തിനുള്ള നടപടികൾ പൂർത്തിയായി.

ഹോമിയോ ഡയറക്ടറേറ്റ് സ്ഥാപിക്കുന്നതിന് നടപടികളായി. 110 ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങി. എല്ലാ ചികിത്സാ കേന്ദ്രങ്ങളിലും സീതാലയം, സദ്ഗമയ പദ്ധതികൾ നടപ്പിലാക്കി. വന്ധ്യതാ ചികിത്സാകേന്ദ്രങ്ങളും ഡീ-അഡിക്ഷൻ സെന്ററുകളും ആരംഭിച്ചു.

സംസ്ഥാനത്തെ ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഫലപ്രദമായി നടപ്പിലാക്കി. സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം പദ്ധതി രാജ്യത്തിനുതന്നെ മാതൃകയായി. ഭക്ഷ്യസുരക്ഷ ലൈസൻസ് ഓൺലൈനിൽ ലഭ്യമാക്കുന്ന ആദ്യസംസ്ഥാനം എന്ന ബഹുമതി കേരളം സ്വന്തമാക്കി. 140 മണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷ സർക്കിൾ ഓഫീസുകൾ.

ശബരിമല മാസ്റ്റർപ്ലാൻ നടപ്പിലാക്കാൻ മുന്തിയ പരിഗണന നൽകി. 65 കോടിരൂപ അനുവദിച്ചു. 2015 ലെ ബഡ്ജറ്റിൽ 25 കോടിരൂപ വകയിരുത്തി. കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് 10 കോടിരൂപ അനുവദിച്ചു.

## സർക്കാർ മെഡിക്കൽ കോളേജുകൾ ഒമ്പത്

സർക്കാർ മെഡിക്കൽ കോളേജുകളുടെ എണ്ണം അഞ്ചിൽനിന്നും ഒമ്പതായി. മഞ്ചേരിയിലും ഇടുക്കിയിലും പാലക്കാടുമാണ് പുതിയ മെഡിക്കൽ കോളേജുകൾ. കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തു. 15 മെഡിക്കൽ കോളജുകളാണ് ലക്ഷ്യം. തിരുവനന്തപുരത്തും കോന്നിയിലും അടുത്തവർഷം മെഡിക്കൽ കോളേജുകൾ തുടങ്ങും. കാസർഗോഡും വയനാടും ഹരിപ്പാടും ഇവ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പാരിപ്പള്ളി മെഡിക്കൽ കോളേജ് ഏറ്റെടുക്കാൻ തീരുമാനിച്ചു. മെഡിക്കൽ കോളേജുകളിലെ ചികിത്സാസൗകര്യങ്ങൾ പതിന്മടങ്ങ് വർധിപ്പിച്ചു.

ആലപ്പുഴയിൽ ഗവ.ഡെന്റൽ കോളേജ് ആരംഭിച്ചു. തൃശൂർ ഡെന്റൽ കോളേജ് ഈ വർഷം പ്രവർത്തനമാരംഭിക്കും. തിരുവനന്തപുരത്തെ മുട്ടത്തറയിലും കോന്നിയിലും സിമെറ്റിന്റെ (Cetnre for Materials for Eletcronics Technology) നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## ഒറ്റ നോട്ടത്തിൽ...

- എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ
- സമ്പൂർണ ആയുർവേദ സംസ്ഥാനമെന്ന പദവിയിലേക്ക്
- മെഡിക്കൽ സർവീസസ് കോർപറേഷൻ വഴി 711 മരുന്നുകളുടെ സൗജന്യ വിതരണം.
- സുകൃതം സൗജന്യ കാൻസർ ചികിത്സാ പദ്ധതി
- കാൻസർ ബോധന നിയന്ത്രണ ചികിത്സാ പദ്ധതി
- ആലപ്പുഴയിൽ ഡെന്റൽ കോളജ്
- 18 വയസ്സ് വരെയുള്ളവർക്ക് സൗജന്യ ചികിത്സയ്ക്ക് ആരോഗ്യ കിരണം.
- ജീവിതശൈലീ രോഗ നിർണയവും ചികിത്സയും സൗജന്യമാക്കി അമൃതം ആരോഗ്യം
- ഹോമിയോ ചികിത്സാ കേന്ദ്രങ്ങളിൽ സീതാലയം, സദ്ഗമയ പദ്ധതികൾ.



കെ.എം. ചന്ദ്രശേഖർ
ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ



# കേരളത്തിന്റെ മുഖഛായ മാറ്റുന്ന പദ്ധതികൾ

### അടിസ്ഥാന സൗകര്യ വികസനം

ജലസേചനം, ഗതാഗതവും വാർത്താ വിനിമയവും, ഊർജം, വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധികളായ വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം മുതലായവയ്ക്ക് സംസ്ഥാന വാർഷിക പദ്ധതിയുടെ ഏകദേശം 20 ശതമാനം തുക കഴിഞ്ഞ നാലു വർഷങ്ങളിൽ നീക്കിവച്ചിട്ടുണ്ട്. നടപ്പു വർഷം 5,621 കോടി രൂപ അതായത് സംസ്ഥാന വാർഷിക പദ്ധതിയുടെ 20 ശതമാനം ഇക്കാര്യങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. കൂടാതെ വൻകിട പശ്ചാത്തല വികസന പ്രോജക്ടുകൾക്ക് ആവശ്യമായ ഫണ്ട് യഥേഷ്ടം ലഭ്യമാക്കുന്നതിനായി വാർഷിക പദ്ധതിയിൽ പ്രത്യേക ഹെഡ് ആരംഭിച്ചു.

### പ്രോജക്ട് ഫിനാൻസിങ് സെൽ

സംസ്ഥാനത്തിന്റെ പൊതുസ്വകാര്യപങ്കാളിത്ത നയം വികസിപ്പിക്കുന്നതിനായി സംസ്ഥാന ആസൂത്രണബോർഡിൽ പ്രോജക്ട് ഫിനാൻസിങ് സെൽ പ്രവർത്തിച്ചു വരുന്നു. ബജറ്റ് ഇതര ധനസ്രോതസ്സുകൾ കൂടി കണ്ടെത്തി അടിസ്ഥാനസൗകര്യമേഖലയിൽ പരമാവധി നിക്ഷേപം സാദ്ധ്യമാക്കുന്നതിനായി വിവിധ വകുപ്പുകളെ സാങ്കേതികമായി സഹായിക്കുക എന്നതാണ് സെല്ലിന്റെ പ്രധാന ദൗത്യം.

പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പാക്കുന്നതിന് സംസ്ഥാനത്ത് പ്രധാനതടസ്സമായി നിന്നത് സഹായകമായ ഒരു നിയമ ചട്ടക്കൂടിന്റെ അഭാവമായിരുന്നു എന്ന് തിരിച്ചറിയുകയും വിശദമായ ചർച്ചകൾക്കുശേഷം, ഒരു കരട് പൊതുസ്വകാര്യപങ്കാളിത്ത നയത്തിനും കരട് അടിസ്ഥാന സൗകര്യ വികസനബില്ലിനും പ്രോജക്ട് ഫിനാൻസിങ് സെൽ രൂപം നൽകുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന ആസൂത്രണബോർഡിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിന്റെ അടുത്ത പതിനഞ്ച് വർഷത്തെ വികസനം സംബന്ധിച്ച് 'പരിപ്രേക്ഷ്യ പദ്ധതി 2030' (പെർസ്പെക്ടീവ് പ്ലാൻ 2030) എന്ന പേരിൽ സമഗ്രമായ ഒരു രൂപരേഖ തയാറാക്കിയിട്ടുണ്ട്.

### വിഭവ സമാഹരണം

സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിനുള്ള ക്രിയാത്മക ശ്രമങ്ങളാണ് ഇക്കാലയളവിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർധിപ്പിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ സമർപ്പിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ അധ്യക്ഷനായി ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചിരുന്നു. സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റവന്യൂ കമ്മി കുറയ്ക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

### യുവസംരംഭകത്വം

യുവസംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ സാഹചര്യം സൃഷ്ടിക്കുന്ന ഒരു നയം സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സ്റ്റാർട്ട് അപ്പ് ബ്യൂട്ട് ക്യാമ്പുകൾ നടത്തുക, സ്കൂൾ കോളേജ് തലം മുതൽ സംരംഭകത്വ മനോഭാവം വളർത്തുക, റാസ്പ്ബെറിപൈ കംപ്യൂട്ടർ പ്രോഗ്രാം, സ്മാർട്ട് അപ് ബോക്സ് ക്യാമ്പയിൻ, അന്താരാഷ്ട്ര സംരംഭകത്വ വിനിമയ പരിപാടി മുതലായവയ്ക്ക് വേണ്ടി സംസ്ഥാന സർക്കാർ ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ബിസിനസ്സ് ഇൻക്യുബേറ്ററുകളും, എല്ലാ മേഖലകളിലും ടെക്നോളജി ഇൻക്യുബേറ്ററുകളും സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു.

### കൃഷി പരമ്പരാഗത വ്യവസായങ്ങൾ

കുറഞ്ഞത് രണ്ടു ശതമാനം കാർഷിക വളർച്ചനയാണ് ലക്ഷ്യമിടുന്നത്. പ്രത്യേക കാർഷിക മേഖലകൾ വികസിപ്പിക്കുക, ഹൈടെക് കൃഷി രീതികൾ ആരംഭിക്കുക, വിജ്ഞാനാധിഷ്ഠിത കാർഷിക രീതികൾ കൂട്ടിയിണക്കുക, കമ്പോളത്തെ നിയന്ത്രിക്കുന്ന

ഘടകങ്ങളുടെ പരിമിതികൾ പരിഹരിക്കുക, കാർഷിക വിപണന സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, കാർഷിക രംഗത്ത് സൂക്ഷ്മ സംരംഭങ്ങൾ പ്രോത്സാ ഹിപ്പിക്കുക എന്നിവ കാർഷിക മേഖലയിൽ നിർദേശിക്കപ്പെട്ടിട്ടുള്ള പ്രധാനപ്പെട്ട ദീർഘകാല വികസന ഇടപെടലുകളാണ്. അതുപോലെ കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ചയ്ക്ക് വിഘാതമായി നില്ക്കുന്ന ഘടകങ്ങൾ വിശദമായി പരിശോധിക്കുന്നു.

## വിഴിഞ്ഞം തുറമുഖ പദ്ധതി

അന്താരാഷ്ട്ര കപ്പൽ ചാലിൽ നിന്ന് 10 നോട്ടിക്കൽ മൈൽ അകലെ മാത്രം സ്ഥിതി ചെയ്യുന്ന നിർദിഷ്ട തുറമുഖത്തിന് ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ (18000 TEU) വരെ കൈകാര്യം ചെയ്യാൻ സാധിക്കും.



കൊച്ചി മെട്രോ നിർമാണപ്രവർത്തനം

## സ്മാർട്ട് സിറ്റി

സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം



വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ രൂപരേഖ

ആരംഭിക്കുന്നതോടെ 13 ഐ.ടി/ഐ.ടി എനേബിൾഡ് കമ്പനികൾ മുഖേന 4,000 പേർക്ക് ആദ്യഘട്ടത്തിൽ തൊഴിൽ ലഭിക്കും. തുടർന്ന് 90,000 പേർക്ക് തൊഴിൽ ലഭിക്കുന്ന ഒരു സംരംഭമാണിത്.


## കൊച്ചി മെട്രോ

കൊച്ചി മെട്രോ പ്രവർത്തനക്ഷമം ആകുന്നതോടെ കേരളത്തിലെ ഏറ്റവും ജനസാന്ദ്രതയേറിയ നഗരമായ കൊച്ചിയുടെ ഗതാഗത സംവിധാനം വളരെ മെച്ചപ്പെടുന്നതാണ്. ഗതാഗത കുരുക്ക് പരിഹരിക്കുക, യാത്രാസമയം ലഘൂകരിക്കുക, മലിനീകരണം കുറയ്ക്കുക, റോഡപകടങ്ങൾ കുറയ്ക്കുക മുതലായ ലക്ഷ്യങ്ങൾ ഇതിലൂടെ കൈവരിക്കാവുന്നതാണ് ആലുവയും പേട്ടയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രസ്തുത പദ്ധതി മൂന്ന് ഘട്ടങ്ങളായാണ് പൂർത്തിയാക്കുന്നത്. ഓരോ ഘട്ടത്തിലും ഏകദേശം എട്ടു കി. മീറ്റർ ദൈർഘ്യവും ആകെ 22 സ്റ്റേഷനുകളും ഉണ്ടാകും. 2016,

2021, 2031 വർഷങ്ങളിൽ യഥാക്രമം 4.12 ലക്ഷം, 5.19 ലക്ഷം, 7.57 ലക്ഷം യാത്രക്കാർക്ക് പ്രതിദിനം നിർദിഷ്ട പദ്ധതിയുടെ സേവനം ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതുവഴി 2013 ൽ നിലവിലുള്ള 7.7 ലക്ഷം തൊഴിലവസരങ്ങൾ 2021 ൽ 10.3 ലക്ഷമായും 2031 ൽ 13.6 ലക്ഷമായും വർദ്ധിക്കുന്നതാണ്. 2016 ജനുവരി അവസാനത്തോടെ ആദ്യ തീവണ്ടി സർവീസ് ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കണ്ണൂർ വിമാനത്താവളം

മലബാർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വെച്ചുള്ള പദ്ധതിയാണിത്. കേരളത്തിൽ സ്ഥാപിതമാകുന്ന പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഗ്രീൻ ഫീൽഡ് വിമാനത്താവളമാണ് കണ്ണൂർ. മലബാറിന് അന്താരാഷ്ട്ര ബന്ധം പ്രദാനം ചെയ്യുന്നതും ഏയർ കാർഗോ ഹബ്ബായി പ്രവർത്തിക്കുന്നതും മേഖലയുടെ വ്യവസായ വാണിജ്യ തൊഴിൽ വിനോദ സഞ്ചാര വളർച്ചയ്ക്കുതകുന്നതുമായ ഒരു പദ്ധതിയാണിത്. കണ്ണൂർ വിമാനത്താവള നിർമാണത്തിനും, പ്രവർത്തനത്തിനുമായി കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (കിയാൽ) എന്ന കമ്പനി കേരളാ ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്.



കണ്ണൂർ വിമാനത്താവള മാതൃക

■ ടി. പി. ശ്രീനിവാസൻ/ഹേമന്ത് കുമാർ എൽ.



ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളം ഉന്നതിയിലേക്കാണെന്നു സാക്ഷ്യപ്പെടുത്തുന്ന വാക്കുകളായിരുന്നു ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഉപാധ്യക്ഷൻ ടി.പി ശ്രീനിവാസന്റേത്. കോളജുകളുടെ സ്വയംഭരണം എന്ന വിപ്ലവ മാറ്റം മുതൽ കോളജ് ക്ലസ്റ്റർ രൂപീകരണം വരെ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞതിന്റെ പശ്ചാത്തലത്തിലാണ് ഈ സാക്ഷ്യപ്പെടുത്തൽ

# ഉന്നത വിദ്യാഭ്യാസം
# കേരളത്തിന്റെ ഭാവി ശോഭനം

*കഴിഞ്ഞ നാലു വർഷത്തിനിടയിൽ ഈ ഭരണകാലത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉണ്ടായ കാതലായ മാറ്റം ഏതാണ് ?*

കോളജുകളുടെ സ്വയംഭരണാവകാശം തന്നെയാണ് ഏറ്റവും ശ്രദ്ധേയമായ മാറ്റം. പഠന ക്രമത്തിലും വ്യവസ്ഥയിലും കാലാനുസൃത മാറ്റങ്ങൾ സംഭവിക്കാനിടയാക്കുന്നതാണ് സ്വയംഭരണാവകാശം. ഇന്നിപ്പോൾ അഞ്ചു വർഷം മുന്നിൽ കണ്ടു പോലും പരിഷ്കാരങ്ങൾ വരുത്താനാകില്ല. കാലത്തിന്റെ കുതിപ്പിനൊപ്പം മാറ്റങ്ങൾ അതിവേഗമായതാണ് ഇതിനു കാരണം. ഇവിടെയാണ് സ്വയം ഭരണാവകാശം പ്രസക്തമാകുന്നത്. മാറ്റങ്ങൾക്കൊപ്പം പരിഷ്കാരങ്ങൾ വരുത്താൻ ഇനി എളുപ്പമാകുമെന്ന് ചുരുക്കം. കൃത്യമായി പറഞ്ഞാൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും സാധ്യതയും മെച്ചപ്പെടും.

*സ്വയംഭരണാവകാശത്തിന്റെ ഗുണഫലം എല്ലാവരും തിരിച്ചറിഞ്ഞു കഴിഞ്ഞോ ?*

അതൊരു സ്വാഭാവിക പ്രക്രിയയാണ്. എതിർപ്പുകൾ ഉണ്ടാകുന്നത് പോലെ. ഉന്നത വിദ്യാഭ്യാസം ഉന്നതങ്ങളിലേക്ക് ഉയരണമെന്ന് കേരള സർക്കാർ തീരുമാനിച്ചതാണ് പ്രധാനം. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് തടസ്സങ്ങളെ മറി കടന്ന് സ്വയംഭണാവകാശം എന്ന വിപ്ലവകര മാറ്റത്തിന് ഞാൻ വഴി തുറന്നത്. തലമുറകൾക്കാണ് ഇതിന്റെ പ്രയോജനം കിട്ടുക.



*സ്വയംഭരണാവകാശം പോലെ ആശാവഹമായ മറ്റെന്തെങ്കിലും മാറ്റം ഈ മേഖലയിലുണ്ടായതായി അഭിപ്രായമുണ്ടോ?*

തീർച്ചയായും. സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്താനായതാണ് മറ്റൊരു പ്രധാന നേട്ടം. കേരളത്തിൽ മാത്രമായിരുന്നു സെമസ്റ്റർ സമ്പ്രദായം ഇല്ലാതിരുന്നത്. പതിവു പോലെ എന്തിനേയും ഏതിനെയും എതിർക്കുന്ന പോലെ സെമസ്റ്ററിനെതിരെയും പ്രതിരോധമുണ്ടായി. മാറ്റങ്ങൾ ഉൾക്കൊള്ളാനുള്ള വിമുഖതയാണ് ഇതിനു കാരണം. ഇവിടെയും മുഖ്യമന്ത്രിയുടെ ഉറച്ച നിലപാട് തുണയായി. സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്താനായി. പഠന നിലവാരത്തിലെ ഉയർച്ചയാണ് ഇതു വഴി സാധ്യമായത്. ആദ്യഘട്ടത്തിൽ ഉണ്ടായിരുന്ന പോരായ്മകളൊക്കെ തിരുത്തിയാണ് സമ്പ്രദായം നടപ്പിലാക്കിയത്. വിദഗ്ധരുമായി വിശദ ചർച്ചകൾ നടത്തി നടപ്പിലാക്കിയതു കൊണ്ട് സെമസ്റ്റർ സമ്പ്രദായം ഇന്ന് സർവ്വരും അംഗീകരിക്കുന്നു.

*ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തൊക്കെ ഗുണകര മാറ്റങ്ങളാണ് സമീപ ഭാവിയിൽ പ്രതീക്ഷിക്കാനാവുക?*

സംസ്ഥാനത്ത് തന്നെ ഒരു ഗുണനിലവാര പരിശോധനാ സമിതി അല്ലെങ്കിൽ സ്റ്റേറ്റ് അക്രഡിറ്റേഷൻ കൗൺസിൽ രൂപികരിക്കാനുള്ള നീക്കത്തിലാണ്. നിലവിൽ നാക് (NAAC) സംവിധാനത്തിന് പരിമിതികളുണ്ട്. അതുകൊണ്ടാണ് സംസ്ഥാനത്ത് സമാന സംവിധാനം രൂപീകരിച്ച് ഒരു സഹായ സംവിധാനം പോലെ പ്രവർത്തിപ്പിക്കാനുള്ള ശ്രമം. കേരളമാണ് സംസ്ഥാനങ്ങളിൽ ഇങ്ങനെയൊരു സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാധ്യത ആദ്യമായി മുന്നോട്ട് വച്ചത്. അതു പോലെ അധ്യാപക പരിശീലന കേന്ദ്രം. ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ എന്ന ആശയം പൂർത്തീകരണത്തോടടുക്കുകയാണ്. ഫാക്കൽറ്റികളെ നിലവിൽ വിലയിരുത്താൻ സംവിധാനങ്ങളില്ല. അത് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിലൂടെ സാധ്യമാക്കാനാകും. സെന്റർ വരും മുമ്പ് തന്നെ അധ്യാപക പരിശീലനം തുടങ്ങിയെന്നതാണ് യാഥാർത്ഥ്യം. അവരവരുടെ വിഷയങ്ങളിൽ പരിശീലനത്തിലൂടെ പ്രാഗത്ഭ്യം തെളിയിക്കുന്ന അധ്യാപകർക്ക് ഇൻസെന്റീവ് നൽകുന്നതിനായി സർക്കാരിൽ ശുപാർശ നൽകിയിട്ടുമുണ്ട്.

*കോളജുകളുടെ സ്വയംഭരണാവകാശം പോലെയുള്ള ഏതെങ്കിലും സംവിധാനം ഇനി പ്രതീക്ഷിക്കാമോ?*

കോളജ് ക്ളസ്റ്ററുകൾ എന്ന സംവിധാനം സ്വയംഭരണാവകാശം പോലെ തന്നെ പ്രധാനമാണ്. ഇതു സർക്കാർ കോളജുകളിൽ നടപ്പിലാക്കി കഴിഞ്ഞു. ഒരു നഗരത്തിലെ വിവിധ കോളജുകളെ പരസ്പരം ബന്ധിപ്പിക്കുന്ന സംവിധാനമാണ് കോളജ് ക്ളസ്റ്റർ.



**എറണാകുളം മഹാരാജാസ് കോളേജ്**

ആശയ വിനിമയത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി പഠന നിലവാരത്തിന്റെ ഉന്നമനമാണ് ഇതു വഴി സാധ്യമാകുന്നത്. കോളേജുകളിലേക്ക് അന്യോന്യം കടന്ന് ചെന്ന് അവിടങ്ങളിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താനും പഠന വിഷയം വ്യത്യസ്ത വീക്ഷണ കോണുകളിലൂടെ വിലയിരുത്താനുമൊക്കെ അവസരം ഒരുക്കുന്നതാണ് ക്ളസ്റ്ററുകൾ. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് മേഖലകളിലാണ് ഇപ്പോൾ ക്ലസ്റ്ററുകളുള്ളത്. പൊതു കോഴ്സുകൾ, വീഡിയോ കോൺഫറൻസിംഗ് വഴി ആശയ വിനിമയം, സംയുക്തമായി ഒരുക്കുന്ന പ്രസിദ്ധീകരണങ്ങൾ എന്നിങ്ങനെയാണ് സംവിധാനം മുന്നോട്ട് നീങ്ങുന്നത്. ക്ളസ്റ്ററിന്റെ പ്രധാന സവിശേഷത മറ്റൊന്നു കൂടിയുണ്ട്. അതായത് ഒരു കോളജിൽ മികച്ച വിദ്യാർഥികൾ ഏറെയുണ്ടാകാം. മറ്റൊരിടത്ത് അധ്യാപകരുടെ കാര്യത്തിലാകും ഇത്. ക്ലസ്റ്ററുകൾ വഴി ഇവരെല്ലാം ഒന്നിക്കുമ്പോൾ വലിയ മാറ്റത്തിന്റെ തുടക്കമാകുമത്. അത് സംഭവിക്കുകയാണ് കേരളത്തിൽ. സ്വകാര്യ കോളജുകൾ കൂടി സഹകരിക്കുമെങ്കിൽ ഉന്നത വിദ്യാഭ്യാസ മേഖല രാജ്യാന്തര നിലവാരത്തിലേക്കാകും ഉയരുക.

*രാജ്യാന്തര നിലവാരം എന്ന ലക്ഷ്യം എത്ര അടുത്താണ് ഇപ്പോൾ ?*

ഏറെ അകലയല്ല എന്നതാണ് സത്യം. കാരണം കേരളത്തിൽ ഈ ലക്ഷ്യത്തിലേക്കുള്ള യാത്ര ബഹുദൂരം എത്തിയിട്ടുണ്ട്. അമേരിക്കൻ വിദ്യാർഥികൾക്ക് പഠനത്തിനിടയിലെ ഒരു സെമസ്റ്റർ ഇവിടെ ചെയ്യാനും അതു ക്രെഡിറ്റ് ചെയ്യാനുമുള്ള അവസരം നൽകി. അമേരിക്കൻ ഭരണകൂടത്തിൽ ഏറെ സമ്മർദ്ദം ചെലുത്തിയാണ് ഇതുസാധ്യമാക്കിയത്. യു. എസ്. സർക്കാരിൻറെ അനുമതി കിട്ടിയ പശ്ചാത്തലത്തിൽ അവിടെ നിന്നുള്ള കൂടുതൽ വിദ്യാർത്ഥികൾ ഇവിടേക്കെത്തും. അറിവിന്റെ വാതിലുകൾ മലർക്കെ തുറക്കപ്പെടുകയാണ് ഇവിടെ. ഒരു രാജ്യാന്തര പഠന ഹബ് രൂപപ്പെടാനുള്ള വഴിയാണ് തുറക്കപ്പെട്ടിരിക്കുന്നത്.

*ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ എത്ര കണ്ട് പ്രയോജനപ്പെടുത്താനാകും?*

സംസ്ഥാനത്ത് ഇനി വിവര സാങ്കേതിക വിദ്യയുടെ മുന്നേറ്റം കോളജുകളിൽ സംഭവിക്കുമെന്ന് ഉറപ്പായി. ഐ. ടി. @ സ്കൂളിന്റെ വിജയ വഴിയാണ് കോളജ് തലത്തിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന് പ്രചോദനമായത്. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഉടൻ സർക്കാരിന് സമർപ്പിക്കും. ആവശ്യകത കണക്കാക്കി ഐ. ടി. ശാക്തീകരണം നടത്താനാണ് തീരുമാനം. കോളജൊന്നിന് കുറഞ്ഞത് 30 ലക്ഷം രൂപയെങ്കിലും നൽകേണ്ടി വരുമെന്നാണ് ആദ്യ വിലയിരുത്തൽ. ഓൺലൈൻ സംവിധാനത്തിലൂടെ പരമാവധി അറിവ് സമ്പാദിക്കുകയാണ് കാലാനുസൃത മാറ്റത്തിന് അനുയോജ്യമെന്ന ധാരണയിലാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ പദ്ധതിയിൽ പ്രതീക്ഷയർപ്പിക്കുന്നത്. കാൽ നൂറ്റാണ്ടെങ്കിലും പഴക്കമുള്ള പാഠ്യ വ്യവസ്ഥ പിന്തുടരുകയെന്നത് അതിവേഗം മാറുന്ന കാലത്ത് എത്ര കണ്ട് നിലനിൽക്കുമെന്ന് ചിന്തിക്കണം. ഓൺ ലൈൻ പഠനത്തിന്റെ സാധ്യതകൾ തെരയുന്നതിന്റെ കാരണം ഇതു തന്നെയാണ്. ഓൺലൈൻ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥിക്ക് അംഗീകാരം നൽകണമെന്ന ശിപാർശയും സർക്കാരിന് മുന്നിൽ വയ്ക്കുന്നുണ്ട്. കോളജുകൾക്ക് സ്വയംഭരണം എന്ന വിപ്ലവകര മാറ്റത്തിന് പിന്തുണ നൽകിയ യു.ഡി.എഫ് സർക്കാർ ഐ.ടി.@ കോളജിനും ചുവപ്പ് പരവതാനി വിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

■ ബെന്യാമിൻ



# പ്രവാസി ക്ഷേമ പ്രവർത്തനങ്ങളിൽ കേരള സർക്കാർ ഒരു പടി മുന്നിൽ

പ്രവാസി ക്ഷേമ പ്രവർത്തനങ്ങളിൽ കേരള സർക്കാർ ഒരു പടി മുന്നിലാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ പ്രവാസികളുള്ള സംസ്ഥാനം എന്ന നിലയിൽ കേരള സർക്കാർ ഇക്കാര്യത്തിൽ കാര്യക്ഷമമായ പ്രവർത്തനമാണ് നടത്തുന്നത്. സർക്കാരിന്റെ പരിമിതികൾക്കുള്ളിൽനിന്ന് പ്രവാസി ക്ഷേമത്തിനായി ചെയ്യാവുന്ന കാര്യങ്ങളെല്ലാം ചെയ്യുന്നുണ്ട്. വിദേശത്തേക്കു പോകുന്നവർക്ക് നോർക്കയുടെ നേതൃത്വത്തിൽ ബോധവത്കരണവും ആവശ്യമായ മുന്നറിയിപ്പുകളും നൽകുന്നത് വളരെ പ്രധാനമാണ്. നേഴ്സുമാരുടെ റിക്രൂട്ട്മെന്റ് സർക്കാർ ഏജൻസിയായ ഒഡേപക് മുഖേനയാക്കിയത് മികച്ച നടപടിയാണ്.

റിക്രൂട്ട്മെന്റ് ഏജൻസികളാണ് പലപ്പോഴും പ്രവാസികളെ അപകടങ്ങളിൽ കൊണ്ടു ചാടിച്ചിരുന്നത്. വലിയ തൊഴിൽ വാഗ്ദാനങ്ങൾ നൽകിയ ശേഷം മോശം തൊഴിലിടങ്ങളിൽ കൊണ്ടാക്കുക, അവരുടെ അവകാശങ്ങൾ നിഷേധിക്കുക, പണം വാങ്ങി പല തരത്തിലുള്ള തട്ടിപ്പുകൾ നടത്തുക തുടങ്ങി നിരവധി വഞ്ചനകൾക്ക് പ്രവാസികൾ ഇരയായിട്ടുണ്ട്. ഇങ്ങനെയുള്ള തട്ടിപ്പുകാർക്ക് തടയിടുകയെന്നത് വലിയ കാര്യമാണ്. ഇപ്പോൾ നേഴ്സുമാരുടെ റിക്രൂട്ട്മെന്റ് കാര്യത്തിലെടുത്തതു പോലൊരു തീരുമാനം കേരളത്തിൽ നിന്ന് വിദേശത്തേക്ക് ആളുകളെ കൊണ്ടു പോകുന്ന മറ്റെല്ലാ തൊഴിലിനും ബാധകമാക്കണം. വിദേശത്തേക്കുള്ള എല്ലാ റിക്രൂട്ട്മെന്റും സർക്കാരിന്റെ പരിപൂർണ മേൽനോട്ടത്തിലാക്കണം. ഇങ്ങനെ ഒരാൾ തൊഴിലിനായി രാജ്യം വിട്ടു പോകുമ്പോൾ അയാൾ കൃത്യമായി എന്തു തരം ജോലിക്കാണ് പോകുന്നത്, എവിടേക്കാണ് പോകുന്നത് എന്ന കൃത്യമായ ധാരണ സർക്കാരിനുണ്ടാകണം. ഇതിന്റെ ഡോക്യുമെന്റ് സൂക്ഷിക്കണം.

കലാപങ്ങൾ നടക്കുന്ന രാജ്യങ്ങളിൽ നിന്ന് സർക്കാർ വളരെ ഉത്തരവാദിത്വത്തോടെയാണ് പ്രവാസികളെ മടക്കി കൊണ്ടുവന്നത്. പ്രതികൂല സാഹചര്യങ്ങളെ മറികടന്ന് വളരെ സുരക്ഷിതമായി പ്രവാസികളെ തിരിച്ചെത്തിച്ചത് അഭിനന്ദനം അർഹിക്കുന്നു. പ്രവാസികൾക്ക് ഒരു പ്രശ്നമുണ്ടാകുമ്പോൾ അവർ ഏതു രാജ്യത്തായാലും സ്വന്തം രാജ്യത്തെ ഭരണകൂടം തങ്ങൾക്കൊപ്പമുണ്ടെന്ന സന്ദേശം നൽകുന്നത് വളരെ നല്ല സൂചനയാണ്.

സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് പ്രവാസി ക്ഷേമത്തിനായി നിരന്തരമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. മുൻ കാലങ്ങളിൽ നിന്നു വ്യത്യസ്തമായി പ്രവാസികൾ ശ്രദ്ധിക്കപ്പെടേണ്ട ഒരു സമൂഹമാണെന്നു തിരിച്ചറിയുകയും അവർക്ക് പ്രശ്നങ്ങൾ ഉണ്ടെന്നു മനസിലാക്കുകയും സർക്കാർ എന്ന നിലയിൽ കഴിയാവുന്ന വിധത്തിൽ ഇടപെടുകയും ചെയ്യുന്നുണ്ട്. മുൻ കാലങ്ങളിൽ പ്രവാസികളെ ശ്രദ്ധിക്കേണ്ടതാണെന്നോ, തൊഴിൽ തേടി രാജ്യത്തുനിന്നു പോയവർക്കു പ്രശ്നങ്ങളുണ്ടെന്നോ ഒരിക്കലും സർക്കാരുകൾ ചിന്തിച്ചിരുന്നില്ല. അതിനപ്പുറത്ത് പ്രവാസികളുടെ ബുദ്ധിമുട്ടുകൾ തിരിച്ചറിയുകയും അവരും ഇന്ത്യയിലുള്ളവരെപ്പോലെ പലവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ടെന്നും ഇതു പരിഹരിക്കാൻ സഹായം ആവശ്യമുണ്ട്.



**ഇറാഖിൽനിന്ന് തിരിച്ചെത്തിയ നേഴ്സുമാരെ സ്വീകരിക്കുന്ന ബന്ധുക്കൾ**

*(പ്രമുഖ നോവലിസ്റ്റും പ്രവാസിയുമാണ് ലേഖകൻ)*

■ **അച്യുത് ശങ്കർ എസ്. നായർ**

# ഇ-ഗവേണൻസ് ജനപ്രിയമായി



സർക്കാർ വെബ്സൈറ്റുകളും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുമായി തുടങ്ങിയ കേരള സർക്കാരിന്റെ ഇ-ഗവേണൻസ് പദ്ധതികൾ ഇന്ന് ജനപ്രിയമായിരിക്കുന്നു. പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ ബഹുവിധസേവനങ്ങൾ



നൽകുന്ന അക്ഷയ കേന്ദ്രങ്ങൾ മുതൽ ഭരണസിരാകേന്ദ്രം വരെ കടലാസ് രഹിത ഓഫീസ് വികസിച്ചുകൊണ്ടിരിക്കുന്നു. പല വകുപ്പുകളും സ്ഥാപനങ്ങളും ശ്രദ്ധേയമായ ഇ-ഗവേണൻസ് നേട്ടങ്ങൾ കൈക്കൊണ്ടിരിക്കുന്നു. ഓൺലൈൻ ആയി അഡ്മിഷൻ അലോട്ട്മെന്റ് നടത്തുന്ന എൻട്രൻസ് വകുപ്പും സർവകലാശാലകളും ഇതിൽപ്പെടുന്നു. സ്വാൻ, സ്പാർക്ക്, കിസാൻ, ടാക്സ്, ഇ- ഫയലിങ്, സുതാര്യകേരളം, ഇ-കൃഷി ഇവയെല്ലാംതന്നെ പല മേഖലകളിലും തലങ്ങളിലുമായി ഇ- ഗവേണൻസിനെ മുന്നോട്ടു നയിക്കുന്നു. "e-governance leads to good governance' എന്ന ആപ്തവാക്യം സദ്ഭരണത്തിന് സാങ്കേതികവിദ്യ നൽകുന്ന പ്രതീക്ഷയാണ്.

*(സെന്റർ ഫോർ ബയോഇൻഫർമാറ്റിക്സ് ഡയറക്ടറാണ് ലേഖകൻ)*

■ **മിൻഹാജ് ആലം ഐ എ എസ്**

# രാജ്യത്തിനു മാതൃകയായ ആരോഗ്യപദ്ധതികൾ



ചികിത്സ സൗജന്യമാക്കാനുള്ള ശ്രമങ്ങളാണ് സർക്കാരിന്റെ ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടത്. 18 വയസ് വരെയുള്ളവർക്ക് കാൻസർ ചികിത്സ സൗജന്യമായുള്ള 'ആരോഗ്യകിരണം' മികച്ച ഉദാഹരണമാണ്.

മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും കാൻസർ ചികിത്സ സൗജന്യമാക്കുന്ന 'സുകൃതം' കാരുണ്യസ്പർശമുള്ള മികച്ച പദ്ധതികളിലൊന്നാണ്. 'കാരുണ്യ ബെനവലൻറ് ഫണ്ടും' രാജ്യത്ത് തന്നെ മാതൃകയായി അനേകായിരം പാവങ്ങൾക്ക് ചികിത്സാസഹായം എത്തിക്കുന്നു.

രോഗികൾക്കുള്ള വിവിധ പെൻഷൻ പദ്ധതികൾ, സൗജന്യ ഡയാലിസിസ്, ഹീമോഫീലിയ രോഗികൾക്കുള്ള സഹായം തുടങ്ങിയവയും മാതൃകാപരമാണ്.

ഇത്തരം പദ്ധതികളിലൂടെ സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ



എണ്ണം വർധിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ പ്രസവനിരക്കും ഗണ്യമായി വർധിച്ചിട്ടുണ്ട്. പല പ്രമുഖ സർക്കാർ ആശുപത്രികളും സ്വകാര്യ സ്പെഷ്യാലിറ്റി ആശുപത്രികളേക്കാൾ മികച്ചതായി. എറണാകുളം ജനറൽ ആശുപത്രി ഇതിന് ഉദാഹരണമാണ്. വിവിധ പി.എച്ച്.സികളിലായി 200ലേറെ ലാബുകൾ തുറന്നു.

ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾക്കൊപ്പം മറ്റ് വകുപ്പുകളും ആരോഗ്യ സംരക്ഷണത്തിന് സുപ്രധാനമായ സംഭാവനകൾ നൽകുന്നു എന്നതാണ് ഏറ്റവും വലിയ പ്രത്യേകത. മിക്ക വകുപ്പുകളും ആരോഗ്യപരിരക്ഷയുടെ കാര്യത്തിൽ കൈകോർത്തു മുന്നേറുന്നത് ആരോഗ്യമേഖലയിൽ ഗുണപരമായ കുതിച്ചുചാട്ടത്തിന് സഹായിക്കുന്നുണ്ട്. പഞ്ചായത്തുകൾ, സാമൂഹിക നീതി വകുപ്പ്, ധനവകുപ്പ് അങ്ങനെ മിക്ക വകുപ്പുകളും ആരോഗ്യ രംഗത്തിന് സഹായകമാകുന്ന പ്രവർത്തനങ്ങളുമായി രംഗത്തുണ്ട്.

*(ആരോഗ്യ കേരളം, ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർ)*

■ ബിജു എൻ.ബി.

# സ്റ്റാർട്ട്അപ് വില്ലേജ് ആഗോള ശ്രദ്ധയിലേക്ക്

സ്റ്റാർട്ടപ് വില്ലേജിന് കൊച്ചി കിൻഫ്ര പാർക്കിൽ തുടക്കമാകുന്നത് 2012 ഏപ്രിലിലാണ്. ആരംഭിച്ച് ഒരു കൊല്ലം തികയ്ക്കും മുമ്പ് സാധാരണക്കാരുടെ പോലും ശ്രദ്ധ പിടിച്ചുപറ്റാൻ ഈ സംരംഭത്തിനു കഴിഞ്ഞു. ഇന്ത്യയിലെ ആദ്യ പൊതു-സ്വകാര്യ പങ്കാളിത്തമുള്ള ടെലികോം ടെക്നോളജി, ബിസിനസ് ഇൻക്യുബേറ്ററായിട്ടായിരുന്നു തുടക്കം. ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ ലക്ഷ്യം പൊതുവിൽ പറഞ്ഞാൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും അതിനു സഹായിക്കുകയും ചെയ്യുക എന്നതാണ്. പത്തു വർഷത്തിനുള്ളിൽ ആയിരം ടെക്നോളജി സ്റ്റാർട്ടപ്പുകൾക്ക് ജന്മം നൽകുമെന്നതും ഇന്ത്യയിലെ ക്യാംപസുകളിൽനിന്ന്  ഒരു ശതകോടി ഡോളർ മൂല്യമുള്ള സംരംഭം ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ  കണ്ടുപിടിക്കുമെന്നതും സ്റ്റാർട്ടപ്പിന്റെ വാഗ്ദാനമാണ്.

പല തലങ്ങളിലൂടെയാണ് ഇന്ത്യയിലെ ടെലികോം -വിവരസാങ്കേതിക വ്യവസായങ്ങൾ ഈ സംരംഭത്തിനു പിന്തുണ നൽകുന്നത്. ഇന്ത്യയിലെ സോഫ്റ്റ്വെയർ സ്ഥാപനങ്ങളുടെ പരമോന്നത സംഘടനയായ നാസ്കോം, സെല്ലുലാർ ഓപ്പറേറ്റേഴ്സ് അസോസിയേഷൻ, അർബൻടച്ച്.കോം, യാഹു ഇന്ത്യ, ഡെൽ ഇന്ത്യ, മൈൻഡ് ട്രീ, കെ.പി.എം.ജി. ഗ്ലോബൽ തുടങ്ങി നിരവധി പ്രമുഖ സ്ഥാപനങ്ങളുടെ തലപ്പത്തിരിക്കുന്നവർ സഹായഹസ്തവുമായെത്തിയത് ഈ ആശയത്തിന് കിട്ടിയ അംഗീകാരമാണ്.

4ജി ശൃംഖലയിൽ ടെലികോം ലാബുകൾ, ഇന്നവേഷൻ സോണുകൾ, നിയമ-ബൗദ്ധിക സ്വത്തവകാശ സേവനങ്ങൾ, സമ്പൂർണ സജ്ജീകരണങ്ങളോടെയുള്ള ഓഫീസ് സൗകര്യം, വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങൾ എന്നിവയ്ക്കു പുറമെ സംരംഭകർക്കു നൽകുന്ന നിക്ഷേപങ്ങൾക്ക് മൂന്നുവർഷത്തെ നികുതി സൗജന്യമടക്കമുള്ള നിരവധി ആനുകൂല്യങ്ങളും  ഒരു ശതകോടി ഡോളറിന്റെ മൂല്യമുള്ള സംരംഭകനെ കണ്ടെത്താൻവേണ്ടി സ്റ്റാർട്ട് അപ് വില്ലേജിൽ ലഭ്യമാക്കുന്നുണ്ട്.

ആഗോള ടെലികമ്യൂണിക്കേഷൻ വ്യവസായത്തിൽ പുത്തൻ ആശയങ്ങൾ വികസിപ്പിക്കുന്നതിന് സജീവമായ അന്തരീക്ഷം സ്റ്റാർട്ട്അപ് വില്ലേജ് നൽകുന്നു. ഇൻഫോസിസ് സഹസ്ഥാപകനും സഹചെയർമാനുമായ ക്രിസ് ഗോപാലകൃഷ്ണനാണ് സ്റ്റാർട്ട്അപ് വില്ലേജിന്റെ ചീഫ് മെന്റർ. കേരളത്തിലെ ആദ്യ ഐടി ക്യാമ്പസ് സ്റ്റാർട്ടപ്പായ മോബ്മിയുടെ സി ഇ ഒ സഞ്ജയ് വിജയ കുമാറാണ് സ്റ്റാർട്ട്അപ് വില്ലേജ് ഭരണസമിതി ചെയർമാൻ. .ഇതിനോടകം വിദേശത്തു നിന്നടക്കം നിരവധി പ്രമുഖ വ്യക്തികൾ സ്റ്റാർട്ട്അപ് വില്ലേജ് സന്ദർശിച്ചിട്ടുണ്ട്.





രണ്ടു മാസംമുമ്പ് വരെയുള്ള കണക്കനുസരിച്ച് സ്റ്റാർട്ടപ് വില്ലേജ് കേന്ദ്രമാക്കി തുടങ്ങിയ കമ്പനികൾ 533 ആയിട്ടുണ്ട്. സംരംഭകരെ പ്രോത്സാഹിപ്പിക്കാനും പിന്തുണയ്ക്കാനുമായി നിരവധി സംരംഭങ്ങളാണ് സ്റ്റാർട്ടപ് വില്ലേജിൽ എത്തിക്കൊണ്ടിരിക്കുന്നത്. രാജ്യത്താദ്യമായി ബ്ലാക്ക് ബെറി ഇൻക്യുബേഷൻ സെന്റർ ആരംഭിച്ചതും ഒറക്കിൾ അക്കാദമിയും ഐബിഎമ്മും സേവനമാരംഭിച്ചതും സ്റ്റാർട്ട് അപ് വില്ലേജ് രാജ്യത്തു തന്നെ അതിനൂതന സംരംഭമെന്ന ഖ്യാതി നേടാനിടയാക്കി.

കേരളത്തിലെ നൂറ് എൻജിനീയറിംഗ് കോളജുകളിലെ മുപ്പതിനായിരത്തോളം വിദ്യാർത്ഥികൾക്കു അധ്യാപകർ വഴി ജാവ കമ്പ്യൂട്ടർ പ്രോഗ്രാമിംഗിൽ സൗജന്യപരിശീലനം നൽകാൻ ലോക പ്രശസ്ത ഐ.ടി. കമ്പനിയായ ഓറക്കിൾ ഇന്ത്യയും സ്റ്റാർട്ട്അപ് വില്ലേജും സഹകരിക്കുന്നുണ്ട്. പരിശീലനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സ്കൂളുകളെയും സംരംഭകത്വത്തിന്റെ കീഴിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്.

മാറുന്ന സാങ്കേതികവിദ്യകൾക്കൊപ്പം നിൽക്കുക എന്നത് സംരംഭക മനോഭാവം വളർത്തിയെടുക്കുന്നതിന് ഏറ്റവുമധികം വേണ്ടപ്പെട്ട ഘടകമാണ്. ആ ദൗത്യത്തിന് ഊർജം പകരുന്നതാണ് ഐബിഎമ്മുമായുള്ള ധാരണ. ഏറ്റവും മികച്ച സാങ്കേതികത വിദ്യാർഥികളിലെത്തിക്കാനും കൂടുതൽ നൂതനത്വത്തിലേക്കു നീങ്ങാനും അത് അവരെ സഹായിക്കും. ഐബിഎമ്മിന്റെ ആഗോള സംരംഭക പരിപാടി (ജി.ഇ.പി) യിലൂടെ സ്റ്റാർട്ടപ് വില്ലേജിലെ കമ്പനികൾക്ക് ഐബിഎം സോഫ്റ്റ്‌വെയർ സൗജന്യമായി ലഭിക്കും. അതിനു പുറമെ ലോക്കൽ നെറ്റ്‌വർക്കിംഗ്, മെന്റർഷിപ്പ് ഇവന്റുകൾ എന്നിവയ്ക്കും സഹായം ലഭിക്കും. സ്റ്റാർട്ടപ് വില്ലേജ് കമ്പനികൾക്ക് ഉത്പന്നങ്ങൾ വികസിപ്പിക്കാനും വേഗത്തിൽ വിപണനത്തിനും പരിപാടി സഹായിക്കും.

സ്വന്തം സംരംഭകർക്ക് സാമ്പത്തികസഹായമുൾപ്പെടെയുള്ള പോഷണനടപടികൾ ലഭ്യമാക്കുന്നതിന് വില്ലേജ് ഐസിഐസിഐ ബാങ്കുമായി കൈകോർക്കുന്നുണ്ട്. ആഗോളതലത്തിൽ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്ന 'അൺറീസണബിൾ അറ്റ് സീ' എന്ന കടൽയാത്രാ പരിപാടിയിലെ സംരംഭകരും ഉപദേഷ്ടാക്കളും കൊച്ചിയിലെ സ്റ്റാർട്ട് അപ്പ് വില്ലേജിലെത്തിയിരുന്നു.

തുടക്കത്തിലുണ്ടായിരുന്ന 5000 ചതുരശ്ര അടി സ്ഥലത്തിനു പുറമെ പതിനായിരം ചതുരശ്ര അടിയുടെ അധിക ഇൻകുബേഷൻ ഇടം കൂടി പിന്നീട് ഇവിടെ തയാറാക്കിയെടുത്തു. സ്റ്റാർട്ടപ് വില്ലേജിനെ പ്രോത്സാഹിപ്പിക്കുന്നതിന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി നേരിട്ടു തന്നെ ഇടപെടുന്നുണ്ട്. വ്യവസായ ഐടി മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടിയും ഇക്കാര്യത്തിൽ അതീവ തത്പരനാണ്. കിൻഫ്രാ പാർക്കിൽ വൈകാതെ ഒരു ലക്ഷം ചതുരശ്ര അടി സ്ഥലംകൂടി സർക്കാർ ലഭ്യമാക്കും. ഇതിന്റെ ആദ്യ ഘട്ടമായി 25,000 ചതുരശ്രയടി ഉടൻ സംരംഭകർക്ക് ലഭിക്കും.

മികച്ച വിദ്യാർഥികളെ സിലിക്കൺവാലിയിൽ അയക്കാമെന്ന മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പ്രഖ്യാപനം നടപ്പായതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. ഇതിൽ ആദ്യസംഘം തിരിച്ചെത്തി മന്ത്രിസഭായോഗത്തിൽ പങ്കെടുത്ത് തങ്ങളുടെ അനുഭവങ്ങൾ വിശദീകരിക്കുകയും ചെയ്തു.

സ്റ്റാർട്ട്അപ് വില്ലേജിന്റെ പ്രവർത്തനം മാതൃകയാക്കിയാണ് സർക്കാർ വിദ്യാർഥി സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചത്. 2012 സെപ്തംബറിൽ നടന്ന എമർജിംഗ് കേരളയിൽ മുഖ്യമന്ത്രി നടത്തിയ പ്രഖ്യാപനവും തുടർന്നു പുറത്തിറക്കിയ ഉത്തരവും ഇതിന്റെ ഭാഗമാണ്. സംസ്ഥാനത്തെ എൻജിനിയറിംഗ് കോളേജുകളിലെ വിദ്യാർഥി സംരംഭകർക്ക് 20 ശതമാനം ഹാജരും നാലു ശതമാനം മാർക്കും നൽകുന്നതാണ് ഉത്തരവ്. എല്ലാ വകുപ്പുകളുടെയും വാർഷിക ബജറ്റിൽ ഒരുശതമാനം സ്റ്റാർട്ടപ്പുകൾക്കായി മാറ്റിവയ്ക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

അഞ്ചു വർഷത്തെ പ്രോജക്ടായാണ് സറ്റാർട്ട് അപ് തുടങ്ങിയത്. അഞ്ചു വർഷത്തിനുള്ളിൽ 50 കമ്പനികൾ എന്നതായിരുന്നു ലക്ഷ്യം. മൂന്നു വർഷത്തിനുള്ളിൽ ഇത് 500 കവിഞ്ഞു. രണ്ടര കോടി രൂപ കേന്ദ്ര സർക്കാരിന്റെയും അത്രയുംതന്നെതുക സ്വകാര്യ സ്ഥാപനങ്ങളുടെയും നിക്ഷേപമായിട്ടായിരുന്നു തുടക്കം. ഇപ്പോൾതന്നെ സ്വകാര്യനിക്ഷേപം ആറു കോടിയിലെത്തിയിട്ടുണ്ട്.

പഠനത്തിനു ശേഷം സർക്കാർ ജോലിയ്ക്കോ ഗൾഫ് രാജ്യങ്ങളിലോ കേരളത്തിനു പുറത്ത് മറ്റിടങ്ങളിലോ ജോലി തേടിപോകുകയോ ചെയ്യുന്ന പ്രവണതയ്ക്ക് കടിഞ്ഞാണിടുന്ന സ്റ്റാർട്ട്അപ് വില്ലേജ് മാതൃക കേരള വികസനത്തിലും പുതിയ ചുവടുവയ്പ്പാണ്. സംരംഭകത്വവികസനവും നവ സംരംഭങ്ങളുമാണ് വരുംകാലത്ത് കേരളത്തിന്റെ പ്രതീക്ഷ. അതിലേക്കുള്ള ചവിട്ടുപടിയാണ് സ്റ്റാർട്ട് അപ് വില്ലേജ്. ഇതു മനസ്സിലാക്കിയാണ് ആന്ധ്രപ്രദേശ് സർക്കാർ ഈ മാതൃക അവിടേക്ക് പകർത്തിയത്. മധ്യപ്രദേശ്, ഛത്തിസ്ഗഢ് സംസ്ഥാനങ്ങൾ അതിനു പ്രാരംഭപ്രവർത്തനങ്ങൾക്കു തുടക്കമിട്ടതും. കേന്ദ്ര മന്ത്രിമാരായ രവിശങ്കർ പ്രസാദും കൽരാജ് മിശ്രയും സ്റ്റാർട്ടപ് വില്ലേജിന്റെ പ്രവർത്തനങ്ങളിൽ താത്പര്യം പ്രകടിപ്പിക്കുകയും തുറന്ന് അഭിനന്ദിക്കുകയും ചെയ്തു. അടുത്തിടെ സന്ദർശനം നടത്തിയ അമേരിക്കൻ അംബാസഡർ റിച്ചാർഡ് വർമയും പദ്ധതിയിൽ ആകൃഷ്ടനായി കലവറയില്ലാത്ത സഹകരണം വാഗ്ദാനം ചെയ്തത് ഈ മാതൃക ആഗോളശ്രദ്ധ ആകർഷിച്ചുവെന്ന് വ്യക്തമാക്കുന്നു.

■ ഡോ. അഷറഫ്

# സാന്ത്വനവലയം തീർത്ത് സാമൂഹ്യ സുരക്ഷാ മിഷൻ

സമൂഹത്തിന്റെ സുരക്ഷക്ക് കവചമൊരുക്കുകയാണ് സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ ലക്ഷ്യം. സമൂഹത്തിന്റെ അടിസ്ഥാനഘടകമാണ് കുടുംബം. കുടുംബത്തിന്റെ ഭദ്രത സമൂഹത്തിന്റെ നിലനിൽപിന് അത്യാവശ്യമാണ്. ദാരിദ്ര്യം, ഗുരുതര രോഗങ്ങളാലുള്ള ഒറ്റപ്പെടലുകൾ എന്നിവ പലപ്പോഴും നേരിടേണ്ടി വരുന്ന വെല്ലുവിളികളാണ്. ഇത്തരം വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾക്ക് ചുറ്റും സുരക്ഷിത വലയം തീർക്കേണ്ടത് സമൂഹത്തിന്റെയും സർക്കാറിന്റെയും കടമയാണ്. അല്ലെങ്കിൽ ആത്മഹത്യ, മദ്യാസക്തി, കുറ്റകൃത്യങ്ങൾ, വിവാഹമോചനം മുതലായ സാമൂഹികവിപത്തുകൾക്കിടയാകും. അവ കുടുംബത്തിന്റെ മാത്രമല്ല സമൂഹത്തിന്റെതന്നെ കെട്ടുറപ്പിനെ ബാധിക്കും. ഈ ഒരു തിരിച്ചറിവാണ് സാമൂഹ്യ സുരക്ഷാ മിഷന്റെ രൂപവത്കരണത്തിന് പ്രേരകമായത്.

സാമൂഹ്യ സുരക്ഷാ മിഷൻ നിലവിൽ 15 സാമൂഹ്യസുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കുട്ടികളിലുണ്ടാകുന്ന അർബുദ രോഗങ്ങളിൽ ഭൂരിഭാഗവും ശരിയായ ചികിത്സ നൽകിയാൽ പൂർണ്ണമായും ഭേദമാക്കാവുന്നവയാണ്.

18 വയസ്സിന് താഴെയുള്ള അർബുദ ബാധിതരായ കുട്ടികൾക്ക് ദാരിദ്ര്യരേഖ പരിഗണിക്കാതെ സൗജന്യ ചികിത്സ ഉറപ്പാക്കുന്ന പദ്ധതിയായ ക്യാൻസർ സുരക്ഷാ പദ്ധതിയിൽ നാളിതുവരെയായി 4000-ത്തോളം കുട്ടികൾക്ക് ജീവൻ തിരിച്ച് നൽകാൻ കഴിഞ്ഞിട്ടുണ്ട്.

കേൾവിയും സംസാരശേഷിയുമില്ലാത്ത കുട്ടികളെ ആശയവിനിമയത്തിന്റെ സുന്ദരമായ ലോകത്തിലേക്കും അതുവഴി ജീവിതവിജയത്തിലേയ്ക്കും നയിക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം.

നാളിതുവരെ 470 കുട്ടികൾക്ക് അഞ്ച് ലക്ഷം രൂപ വിലയുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി ശ്രുതിതരംഗം പദ്ധതിയിലൂടെ സൗജന്യമായി നിർവഹിക്കാൻ സുരക്ഷാമിഷന് കഴിഞ്ഞിട്ടുണ്ട്.

18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ജന്മനായുള്ള ഹൃദയ വൈകല്യം പോലുള്ള മാരകരോഗങ്ങൾക്കുള്ള സൗജന്യ ചികിത്സ ഉറപ്പാക്കുന്ന പദ്ധതിയാണ് താലോലം. നാളിതുവരെയായി 10,000ത്തോളം കുട്ടികൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്.

മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ളവരെ പരിചരിക്കുന്ന കുടുംബങ്ങൾക്ക് പ്രോത്സാഹനമെന്ന നിലയിൽ മാസാന്ത ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം.

പലവിധ ചൂഷണങ്ങൾക്ക് വിധേയമായി അവിവാഹിത അവസ്ഥയിൽ അമ്മമാരായി ഒറ്റപ്പെട്ട് ജീവിക്കുന്ന സ്ത്രീകൾക്ക് മാസാന്ത്യ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സ്നേഹസ്പർശം.

മൊബൈൽ ക്ലിനിക്കുകളിലൂടെ മുതിർന്ന പൗരൻമാർക്ക് സൗജന്യ വൈദ്യപരിശോധനയും സൗജന്യ മരുന്നും ഉറപ്പാക്കുന്ന പദ്ധതിയാണ് വയോമിത്രം. നിലവിൽ 32 നഗരപ്രദേശങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള ഈ പദ്ധതി ഈ സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടു കൂടി കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളിലേക്കും വ്യാപിപ്പിക്കാൻ മിഷൻ തീരുമാനിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശ്വാസമായി മാസാന്ത ധനസഹായംഅനുവദിക്കുന്ന പദ്ധതിയായ സ്നേഹസാന്ത്വനത്തിൽ നിലവിൽ 4600 പേർക്ക് പ്രതിമാസം 1200 രൂപ മുതൽ 2200 രൂപ വരെ ധനസഹായം അനുവദിച്ചു വരുന്നു.

ഡയാലിസിസിന് വിധേയരാവുന്ന വൃക്ക രോഗികൾ, കരൾ/വൃക്ക മാറ്റി വയ്ക്കപ്പെട്ട ഹീമോഫീലിയ ബാധിച്ചവർ എന്നിവർക്കായി മാസാന്തധനസഹായം നൽകുന്ന പദ്ധതിയാണ് സമാശ്വാസം.

മാതാപിതാക്കളിലാരെങ്കിലും നഷ്ടപ്പെട്ട അനാഥ ബാല്യങ്ങൾക്ക് വീടിന്റെ പരിരക്ഷയും അവശേഷിക്കുന്ന രക്ഷിതാവിന്റെയും ബന്ധുഭവനങ്ങളുടെയും പരിലാളനയുംഉറപ്പാക്കുകയും വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകി അവരെ സ്വയം പര്യാപ്തതയിലേക്ക് നയിക്കാൻ ലക്ഷ്യംവെക്കുകയും ചെയ്യുന്ന പദ്ധതിയാണ് സ്നേഹപൂർവം. നിലവിൽ 50,000ൽ പരം കുട്ടികൾക്ക് ഈ സ്കീമിന് കീഴിൽ വിദ്യാഭ്യാസ സഹായം ലഭിക്കുന്നു.

അംഗവൈകല്യമുള്ളവർക്ക് വൈകല്യ നിർണയ സർട്ടിഫിക്കറ്റും ഐഡന്റിറ്റി കാർഡും സംഘടിത മെഡിക്കൽ ക്യാമ്പുകളിലൂടെ നൽകുന്ന പദ്ധതിയും മിഷൻ നടപ്പിലാക്കുന്നു.

സാമൂഹ്യസുരക്ഷാരംഗത്തെ ആവശ്യങ്ങൾ സർക്കാർ ഫണ്ടു കൊണ്ടുമാത്രം നിറവേറ്റാൻ കഴിയുന്നതിനപ്പുറമാണ്. കിടപ്പിലായവർ, മുതിർന്ന പൗരർ, മറവിരോഗം എന്നിങ്ങനെ പരിചരണം ആവശ്യപ്പെടുന്ന പതിനായിരങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട്. സാമൂഹ്യ സുരക്ഷയ്ക്ക് പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടി ധനസമാഹരണവും, സന്നദ്ധ സേവനത്തിലൂടെ മനുഷ്യവിഭവ സമാഹരണവും ലക്ഷ്യം വച്ച് മിഷൻ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് വി-കെയർ. വി-കെയറിലൂടെ സാമൂഹ്യ സുരക്ഷാ രംഗത്ത് പുതിയൊരു അദ്ധ്യായമാണ് മിഷൻ ലക്ഷ്യമിടുന്നത്.

*(സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറാണ് ലേഖകൻ)*



**ശ്രുതിതരംഗം പദ്ധതിയിൽ ബിയാൻക എന്ന കുട്ടിക്ക് ധനസഹായം നൽകുന്നു**

കാനന സംഗമം

# വനാശ്രിത സമൂഹത്തിന്റെ ശാക്തീകരണം

ഏപ്രിൽ പതിനേഴ് മുതൽ ഇരുപത്തിരണ്ട് വരെ തിരുവനന്തപുരം കനകകുന്ന് അങ്കണത്തിൽ കേരള വനം വകുപ്പ് സംഘടിപ്പിച്ച കാനനസംഗമം സംരഭത്തിന്റെ നൂതന സ്വഭാവം കൊണ്ടും ഉദ്ദേശ്യ ലക്ഷ്യങ്ങളുടെ ആത്മാർഥത കൊണ്ടും വേറിട്ട ഒരു അനുഭവമായിരുന്നു. ആദിവാസി സമൂഹത്തിലെ തന്നെ ഏറ്റവും പിന്നാക്കാവസ്ഥ അനുഭവിക്കുന്ന വനാശ്രിത സമൂഹത്തിന്റെ ശാക്തീകരണമായിരുന്നുകാനന സംഗമത്തിന്റെ അടിസ്ഥാന ലക്ഷ്യം. ആദിവാസി സമൂഹത്തിന്റെ ക്ഷേമത്തിനായി സംഘടിപ്പിക്കുന്ന നടപ്പു പദ്ധതികളിൽ നിന്നും വ്യത്യസ്തമായി വനാശ്രിത സമൂഹത്തിന്റെ അറിവും സംസ്കാരവും മറ്റ് സമൂഹങ്ങൾക്ക് പരിചയപ്പെടുത്തി അവയുടെ ആഴവും മൂല്യവും ബോധ്യമാക്കുന്ന വൈവിധ്യമാർന്ന പരിപാടികളാണ് കാനനസംഗമത്തിൽ അവതരിപ്പിച്ചത്. നമ്മുടെ ഭൂമിയും വിശിഷ്യ കേരളീയ സമൂഹവും നേരിടുന്ന ആഗോള താപനം, കാലാവസ്ഥാ വ്യതിയാനം ജീവിത ശൈലീ രോഗങ്ങൾ തുടങ്ങിയ വിശേഷമായ പ്രശ്നങ്ങളെ നേരിടുന്നതിന്. നാം ഇവരിൽ നിന്ന് ഉൾക്കൊള്ളേണ്ട പാഠങ്ങളെക്കുറിച്ച് പൊതുസമൂഹത്തെ ബോധവൽക്കരിക്കാനും കാനനസംഗമം ഉപയുക്തമായി.

വനങ്ങളുടെ ജൈവവൈവിധ്യം, പാരിസ്ഥിതിക മൂല്യം, വനങ്ങളിൽ ജീവിക്കുന്ന ആദിവാസികളുടെ സാംസ്കാരികത്തനിമ എന്നിവ പ്രകടമാക്കുന്ന പ്രദർശനങ്ങൾ, വിപണനമേള,കലാസന്ധ്യ,ചർച്ചകളും സംവാദങ്ങളും, കായികപ്രദർശനം, ഘോഷയാത്ര എന്നീ വിഭാഗങ്ങളായാണ് കാനനസംഗമം ഒരുക്കിയത്. ഏതാണ്ട് നാലായിരം വനാശ്രിതരെ ഒരാഴ്ചക്കാലം തിരുവന്തപുരത്ത് താമസിപ്പിച്ച് കാനനസംഗമത്തിൽ പങ്കെടുപ്പിച്ചു. തമിഴ്നാട്, കർണാടകം, തെലുങ്കാന, മഹാരാഷ്ട്ര, ഗുജറാത്ത്, ചത്തീസ്ഗഡ്, ജാർഖണ്ഡ്, ഉത്തരാഖണ്ഡ്, പശ്ചിമബംഗാൾ, സിക്കിം മണിപ്പൂർ,ഒറീസ എന്നീ സംസ്ഥാനങ്ങളിൽ നിന്നും ഇരുന്നൂറോളം പ്രതിനിധികൾ കൂടി പങ്കെടുത്ത മേള ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യ സംരഭമായി മാറി.

കാനന സംഗമത്തിൽ ഏറ്റവും ശ്രദ്ധ ആകർഷിച്ച വിഭാഗമായിരുന്നു നാട്ടറിവുകൾ കേന്ദ്രീകരിച്ച് ഒരുക്കിയപരമ്പരാഗ ഗോത്ര വൈവിദ്യം. കണ്ണൂർ, പാലക്കാട്, വയനാട് പ്രദേശങ്ങളിൽ നിന്നെത്തിയ ഇരുപത്തഞ്ചോളം ചികിത്സകർ പരമ്പരാഗത ശൈലിയിൽ നിർമിച്ച ആദിവാസി ഗ്രാമത്തിലിരുന്ന് നാട്ടറിവുകളും പച്ചമരുന്ന് ചികിത്സാ രീതികളും വിശദീകരിച്ചു.ഈവൈദ്യൻമാരുടെ മേൽവിലാസം ലഭിക്കുന്നതിനായി സന്ദർശകരുടെ വലിയതിരക്കാണ് ദൃശ്യമായത്. കരകൗശലവിഭാഗത്തിൽ മുള, ഈറ്റ, മരക്കുറ്റികൾ എന്നിവയിൽ നിർമിച്ച വിവിധ വസ്തുക്കൾക്ക് ഒട്ടേറെ ആവശ്യക്കാരുണ്ടായി. ഇവർ നിർമിച്ച വസ്തുക്കൾ ഏതാണ്ട് മുഴുവനും തന്നെ വിറ്റഴിഞ്ഞു.



**കാനന സംഗമത്തിൽ ആദിവാസികൾക്കൊപ്പം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണനും**

വനത്തിൽ നിന്നും ശേഖരിച്ച് മൂല്യവർധന നടത്തി വനശ്രീ ബ്രാന്റിൽ മേളയ്ക്കെത്തിയ അമൂല്യ വിഭവങ്ങൾ വാങ്ങുവാൻ വലിയ തിരക്കനുഭവപ്പെട്ടു.പതിനാറു ലക്ഷത്തോളം രൂപയുടെ കാട്ടുതേൻ ആറുദിവസം കൊണ്ട് വിറ്റഴിഞ്ഞു. ആദിവാസി ഊരുകളിൽ നിന്നും ശേഖരിച്ച കുരുമുളക് ഏലം കസ്തൂരിമഞ്ഞൾ കുടംപുളി, ഇഞ്ച കുന്തിരിക്കം പുൽത്തൈലം മറയൂർ ശർക്കര ചന്ദനതൈലം വയനാട്ടിൽ വനാന്തരങ്ങളിൽ കൃഷി ചെയ്തുൽപ്പാദിപ്പിക്കുന്ന ജീരകശാല ഗന്ധകശാല ഇനം അരികൾ തുടങ്ങിയവ വാങ്ങാൻ ആയിരങ്ങളാണ് വനശ്രീ സ്റ്റാളുകളിൽ എത്തിയത്.

ആദിവാസികളുടെ സാംസ്കാരിക വൈവിധ്യവും കലാപാരമ്പര്യവും പ്രകടമാക്കുന്ന സംഗീത-നൃത്ത പരിപാടികൾ മേളയുടെ ഭാഗമായി അവതരിപ്പിക്കപ്പെട്ടു. പ്രശസ്തർ അവതരിപ്പിച്ച വമ്പൻ പരിപാടികൾക്ക് സമാന്തരമായി വ്യത്യസ്ത വേദികളിൽ അവതരിപ്പിക്കുകവഴി, തദ്ദേശീയ കലാരൂപങ്ങൾക്ക് പ്രൊഫഷണൽ മാനവും കലാകാരൻമാർക്ക് വലിയ ആത്മ വിശ്വാസവും പ്രചോദനവുമാണ് പകർന്നു നൽകിയത്.

■ രാജേഷ് സി.



# ജനസമ്പർക്കം: ചട്ടങ്ങളിൽ ഭേദഗതി വരുത്തും

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ജനസമ്പർക്ക പരിപാടി അഞ്ച് ജില്ലകൾ കഴിഞ്ഞപ്പോൾ പരിഹരിച്ചത് പതിനായിരക്കണക്കിന് പരാതികൾ. ആലംബഹീനരുടെയും അവശരുടെയും കണ്ണീരൊപ്പി ജനനായകൻ മുന്നോട്ട്.

സാധാരണക്കാരുടെ പ്രശ്നങ്ങളിൽ തീർപ്പുണ്ടാക്കാൻ തടസ്സം നിൽക്കുന്നതിന് സർക്കാറിനെയോ ഉദ്യോഗസ്ഥൻമാരെയോ കുറ്റം പറയാൻ കഴിയില്ല. നിലവിലുള്ള ചട്ടങ്ങളാണ് പ്രധാന തടസ്സം. സഹായം ചെയ്യണമെന്ന് ആത്മാർഥമായി ആഗ്രഹിച്ചാലും നിലവിലുള്ള ചട്ടങ്ങൾ അതിന് തടസ്സമായി നിൽക്കുന്നു.

അതിനാൽ അത്തരം ചട്ടങ്ങൾ ഭേദഗതി ചെയ്ത് പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്തുകൊടുക്കുമെന്ന് ജനസമ്പർക്ക വേദിയിൽ മുഖ്യമന്ത്രി ആവർത്തിച്ച് വ്യക്തമാക്കി. പല പ്രധാന കാര്യങ്ങളാലും വ്യത്യസ്തമാകുകയാണ് ജനസമ്പർക്ക പരിപാടിയുടെ മൂന്നാം ഘട്ടം. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ നേരിട്ട് വേദിയിൽ ഹാജരാകേണ്ടതില്ല എന്നതാണ് ഒരു പ്രധാന വശം. അതിനുപകരം ബന്ധപ്പെട്ട അധികാരികൾ അവരുടെ വീടുകൾ സന്ദർശിച്ച് അടിയന്തര സഹായം വിതരണം ചെയ്യും. രണ്ടാമതായി തദ്ദേശഭരണ വകുപ്പുമായും ജനപ്രതിനിധികളുമായും, സർക്കാർ ജനസമ്പർക്ക പരിപാടിക്ക് മുൻപ് കൂടിയാലോചന നടത്തും. ഇതിലൂടെ ഒട്ടനവധി പ്രശ്നങ്ങൾ വളരെ വേഗത്തിൽ തീർപ്പുണ്ടാക്കാൻ കഴിയുന്നു.

## സുമയ്യക്ക് കരുതൽ തുണയായി

കൊല്ലം തഴവ കോച്ചാപള്ളി എസ്.ആർ.പി. മാർക്കറ്റിൽ ഷാജഹാന്റെയും ഷൈലയുടെയും മകൾ 14 കാരിയായ സുമയ്യക്ക് മുഖ്യമന്ത്രിയുടെ കൈത്താങ്ങ്. ഒരു ലക്ഷം രൂപയാണ് സുമയ്യക്ക് ചികിത്സയ്ക്കായി അനുവദിച്ചത്. മൂന്നാംഘട്ട ജനസമ്പർക്കപരിപാടിയിലൂടെ ദുരിതങ്ങൾക്ക് പരിഹാരം കാണാനായ പതിനായിരങ്ങളിൽ ഒരാൾ മാത്രമാണ് സുമയ്യ.

നാലു വർഷമായി കിഡ്നി രോഗബാധിതയാണ് സുമയ്യ. ആലപ്പുഴ മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്ന സുമയ്യ ആറാം ക്ലാസ് വിദ്യാർഥിയാണ്.

മുഖ്യമന്ത്രിയുടെ ധനസഹായം ആശ്വാസമേകിയെന്ന് ഷൈല പറഞ്ഞു. മാനസിക രോഗിയായ ഭർത്താവ് ഷാജഹാൻ നട്ടെല്ലിന് അസുഖം ബാധിച്ച് കിടപ്പിലാണ്. മറ്റ് ജോലികൾക്കൊന്നും പോകാൻ കഴിയാത്തതിനാൽ ഷൈല അടുത്തുള്ള ഔഷധിമെഡിക്കൽ സ്റ്റോറിൽ ജോലി നോക്കുകയാണ്. ഇവരുടെ മൂത്ത മകൾ ജാസ്മിൻ പത്താംക്ലാസിൽ പഠിക്കുന്നു. ഇളയ മകളായ സുമയ്യയുടെ ചികിത്സാ ചെലവും ഭർത്താവിന്റെ അസുഖവും തന്നെ സങ്കടക്കടലിൽ ആഴ്ത്തിയെങ്കിലും മുഖ്യമന്ത്രി അനുവദിച്ച ഒരു ലക്ഷം രൂപ ആശ്വാസത്തിന് വകയൊരുക്കിയെന്ന് നിറകണ്ണുകളോടെ ഷൈല പറഞ്ഞു.

